*ആശംസകൾ.....*



ഗോത്രജനതയ്ക്ക് ഗണ്യമായ പ്രാതിനിധ്യമുള്ള വയനാട് ജില്ലയിൽ വിദ്യാഭ്യാസ രംഗത്ത് വൈവിധ്യമാർന്ന ഒട്ടനവധി പ്രവർത്തന പരിപാടികൾ ജില്ലാ പഞ്ചായത്തും, വിദ്യാഭ്യാസ വകുപ്പും ചേർന്ന് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. വിദ്യാലയ പ്രവേശനം സമ്പൂർണമാക്കുന്നതിനും, കൊഴിഞ്ഞുപോക്ക് തടയുന്ന തിനും, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമായി 'തുടക്ക വും തുടർച്ചയും', 'തുടർച്ചയും തിളക്കവും', 'തികവും മികവും' പദ്ധതി കൾ നടപ്പിലാക്കപ്പെട്ടതോടെ ഗുണപരമായ ഒട്ടനവധി മാറ്റങ്ങൾ കൈവരിക്കുന്നതിന് സാധിതമായിരിക്കുന്നു. ഗോത്രവിഭാഗം വിദ്യാർ ത്ഥികളുടെ വിദ്യാലയപ്രവേശനത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിരിക്കുന്നു. കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറയ്ക്കാൻ സാധിച്ചിരിക്കുന്നു. ഗോത്രജന തയുടെ വിദ്യാഭ്യാസ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളിൽ ഗോത്രഭാഷയുടെ സാധ്യതകൾ വിദ്യാലയ ങ്ങളിൽ പരിചയപ്പെടുത്തേണ്ടത് അനിവാര്യമായിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. തികച്ചും അന്യമായ ഭാഷയിൽ ഗോത്രവിഭാഗം വിദ്യാർത്ഥികൾ ക്ലാസ്സ്മുറികളിൽ പഠനം നടത്താൻ നിർബന്ധിക്ക പ്പെടുന്ന സാഹചര്യത്തിൽ മാറ്റം വരുത്താൻ അധ്യാപകർക്ക് ഗോത്രഭാഷാ പരിചയം അവശ്യം വേണ്ടതുണ്ട്. ഇത്തരം സാഹചര്യ ങ്ങൾ ഒരുങ്ങുമ്പോൾ വിദ്യാർത്ഥികളുടെ പഠനതാൽപര്യം വർദ്ധിക്കു മെന്നും തെളിഞ്ഞിട്ടുണ്ട്. ഈ തിരിച്ചറിവിൽ നിന്നാണ് ഗോത്രഭാഷാ പരിചയത്തിനായി ഡയറ്റിന്റെ സഹകരണത്തോടെ 'നായം' എന്ന ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. ഗോത്രജനതയുടെ മനസ്സറിയാൻ, പ്രശ്നങ്ങളറിയാൻ, ഗോത്രസംസ്കൃതിയറിയാൻ, ഒറ്റപ്പെടലുകളില്ലാ താക്കാൻ, വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കാൻ 'നായം' പ്രയോജനപ്പെടുത്തുന്നതിലാണ് 'ഗോത്രവെളിച്ചം' ആവിഷ്ക്കരിച്ച ഈ കർമ്മപരിപാടി സാർത്ഥകമാകുന്നത്. ഈ സദുദ്യമത്തിന് നിറഞ്ഞ മനസ്സോടെ ആശംസകൾ നേരുന്നു.



**എൻ. ഐ. തങ്കമണി**
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട് ജില്ല.

**ജില്ലാ പഞ്ചായത്ത്, വയനാട്**

# നായം

**ഡയറ്റ് വയനാട്,**
**സുൽത്താൻബത്തേരി**

# നായം

**ചീഫ് എഡിറ്റർ**

പി. അബ്ദുൾ റസാഖ്
(പ്രിൻസിപ്പാൾ)

**എഡിറ്റർ**

കെ. കെ. സുരേന്ദ്രൻ

**കവർ**

രാജീവൻ എൻ. ടി.

ഡയറ്റ് വയനാട്
Web : www.dietwayanat.org
e-mail : dietwayanad@gmail.com

## ആശംസകൾ.....



വയനാട് ജില്ലയിലെ ജനസംഖ്യയിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ആദിവാസി ജനത. ആദിവാസി മേഖലയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തുന്നതിനാണ് വിദ്യാഭ്യാസ മേഖലയിൽ 'തുടക്കവും തുടർച്ചയും', 'തുടർച്ചയും തിളക്കവും', 'തികവും മികവും' പദ്ധതികൾ വയനാട് ജില്ലാ പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായ 'ഗോത്രവെളിച്ചം പദ്ധതി' ആദിവാസി ജനതയുടെ ഭാഷാ പ്രയോഗ രീതികൾ അധ്യാപക സമൂഹത്തിന് പരിചയപ്പെടുത്തുന്നത് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്നായി എടുത്തു പറയേണ്ടതുണ്ട്. ഗോത്രജനതയുടെ സംസാരഭാഷയും, വിദ്യാലയങ്ങളിൽ അവരുടെ പഠനഭാഷയും തമ്മിൽ ഏറെ വ്യത്യാസങ്ങൾ നിലനിൽക്കുന്നുവെന്ന സത്യം നാം തിരിച്ചറിയേണ്ടതുണ്ട്. ഭാഷാപ്രയോഗത്തിലെ ഈ വിടവ് പരിഹരിക്കാൻ സാധിക്കുമ്പോഴാണ് ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങൾ കൂടുതൽ ആകർഷകമാകുന്നത്. ഇത് ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുന്നതിനും, ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സഹായിക്കുമെന്നത് നിസ്തർക്കമാണ്. അതുകൊണ്ട്തന്നെ 'നായം' എന്ന ഈ ഗ്രന്ഥം തയ്യാറാക്കി അധ്യാപകർക്ക് പരിചയപ്പെടുത്തുന്ന ഈ സദുദ്യമത്തിന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**കെ. എൽ. പൗലോസ്**
പ്രസിഡണ്ട്,വയനാട് ജില്ലാ പഞ്ചായത്ത്

## ഉള്ളടക്കം


1. ആദിവാസി ജീവിതവും സംസ്കാരവും 5
2. പണിയർ ഭാഷയും സാഹിത്യവും 11
3. പണിയർ ജീവിതവും സംസ്കാരവും 49
4. പണിയരുടെ സംസ്കാര മുദ്രകൾ 58
5. കലാരൂപങ്ങൾ 70
6. ആദിവാസി സൗഹൃദ വിദ്യാലയം 78
7. ആദിവാസി കുട്ടികളുടെ അവകാശങ്ങൾ 95


## ആമുഖം

കുടിയേറ്റത്തിന്മുമ്പ് വയനാട് ആദിവാസികളുടേതു മാത്രമായിരുന്നു. കുടിയേറ്റത്തിന്ന് തദ്ദേശജനത ഒരു തരത്തിലും തടസ്സം നിന്നില്ലെന്നു മാത്രമല്ല അവരുടെ സാമ്പത്തിക വളർച്ചയിൽ നിർണായകപങ്ക് വഹിക്കുക കൂടി ചെയ്തു. ഇതിനിടയിൽ അവർക്ക് അവരുടെ ഭൂമിയും സ്വാഭാവിക ആവാസവ്യവസ്ഥയും നഷ്ടമാകുക കൂടി ചെയ്തു.

കുടിയേറ്റക്കാരുടെ ഭാഷയും സംസ്കാരവും വേരുറച്ചപ്പോൾ ആദിവാസിസംസ്കാരം പ്രാന്തവത്കരിക്കപ്പെട്ടു. അവരുടെ ആശ്രയമായിരുന്ന കാടും ശുഷ്കിച്ചതോടെ ആദിവാസികൾ വല്ലാത്തൊരു വിഷമ സന്ധിയിലായി. മുഖ്യധാരയിലേക്ക്വരികയല്ലാതെ അവർക്കിനിമാർഗമില്ലെന്ന അവസ്ഥയായി. ആദിവാസി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരേണ്ടത് മറ്റ് വിഭാഗങ്ങളുടെ ധാർമികമായ കടമയാണ് സമുദായങ്ങൾ പുരോഗമിക്കുന്നതിന് അവരിൽ നിന്നുതന്നെ പരിഷ്കർത്താക്കൾ ഉണ്ടായിവരണം. അതിന് വിദ്യാഭ്യാസം അനിവാര്യമാണ്.

എന്തുകൊണ്ട് ആദിവാസികുട്ടികൾ സ്കൂളിൽ വരാൻമടിക്കുന്നു ? വന്നാലും എന്തുകൊണ്ട് സ്ഥിരമായി വരുന്നതിൽ വീഴ്ചവരുത്തുന്നു.? എന്തുകൊണ്ട് വ്യാപകമായി കൊഴിഞ്ഞുപോകുന്നു? ഈ പ്രശ്നങ്ങൾക്കെന്താണ് പരിഹാരം ? വയനാട്ടിലെ വിദ്യാഭ്യാസപ്രവർത്തകരെ അലട്ടുന്നതും ഉത്തരം കണ്ടെത്താൻ പ്രയാസമുള്ളതുമായ ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യാനുള്ള എളിയ ശ്രമത്തിന് വയനാട് ഡയറ്റും ജില്ലാ പഞ്ചായത്തുമായി ചേർന്ന് തുടക്കം കുറിക്കുന്നു.

ആദിവാസി ജീവിതത്തെ അറിയാതെ, അവരുടെ ഭാഷയും സംസ്കാരവും മനസ്സിലാകാതെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയില്ല. 2008ൽ ഇത്തരമൊരു ശ്രമത്തിന്റെ ഭാഗമായി വയനാട് ഡയറ്റ് പുറത്തിക്കയ 'നായം' കൈപ്പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് സന്തോഷപുരസ്സരം ജില്ലയിലെ അധ്യാപക സമുഹത്തിനു മുന്നിൽ സമർപ്പിക്കുന്നു.

**പ്രിൻസിപ്പാൾ**
ഡയറ്റ്, വയനാട്

ഓരോ വിഭാഗത്തിനും സ്വന്തമായി ഭാഷയുണ്ട്. ഈ ഭാഷയിലൂടെ പിറവികൊണ്ട പാട്ടിനും കഥയ്ക്കുമൊക്കെ അതിന്റേതായ ചാരുതയുണ്ട്. ഭാഷാ സാഹിത്യ ചരിത്രകാരന്മാരുടെ സജീവശ്രദ്ധ ഈ വാമൊഴി വഴക്കത്തിൽ പതിയേണ്ടതായുണ്ട്.

### പ്രകടന കലകൾ:–

ഓരോ ഗോത്രത്തിനും വൈവിധ്യമാർന്ന കലകളുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് പ്രകടന കലകൾ. മറ്റു സമുദായങ്ങളിൽ നിന്ന് വ്യത്യസ്തമായി ആദിവാസികളുടെ പ്രകടന കലകൾ കുറേക്കൂടി പ്രാക്തനവും ജൈവവും അനുഷ്ഠാനപരവുമാണ്. പ്രാചീനമനുഷ്യന്റെ താളബോധവും സൗന്ദര്യ ബോധവും പുതിയ കാലത്തെ ആദിവാസി കലാരൂപത്തെ പോലും നിർണ്ണയിക്കുന്നുണ്ട്. കല ആദിവാസികൾക്ക് ജീവിതം തന്നെയാണ്. ഇവ അവതരിപ്പിക്കുന്നതും കാണുന്നതുമെല്ലാം കൂട്ടായ ജീവിതത്തിന്റെ ഭാഗമാണ്. പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ ആത്മബന്ധത്തിന്റെ പൊലിമയാണ് ആദിവാസി കലാരൂപങ്ങളുടെയെല്ലാം അന്തർധാര.

നിത്യജീവിതത്തിന്റെ ചൂടും ചൂരും ഉൾക്കൊള്ളുമ്പോൾ തന്നെ തങ്ങൾ കടന്നു വന്ന വഴികളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് പല പ്രകടന കലകളും. ഭൗതീകവും ആത്മീയവുമായ സ്വാസർഥ്യം നേടാൻ ഈ കലാപാരമ്പര്യത്തെ അവർ മുറുകെ പിടിക്കുന്നു.

പ്രകൃതി പ്രതിഭാസങ്ങളും പ്രപഞ്ച സത്യങ്ങളും മനുഷ്യ ജീവിതത്തിലുണ്ടാക്കുന്ന പ്രതികരണങ്ങളാണ്. വിശ്വാസങ്ങളുടേയും പുരാവൃത്തങ്ങളുടേയും അടിസ്ഥാനമായ ഇവയാണ് പിന്നീട് ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി മാറിയത്. ജീവിത സാഹചര്യങ്ങൾ നൽകിയ ആശങ്കകളേയും ദുരിതങ്ങളേയും അതിജീവിക്കാനുള്ള ത്വരയുടെ പ്രത്യക്ഷീകരണങ്ങളാണ് ആദിവാസികലകൾ.

### ഭൗതിക സംസ്കാരം:–

സമൂഹ ജീവിതത്തിന്റെ ഭാഗമായി എല്ലാ കൂട്ടായ്മയിലും അവരുടെ ബുദ്ധിയുടെയും സൗന്ദര്യബോധത്തിന്റെയും





അധ്യായം ഒന്ന്

## ആദിവാസി ജീവിതവും സംസ്കാരവും

ആചാരത്തിലും അനുഷ്ഠാനത്തിലും പെരുമാറ്റരീതിയിലും ലോകവീക്ഷണത്തിലുമെല്ലാം തനതായ ജീവിതമുദ്ര പ്രകടമാക്കുന്ന മനുഷ്യ വിഭാഗമാണ് ആദിവാസികൾ. സവിശേഷവും സമ്പന്നവുമായ സാംസ്കാരിക ജീവിതം അവർ കാലങ്ങൾകൊണ്ട് രൂപപ്പെടുത്തിയതാണ്. ഓരോ ആദിവാസി വിഭാഗത്തിന്റെയും സംസ്കാരം ഇതര വിഭാഗത്തിൽനിന്നും വ്യത്യസ്തമാണ്. പല കാരണങ്ങൾകൊണ്ടും പൊതു സമൂഹത്തിൽ നിന്ന് ഇവർ അകന്നു കഴിയുന്നു. പ്രാകൃതരും അപരിഷ്കൃതരുമായി ഇവരെ നോക്കിക്കാണാനുള്ള ശ്രമങ്ങൾ മിക്കപ്പോഴും വസ്തുതാ വിരുദ്ധവും മനുഷ്യത്വ വിരുദ്ധവുമാണ്. ആദിവാസിയെ പുറമെ നിന്ന് നോക്കിക്കാണാനാണ് എല്ലാവരും ശ്രമിച്ചത്. ആദിവാസി ജീവിതത്തെ അവരുടെ കണ്ണിലൂടെ കാണാനുള്ള ശ്രമമുണ്ടാകുമ്പോഴേ അവരോട് നീതി പുലർത്താൻ കഴിയുകയുള്ളൂ. ആദിവാസിയുടെ തനിമയും പഴമയും തെളിമയോടെ നോക്കിക്കാണാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

### ആദിവാസി നിർവചനം

പല തലങ്ങളിൽനിന്നും ആദിവാസികളെ നിർവചിക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. ഇവരുടെ ജീവിതവും സംസ്കാരവും ഉൾക്കൊള്ളാൻ ഒരു പരിധിവരെ ഈ നിർവ്വചനങ്ങൾ സഹായകങ്ങളാണ്. ഇന്തോ യൂറോപ്യൻ സ്ഥാപനങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിച്ച Tribus എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് ആദിവാസികളെ പരാമർശിക്കുന്ന Trib എന്ന ഇംഗ്ലീഷ് വാക്ക് രൂപം കൊണ്ടത്. സംഘടിതമായ ഒരു സമൂഹം– (മോർഗൻ)

മറ്റു സമുദായങ്ങളിൽനിന്നും തീർത്തും വേറിട്ട അസ്തിത്വമുള്ളതും ആചാരത്തിലും വിശ്വാസത്തിലും കുടുംബഘടനയിലുമൊക്കെ തനിമ പ്രകടമാക്കുന്നതുമായ സാമൂഹിക ജീവിതമാണ് മോർഗൻ ഈ നിർവ്വചനത്തിലൂടെ അടയാളപ്പെടുത്തുന്നത്. ഇദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ വർഗ്ഗപ്പേര്, ഭാഷ,

പ്രദേശം, കുടുംബ വ്യവസ്ഥ തുടങ്ങിയ സവിശേഷ ഘടകങ്ങളാൽ ദൃഢമാണ് ആദിവാസി ജീവിതവും സംസ്കാരവും. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വേണം ആദിവാസി മേഖലയിൽ ഇടപെടാൻ.

മലകളും വനങ്ങളും പശ്ചാത്തലമായുള്ള ജീവിത പരിസരങ്ങളിൽനിന്നും രൂപംകൊണ്ട ആചാരാനുഷ്ഠാനങ്ങളും ജീവിതരീതികളും വിശ്വാസങ്ങളും കലാരൂപങ്ങളും വാമൊഴി രൂപങ്ങളും പാരമ്പര്യമായി നിലനിർത്തിക്കൊണ്ട് അതേ ആവാസ വ്യവസ്ഥയിൽ കഴിഞ്ഞു വരുന്നവരെയാണ് ആദിവാസികൾ എന്ന് പൊതുവെ വിശേഷിപ്പിക്കുന്നത്.

**ജീവിതവും സംസ്കാരവും**

ഭൗതിക സാഹചര്യങ്ങളും അതിലൂടെ രൂപപ്പെട്ടുവരുന്ന ലോക വീക്ഷണങ്ങളുമാണ് ഓരോ ജനതതിയുടേയും. ജീവിതത്തേയും സംസ്കാരത്തേയും തീരുമാനിക്കേണ്ടത്. ഭൗതികമായും മാനസികമായും മുഖ്യധാരാ സമൂഹത്തിൽ നിന്ന് ഗോത്രവർഗ്ഗ പാരമ്പര്യത്തിൽ അധിഷ്ടിതമായ ഇവരുടെ ജീവിതം വേറിട്ടാണ് ആദിവാസികൾ നിൽക്കുന്നത്. ആചാരാനുഷ്ടാനങ്ങളാലും പലതരം അറിവുകളാലും ചടങ്ങുകളാലും പരസ്പരം ബന്ധിതമാണ്. മാന്യതയും മാനവീകതയുമുള്ള പെരുമാറ്റമാണ് പൊതുസമൂഹത്തിൽ നിന്നും ഇവർക്ക് വേണ്ടത്. ഇവരുടെ ജീവിതവും സംസ്കാരവും സൂക്ഷ്മതയോടെ അന്വേഷിച്ചറിഞ്ഞെങ്കിൽ മാത്രമേ വിവേക പൂർണമായ ഒരു സമീപനം ഈ സമൂഹത്തോട് പുലർത്താൻ കഴിയൂ.

**വാമൊഴി പാരമ്പര്യം:-**

ഗോത്രജീവിതത്തിന്റെ സമസ്ത മേഖലകളേയും ഉൾക്കൊള്ളുന്ന സാംസ്കാരിക ഘടകങ്ങളിൽ പ്രബലമായ ഒരു കണ്ണിയാണ് വാമൊഴി വഴക്കം. (Oral Tradition). കഥ, പാട്ടുകൾ, ഗാനങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയ ഭാഷാ വ്യവഹാര രൂപങ്ങളിലൂടെ ഇത് ആവിഷ്കൃതമാകുന്നു. ഈ സാഹിത്യം അതത് ഗോത്ര കൂട്ടായ്മയുടെ വിചാരലോകത്തിനനുസൃതമായി അനേകം ഉൾപ്പിരിവുകൾ തേടുന്നുണ്ട്. ഈ





സാഹിത്യത്തിന്റെ പ്രത്യേകത വാമൊഴിയിലൂടെ കാതോടു കാതോരം കൈമാറുന്നു എന്നതാണ്. ഭാഷയോളം തന്നെ പഴക്കമുള്ള വാമൊഴി സാഹിത്യം ഭാഷയുടെ ജൈവസ്വഭാവം കൊണ്ട് ഏവരെയും ആകർഷിക്കുന്നു. വ്യാകരണത്തിനോ ഭാഷാഘടനയ്ക്കോ അല്ല. ഈണത്തിനും താളത്തിനും പ്രാസത്തിനും ഭാവത്തിനുമാണ് പാട്ടിലായാലും കഥയിലായാലും പ്രാധാന്യം.

പ്രാചീന ഭാവനയും, വർത്തമാന ദു:ഖങ്ങളും, സന്തോഷങ്ങളും തനതായ തിരിച്ചറിവുമൊക്കെ ഇതിൽ ദർശിക്കാം. എഴുതപ്പെടാത്ത ഇത്തരം മൊഴിരൂപങ്ങളിലാണ് ആദിവാസിയുടെ സമ്പന്നമായ സാഹിത്യം നിലനിൽക്കുന്നത്.

തലമുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാറി വന്ന മൊഴിവഴക്കങ്ങൾ അർത്ഥസമ്പുഷ്ടമാണ്. ആശയ വിനിമയ ശേഷിയും തെളിമയും അവയ്ക്കുണ്ട്.

കുന്നു കത്തുമ്പോൾ എല്ലാവരും കാണും

എന്റെ മനസ്സു കത്തുമ്പോൾ

അച്ഛനും അമ്മയും പോലും കാണില്ല.

എന്ന ഗോത്രവർഗ്ഗ പാട്ട് ആധുനിക കവിതയെപ്പോലും അമ്പരിപ്പിക്കുന്നതാണ്. ഐതീഹ്യങ്ങളായും വർഗ്ഗപരമായ പുരാവൃത്തങ്ങളായും ഗുണപാഠങ്ങളായും ഉള്ള കഥകളിലും പാട്ടുകളിലുമാക്കെ പരിസ്ഥിതിയുമായുള്ള ആദിവാസിയുടെ പവിത്രമായ ബന്ധം തെളിഞ്ഞു കാണാം.

കഥാഗാനങ്ങൾ, ചെറിയ ഗീതങ്ങൾ, അനുഷ്ഠാന ഗാനങ്ങൾ, താരാട്ടുപാട്ടുകൾ, കളിപ്പാട്ടുകൾ എന്നിങ്ങനെ പല വിഭാഗങ്ങളിലായി ആദിവാസി പാട്ടുകൾ നിലനിൽക്കുന്നു. ലിഖിത രൂപമില്ലാതെ കേവലം മൊഴിരൂപത്തിൽ പ്രത്യക്ഷപ്പെടുന്നവയാണ് കടങ്കഥകളും പഴഞ്ചൊല്ലുകളും. പ്രകൃതി ജീവിതത്തിന്റെ പ്രതിഫലനവും അതിൽ നിന്നുള്ള പ്രപഞ്ചബോധവും തത്വചിന്തയും നിരീക്ഷണ പാടവവുമൊക്കെ ആദിവാസികളുടെ പഴഞ്ചൊല്ലുകളിലും കടങ്കഥകളിലും ഉൾച്ചേർന്നിട്ടുണ്ട്. മറ്റു വിഭാഗങ്ങളിൽ നിന്ന് കാലങ്ങളായി അകന്നു കഴിയുന്നതിനാൽ

സാങ്കേതിക ജ്ഞാനത്തിന്റെയും ശക്തിയുടേയും പ്രതിഫലന മായാണ് ഭൗതിക സംസ്കാരം രൂപപ്പെട്ടു വരുന്നത്. കാർഷിക ഉപകരണങ്ങൾ, ഗാർഹികോപകരണങ്ങൾ, നായാട്ടുപകരണങ്ങൾ തുടങ്ങിയ അനേകം വസ്തുക്കളും വൈദ്യം, വേഷം, കളികൾ, ഉത്സവങ്ങൾ, കൈത്തൊഴിലുകൾ തുടങ്ങിയ അനേകം ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുമൊക്കെ ഭൗതിക സംസ്കാരത്തിൽ പെടുന്നു. മുള കൊണ്ട് അടുക്കള ഉപകരണങ്ങൾ, വീടു നിർമ്മാണം, കുട്ട, പായ, മുറം തുടങ്ങിയവ നിർമ്മിക്കൽ എന്നിവ ഉപജീവന മാർഗ്ഗമാക്കാനും കഴിയുന്ന ആദിവാസി വിഭാഗങ്ങളുണ്ട്. മുടികെട്ടിവയ്ക്കുന്ന രീതി, ശരീരം അലങ്കരിക്കൽ, ആഭരണങ്ങൾ, വേഷവിധാനം എന്നിവയ്ക്കും ആദിവാസികളുടേതായ ഭൗതീക സംസ്കാരമുണ്ട്. ആദിവാസി ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ തിരിച്ചറിയാൻ ഇത്തരം ഭൗതിക സംസ്കാരത്തെക്കുറിച്ചുകൂടി മനസ്സിലാക്കേണ്ടതുണ്ട്.

## കേരളത്തിലെ ആദിവാസികൾ:-

സ്വഭാവശുദ്ധികൊണ്ടും കലാപാരമ്പര്യം കൊണ്ടും ജൈവപാരമ്പര്യം കൊണ്ടും ഏറ്റവും സംസ്കാര സമ്പന്നമായ വിഭാഗമാണ് കേരളത്തിലെ ആദിവാസികൾ. മുഖ്യമായും വനമേഖലകളിൽ ആവാസം ഉറപ്പിച്ച ഈ വിഭാഗം ഇപ്പോഴും കേരളീയ ജീവിതത്തിന്റെ മുഖ്യധാരയിൽനിന്ന് അകലെയാണ്. കേരളത്തിൽ വയനാട്ടിലാണ് ആദിവാസി വിഭാഗങ്ങൾ കൂടുതലായുള്ളത്.

2001-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ ആദിവാസി ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 1. 14% ആണ്. വയനാട്ടിലെ ആദിവാസി ജനസംഖ്യ 1,36,062 ആണ്. ഇതിൽ പണിയ വിഭാഗക്കാരാണ് ഭൂരിപക്ഷവും.

ചോലനായ്ക്കർ, കാടർ, കുറുമ്പർ, കൊറഗർ, കാട്ടു നായ്ക്കർ എന്നീ അഞ്ചു വിഭാഗത്തിൽപ്പെട്ടവരെയാണ് പ്രാക്തന ഗോത്രവർഗ്ഗ (Primitive Tribes)മായി പരിഗണിക്കുന്നത്. അടിയർ, അരണാടൻ, ആളാർ, ഇരുളർ, ഉരിടവൻ, ഉള്ളാടൻ, ഊരാളി, ഊതളികുറുമർ, എരവാലൻ, കമ്മാറ, കരവഴി, കരിമ്പാലൻ, കാണിക്കാർ, കുടി, കണ്ടുവടിയർ, കുറിച്ച്യർ, കുറുമ്പുലയർ,

കൊച്ചുവേലർ, കൊണ്ടറെഡ്ഡി, കോത, തച്ചനാടൻ മൂപ്പൻ, തോടാർ, നായാടി, പണിയർ, പതിയർ, പളിയർ, മലക്കുറുവർ, മലപ്പണിക്കാർ, മലപ്പണ്ടാരം, മലവുത്തൻ, മലയക്കാരി, മലയാടിയാർ, മലയർ, മലയരയർ, മലയാളർ, മലവേടർ, മലവേട്ടുവർ, മലശർ, മണ്ണാൻ, മറാട്ടി, മഹാമലശർ, മാതപ്പുലയർ, മാവിലന്മാർ, മുഡുകർ, മുതുവാന്മാർ, മുള്ളുകുറുമർ, വിഴവന്മാർ, എന്നിവരാണ് കേരളത്തിലെ ആദിവാസികൾ.

## സാംസ്കാരിക അധിനിവേശവും ആദിവാസി ജീവിതവും

കാലങ്ങളായുള്ള സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ അധിനിവേശങ്ങളുടെ ഫലമായി മണ്ണിൽനിന്നും കാടിൽ നിന്നും സ്വന്തം ഇടങ്ങളിൽനിന്നും തിരസ്കൃതരാവുകയും ഇതു വഴി സ്വത്വം നഷ്ടപ്പെടുകയും ചൂഷണത്തിന് വിധേയരാകുകയും ചെയ്തിട്ടുള്ളവരാണ് ആദിവാസികൾ.

ആദിവാസികളുടെ പ്രാന്തവത്ക്കരണത്തിന് കർണാടകത്തിൽ നിന്നുമുള്ള ജൈന കുടിയേറ്റംമുതൽ, തിരുവിതാംകൂറിൽ നിന്നുമുള്ള വ്യത്യസ്ത വിഭാഗക്കാരുടെ കുടിയേറ്റം വരെയുള്ള നൂറ്റാണ്ടുകളുടെ സംഭവപരമ്പരകൾ തന്നെ കാരണമായുണ്ട്. ജന്മിത്വ വ്യവസ്ഥയിൽ നിന്നുള്ള മോചനത്തിനായി കുടിയേറിയ പല വിഭാഗങ്ങളും അതേ വ്യവസ്ഥയുടെ മൂല്ല്യങ്ങൾതന്നെ ഇവിടെ പിൻതുടർന്നപ്പോൾ ആദിവാസികൾ അടിമകളായി. നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ് പല ആദിവാസിവിഭാഗങ്ങളും. വിദ്യാഭ്യാസ പ്രക്രിയയിൽ നിന്ന് ആദിവാസികുഞ്ഞുങ്ങളുടെ അകന്നുപോക്ക് വലിയൊരു പ്രശ്നമാണ്. പുതിയ ലോകത്തിലേക്കും വിജ്ഞാനത്തിലേക്കും കടന്നു വരേണ്ട ഈ തലമുറ പാർശ്വവത്ക്കരിക്കപ്പെടുന്നത് ഒരു സാമൂഹ്യ ദുരന്തമാണ്. രാഷ്ട്രീയ സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തകർ കൺമുമ്പിൽ സംഭവിക്കുന്ന ഈ പ്രശ്നത്തോട് ക്രിയാത്മകമായി പ്രിതികരിക്കാൻ തുടങ്ങുന്നത് ശുഭോദർക്കമാണ്.

പരിമിതമായ സൗകര്യങ്ങളിൽ ജീവിക്കുന്ന ആദിവാസി കുഞ്ഞുങ്ങൾക്ക് പഠിക്കാനുള്ള അന്തരീക്ഷവും ഭൗതീക സാഹചര്യങ്ങളും ഇല്ല എന്നുതന്നെ പറയാം. ആദിവാസി





ഊരുകളിൽ നിലനിൽക്കുന്ന മദ്യത്തിന്റെ ഉപയോഗം കുട്ടികളുടെ പഠനത്തേയും ആരോഗ്യത്തേയും വല്ലാതെ ബാധിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ സ്കൂളിൽനിന്നു കിട്ടുന്ന പഠനാനുഭവം മാത്രമേ പലപ്പോഴും ഈ കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നുള്ളു. ഇതൊക്കെതന്നെ ഈ വിഭാഗത്തെക്കുറിച്ചുള്ള കൃത്യമായ ധാരണകൾ അധ്യാപകർക്ക് ഉണ്ടാവേണ്ടത് അനിവാര്യമാക്കിമാറ്റുന്നു.

## അദ്ധ്യായം രണ്ട്

## പണിയ ഭാഷയും സാഹിത്യവും

ഏത് ആദിവാസി വിഭാഗത്തിനും സവിശേഷമായ ഭാഷ ഉള്ളതുപോലെ പണിയ വിഭാഗത്തിനും സമ്പുഷ്ടമായ തനതു ഭാഷയുണ്ട്. സാംസ്കാരികമായും പാരമ്പര്യമായും അഗാധ ബന്ധം പുലർത്തുന്നതാണ് പണിയ ഭാഷ. ആശയ വിനിമയത്തിലുപരി പണിയ സംസ്കൃതിയുടെ അന്തഃസത്ത ഈ ഭാഷയിലാണ് കുടികൊള്ളുന്നത്. വയനാട്ടിലെ പണിയരുടെ ഭാഷാ സമ്പന്നതയും സാഹിത്യ സമ്പുഷ്ടിയും സൂക്ഷ്മമായി പഠന വിധേയമാക്കേണ്ടതുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിനായി വിദ്യാലയത്തിൽ എത്തുന്ന ഈ വിഭാഗത്തിന് അവരുടെ സ്വന്തമായ ഭാഷ അവഗണിക്കപ്പെടുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്യുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു. മാതൃഭാഷയിലുള്ള വിദ്യാഭ്യാസമാണ് ഏറ്റവും മികച്ചതും സ്വീകാര്യമെന്നതും തെളിയിക്കപ്പെട്ട വസ്തുതയാണ്. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. തന്റെ ഭാഷയിൽ നിന്ന് അനുവാദമില്ലാതെ അകറ്റുമ്പോൾ സംഭവിക്കുന്ന നീതിനിഷേധം വലുതാണ്. മാതൃഭാഷയിൽനിന്നും ഒരു കുട്ടിയെ അകറ്റാം. പക്ഷെ കുട്ടിയിൽ നിന്ന് മാതൃഭാഷയെ എങ്ങനെ അകറ്റാൻ കഴിയും!

പണിയ സംസ്കാരം തിരച്ചറിയണമെങ്കിൽ പണിയ ഭാഷ മനസ്സിലാക്കേണ്ടതുണ്ട്. പണിയ ഭാഷ തിരിച്ചറിയുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എല്ലാ വിഷയങ്ങളും പണിയ

ഭാഷയിൽ തന്നെ പഠിപ്പിക്കുക എന്നല്ല, മറിച്ച് ഈയൊരു ഭാഷാ സംസ്കാരവും പരിസരവും അതിൽനിന്ന് വരുന്ന ഒരു കുട്ടിയെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്ന തിരിച്ചറിവാണ്. ഒരു ഭാഷയെ അംഗീകരിക്കുമ്പോൾ ഒരു സമുദായമാണ് ഉയർത്തപ്പെടുന്നത്. അതുകൊണ്ടുതന്നെ ഈ ഭാഷയെ അംഗീകരിക്കേണ്ടതും ശാസ്ത്രജ്ഞൻമാരുടെ ഉത്തരവാദിത്വം മാത്രമല്ല, അധ്യാപകരുടെ പ്രതിബന്ധത കൂടിയാണ്.

സ്കൂളിൽ ഗോത്രഭാഷയോടുള്ള സമീപനം എന്തായിരിക്കണം. പ്രൈമറി തലത്തിൽ ഗോത്രഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. അപ്പർ പ്രൈമറിയിൽ അത്ര തന്നെ വേണമെന്നില്ല. ഹൈസ്ക്കൂളിൽ മലയാളത്തിനുതന്നെ പ്രാധാന്യം കൊടുക്കാവുന്നതാണ്. ഒരു കുഞ്ഞിന് ആദ്യഘട്ടത്തിൽ മുലപ്പാൽ മാത്രമാണല്ലോ ആഹാരമായി കൊടുക്കുക. ഒരു ഘട്ടം കഴിയുമ്പോൾ മുലപ്പാലിനെ ഓർമ്മിപ്പിക്കുന്ന ദ്രവരൂപത്തിലുള്ള ആഹാരവും, അതുകഴിഞ്ഞാൽ സാധാരണ ഭക്ഷണവും കൊടുക്കുന്നതുപോലെതന്നെ ഘട്ടംഘട്ടമായുള്ള ഭാഷാമാറ്റമാണ് വേണ്ടത്. അല്ലെങ്കിൽ ആദിവാസി വിദ്യാർത്ഥികൾക്ക് ഔപചാരിക വിദ്യാഭ്യാസം അരോചകമായി മാറും.

ഏതൊരു സമൂഹത്തിന്റെയും ആന്തരികവീക്ഷണത്തെ ഭാഷ വെളിപ്പെടുത്തും. കാലവും പരിസരവുമായി അത്രമാത്രം ബന്ധം ഭാഷയ്ക്കുണ്ട്. ദ്രാവിഡ പാരമ്പര്യമുള്ള പണിയഭാഷയ്ക്ക് ആദ്യകാലങ്ങളിൽ തമിഴിനോടായിരുന്നു കൂടുതൽ അടുപ്പം. എന്നാൽ സമീപകാലത്ത് മലയാളവുമായുള്ള ബന്ധം കൂടുതൽ ദൃഢമായിട്ടുണ്ട്. മലയാള പദങ്ങളും വാക്യഘടനയുമൊക്കെ ഒരു സ്വാധീന ശക്തിയായി പണിയഭാഷയിലേക്ക് വന്നിട്ടുണ്ടെന്ന് കാണാം.

പണിയഭാഷയിൽ ആകെ 24 സ്വനിമങ്ങളാണ് ഉള്ളത് എന്ന് 'പണിയഭാഷ' എന്ന പുസ്തകത്തിൽ ഡോ. വി. സോമശേഖരൻനായർ ചൂണ്ടിക്കാട്ടുന്നു. വാമൊഴി മാത്രമായുള്ള പണിയഭാഷയ്ക്ക് അതിന്റേതായ ഘടനയും വ്യാകരണവുമുണ്ട്. ഭാഷ പ്രയോഗിക്കാനുള്ള അത്തരം നിയമാവലികൾ





പണിയഭാഷയിൽ സുദൃഢമായി പ്രവർത്തിക്കുന്നുണ്ടെന്ന് സൂക്ഷ്മമായി അന്വേഷിച്ചാൽ അറിയാവുന്നതാണ്. പണിയ ഭാഷയുടെ വ്യാകരണം അറിയാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അന്വേഷണം. അതോടൊപ്പം ഭാഷാ വ്യവഹാരങ്ങൾ പ്രത്യക്ഷപ്പെടുന്ന പദങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, നാടൻപാട്ടുകൾ, കഥകൾ തുടങ്ങിയവയേയും പരിചയപ്പെടുത്തുന്നു. പണിയ സംസ്കാരത്തെ എന്നപോലെ ഭാഷയേയും അടുത്തു പരിചയിക്കാനുള്ള തീർത്തും പ്രതിബദ്ധമായ പ്രവർത്തനം കൂടിയാണിത്. ഈയൊരു ലക്ഷ്യം മുൻനിർത്തി പണിയ ഭാഷയെ പരിചയപ്പെടുത്തുകയാണിവിടെ.

## പണിയഭാഷയിലെ സ്വനിമങ്ങൾ

പണിയഭാഷയിൽ ആകെ 24 സ്വനിമങ്ങളാണുള്ളത്. അഞ്ച് സ്വരങ്ങൾ, 19 വ്യഞ്ജനങ്ങൾ, പിന്നെയൊരു ദീർഘവും. ദീർഘം സ്വരത്തോടും വ്യഞ്ജനത്തോടും ചേർക്കാം.

**സ്വരങ്ങൾ;-**

അ, ഇ, ഉ, എ, ഒ

**വ്യഞ്ജനങ്ങൾ;-**

| **കണ്ഠ്യം** | **താലവ്യം** | **മൂർധന്യം** | **ദന്ത്യം** |
|---|---|---|---|
| ക<br>ങ | ച<br>ഞ<br>യ | ട<br>ണ<br>ള | ത<br>ദ<br>ന |
| **ഓഷ്ഠ്യം** | **വർത്സ്യം** | **ഓഷ്ഠ്യദന്ത്യം** | |
| പ<br>ബ<br>മ | റ<br>ന<br>ല<br>ര | വ | |

## വ്യഞ്ജനാക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകൾ

| പദങ്ങൾ | അർത്ഥം | സ്വനിമം |
|---|---|---|
| 1. പാലു | പാൽ | പാ |
| 2. വാലു | വാൽ | വാ |
| 3. പട്ട | പട്ടം | പ |
| 4. കവ | കഫം | വ |
| 5. മുറ | മുറം | റ |
| 6. വട്ടള | ചെരുവം | വ |
| 7. ദാക | ദാഹം | ദ |
| 8. നായം | ന്യായം | ന |
| 9. തൊണ്ണ | പല്ലില്ലാത്തവൻ | ണ |
| 10. തൂണു | തൂൺ | ണ |
| 11. കാളെ | കാള | ക |
| 12. കാടു | കാട് | ട |
| 13. ചൊടി | ദേഷ്യം | ട |
| 14. കൂട | വയ്യ | ട |
| 15. കേരി | കേറി | ര |

## സ്വരം ചേർന്ന് വരുന്ന വാക്കുകൾ

| വാക്ക് | അർത്ഥം |
|---|---|
| 1. അഞ്ചു | അന്ന്, അഞ്ച് |
| 2. ഇഞ്ചു | ഇന്ന് |
| 3. ഒഞ്ചു | ഒന്ന് |
| 4. ഉഞ്ചി | ചെറുത്, ചെറിയ പാത്രങ്ങൾ |
| 5. എഞ്ചു | എന്ന്, എന്നിട്ട് |
| 6. ഉരലു | ഉരൽ |
| 7. ഉലക്കെ | ഉലക്ക |
| 8. ഓലെ | ഓലെ |





## സ്വരങ്ങളോട് ദീർഘം ചേരുമ്പോൾ ഉള്ള രൂപവും വ്യത്യാസവും. ഉദാഹരണങ്ങൾ

| വാക്ക് | അർത്ഥം |
|---|---|
| 1. അര | അരം |
| 2. ആരു | ആരാണ്, ആര് |
| 3. അക | അകം |
| 4. ആക | ആഴം, ചീത്ത |
| 5. ഇട/ഇടലി | നടുഭാഗം |
| 6. ഈട/ഊടെ | ഇവിടെ |
| 7. ഉര | ശക്തി |
| 8. ഊരു | ജൈനരുടെ വീടുകൾ |
| 9. ഒഞ്ചു | ഒന്ന് |
| 10. ഒക്ക | എല്ലാം |
| 11. ഓരത്തെയ് | ഓരോന്ന് |
| 12. ഓക്കലി | മനം മറിച്ചിൽ |
| 13. എങ്കു | എങ്ങോട്ട് |
| 14. ഏടെക്കു | എവിടേക്കു |

ഒന്നാം തരത്തിലെത്തുന്ന കുട്ടി തന്റെ സ്വന്തം ഭാഷയിലെ 24 അക്ഷരങ്ങൾ (സ്വനിമങ്ങൾ) മാത്രമായിരിക്കും അധികവും പരിചയിച്ചിട്ടുണ്ടാവുക. എന്നാൽ മലയാള ഭാഷയിലെ അൻപതിൽപ്പരം സ്വനിമങ്ങളോട് പ്രതികരിക്കേണ്ടിവരുമ്പോൾ കുട്ടിക്കുണ്ടാകുന്ന വിഷമങ്ങൾ അധ്യാപകർ തിരിച്ചറിയേണ്ടതില്ലേ ?

1-ാം ക്ലാസിലെത്തിയ പുതിയ കുട്ടികളോട് ടീച്ചർ പേരു ചോദിക്കാൻ തുടങ്ങി. പലതരം പേരുകൾ- ഓരോരുത്തരും പേരു പറഞ്ഞു കഴിഞ്ഞാൽ കുട്ടികൾ എല്ലാവരും അതേറ്റുപറയും. പിന്നെ കയ്യടിക്കും. ക്ലാസിലാകെ ആവേശം. കുട്ടികൾക്ക് സന്തോഷം. ചെറുനാണവും സങ്കോചവും കലർന്ന ശബ്ദത്തിൽ ഒരാൾ പറഞ്ഞു " ചചി " (മറ്റുകുട്ടികൾക്കത് മനസ്സിലായില്ല ) "

ഒന്നുകൂടി പറയൂ ” ടീച്ചർ അവന്റെ അടുത്തുവന്നു പറഞ്ഞു “ ചചി ” കുട്ടി വീണ്ടും പറഞ്ഞു. ക്ലാസിലെ കയ്യടി നിലച്ചു. കുട്ടികൾ അവനെ നോക്കി ചിരിച്ചു. ടീച്ചർ അടുത്തെത്തി ഒന്നു കൂടി പേര് പറയിച്ചു. അവൻ മിണ്ടിയില്ല. ടീച്ചർ പറഞ്ഞുകൊടുത്തു “ശശി എന്ന് പറയൂ ”. അവനതേറ്റു പറഞ്ഞു. “ ചചി ” കുട്ടികൾ ആർത്തു ചിരിച്ചു. പരിഹാസ്യനായ അവനെ ടീച്ചറും കയ്യൊഴിഞ്ഞു. പേരുപറയൽ തുടർന്നു. അന്ന് സ്കൂളിൽ നിന്നും പോന്ന ചചി പിന്നെ ഇതുവരെ അവിടെ പോയിട്ടില്ല. ഇവിടെ ടീച്ചറുടെ സമീപനം ശരിയായിരുന്നുവോ ?

## നാമം

ഏതെങ്കിലും ഒന്നിന്റെ പേരായി വർത്തിക്കുന്ന ശബ്ദ മാണല്ലോ നാമം. നാമത്തിനും ലിംഗം, വചനം, വിഭക്തി എന്നീ മൂന്നിനങ്ങളിലാണ് രൂപഭേദമുണ്ടാകുന്നത്.

| പണിയ ഭാഷാ നാമം | അർത്ഥം | ബഹുവചനം |
|---|---|---|
| അപ്പെ | അച്ഛൻ | അപ്പേല |
| മകെ | മക്കൾ | മക്കാ |
| മക്ക | മകൻ | മക്കാ |
| പണിയൻ | പണിയജാതിയി ലുള്ള ആൾ | പണിയരു |
| മൊട്ടൻ | ചെറുക്കൻ(കുട്ടി) | മൊട്ടെമ്മാരു |
| മൊട്ടത്തി | പെൺകുട്ടി | മൊട്ടത്തിമാരു |
| മിരയ് | വയസ്സൻ | മിരയെമാരു |
| മിരാത്തി | വയസ്സി | മിരയത്തിമാരു |

| സ്ത്രീലിംഗം | പുല്ലിംഗം |
|---|---|
| അമ്മെ | അപ്പെ |
| മകാളു | മകെ |
| പണിച്ചി | പണിയൻ |
| മൊട്ടത്തി | മൊട്ടൻ |
| മിരാത്തി | മിരയെ |





നമ്മൾ ഒരു ആൺകുട്ടിയെ അവരുടെ ഭാഷയിൽ “ മൊട്ടാ നീ ഇങ്കു വാത്തമാ ” എന്ന് വിളിക്കുന്നു. എന്നാൽ അവൻ അടുത്തേക്ക് വരുന്നില്ല. മാത്രമല്ല അവൻ അവിടെ നിന്നും മാറിപോകുകയാണ് ചെയ്തത്. ദേഷ്യം വന്ന ടീച്ചർ അനുസരണക്കേടിന് അവനെ ശാസിച്ചു. പിറ്റേ ദിവസം മുതൽ അവൻ ക്ലാസിൽ വരാതായി കാരണം എന്തായിരിക്കും ?

## വിഭക്തി

പണിയ ഭാഷയിലെ വിഭക്തി രൂപങ്ങളാണ് താഴെ കൊടുത്തി രിക്കുന്നത്.

മൊട്ടെ - മൊട്ടെന, മൊട്ടെനകൂടെ, മൊട്ടെനകൊണ്ടു, മൊട്ടെമ്പെ, മൊട്ടെങ്കു

മൊട്ടത്തി - മൊട്ടത്തിന, മൊട്ടത്തിനകൂടെ, മൊട്ടത്തിനകൊണ്ടു

നിർദേശിക - പ്രത്യയങ്ങളില്ല. മൊട്ടെ, മിരയെ, ചൂച്ചി,

പ്രതിഗ്രാഹിക - 'ഏ' പ്രത്യയം മൊട്ടനെ, മിരയനെ ചൂച്ചിനെ

സംയോജിക- കൂടെ- മൊട്ടനെകൂടെ, മിരയനെ കൂടെ ചൂച്ചിനകൂടെ (മൊട്ടനോട് എന്ന് പറയില്ല.)

ഉദ്ദേശിക - ങു, ങു, ആക്കു മൊട്ടെങ്കർ, മിരയങ്കു, ചൂച്ചിക്കു, മകളുക്കു

പ്രയോജിക - പ്രത്യയമില്ല

സംബന്ധിക- 'അ' - മൊട്ടെന, മിരയന, ചൂച്ചിന

ആധാരിക - എ, ഇലി, ഇ മരത്തുമ്പേ, തിലെലി തിലെമ്പെ

## സർവ്വനാമങ്ങൾ

അവളു, അവെങ്കു, അവെ, ഇവളു, ഇവെ, ഇതു, അതു, അത്തുണ, ഇത്തുണ, (ഇതു, അതു, അതുന, ഇതുന) നാനു, നീയു, നാമു നാങ്ക, നിങ്ക, എങ്കള, ഏക്കു, എനക്കു, എന്ന, നിന്ന,

ക്രിയ

| വർത്തമാനം | ഭാവി | ഭൂതം |
|---|---|---|
| പോഞ്ചേ | പോവേ | പോയുളെ |
| പോമിത്തെ | പോടുവെ | പോയേ |
| തിനിഞ്ചേ | തിനുവേ | തിഞ്ചുളെ, തിഞ്ചാണ്ടെ |
| നടിഞ്ചേ | നടുവേ | നട്ടെ, നട്ടുളെ |
| വഞ്ചേ | വരുവേ | വന്തുളെ |
| പറിക്കിഞ്ചേ | പറിപ്പേ | പറിച്ചേ |

| പുല്ലിംഗം | ഏകവചനം | ബഹുവചനം |
|---|---|---|
| വാത്ത | വാത്ത | വരുമിത്തവാ |

| സ്ത്രീലിംഗം | ഏകവചനം | ബഹുവചനം |
|---|---|---|
| വാത്തമാ | വാത്തമാ | വരുമിത്തമാ |
| വന്തെവാ | വരുവെ | വരുവിരിമ |

| ലിംഗം | ഏകവചനം | ബഹുവചനം |
|---|---|---|
| പുരുഷൻ | നാനു- ഞാൻ | നാമു, നമ്മ, നമ്മെ |
| | നീയു- നീ | നിങ്ക, നിങ്കള |
| സ്ത്രീ | നീയു- നീ | നിങ്കള, നിങ്ക |
| | ഇവളു, അവളു | ഇവെരു, ഇവെര, അവരു, അവെര |

കുടുതൽ പ്രയോഗിക്കുന്ന അക്ഷരങ്ങൾ

യ, ഞ്ച, ച്ച, ന

| | | | | | |
|---|---|---|---|---|---|
| മയെ | മഴ | മഞ്ച | മഞ്ഞൾ | നച്ചത്തിര | നക്ഷത്രം |
| വായെ | വാഴ | നഞ്ചക്കി | നന്നാക്കി | ച്ചെമ | ക്ഷമ |
| കിയങ്കു | കിഴക്ക് | ഇഞ്ചു | ഇന്ന് | പച്ചി | പച്ചി |
| പുയെ | പുഴ | പഞ്ചി | പന്നി | ലച്ച | ലക്ഷം |





'ൻ' ൽ അവസാനിക്കുന്ന പദങ്ങൾ 'എ'കാരം ചേർത്ത് പറയുന്നു.

ബാലൻ - വാലെ
അവൻ - അവെ
അപ്പൻ - അപ്പെ
കള്ളൻ - കളെള

'എ'കാരത്തിൽ അവസാനിക്കുന്ന പദപ്രയോഗങ്ങൾ

കൊച്ചെ - കൊക്കെ
വാതെ - ബാധ
പുളെള - കുട്ടി

ൺ, ൾ, ർ ഉപയോഗം ഇല്ല

ൺ

തൂൺ - തൂണു
ആൺ - ആണു
പെൺ - പെണ്ണു

ർ

കയർ - കാറു
പയർ - പാറു

ൾ

അരിവാൾ - അരിവ
അവൾ - അവാളു

നിഷേധ പ്രത്യയങ്ങൾ

നിഷേധാർത്ഥങ്ങൾ ധ്വനിപ്പിക്കുന്ന പദങ്ങൾ

അവെആടെഉള്ള - അവെആടെകാണി
കറിലിഉപ്പുള - കറിലിഉപ്പുകാണി
ആടെപോവകൂടു - ആടെ പോവ കൂട
ആടെപോവപച്ചൂ - ആടെപോവപച്ച

| പേരെച്ചം | വിനയെച്ചം |
|---|---|
| വന്തമൊട്ടെ | വന്നചെറുക്കൻ |
| വന്തപുള്ളെ | വന്ന കുട്ടി |
| അയവുള പൊണ്ണു | അഴകുള്ള പെണ്ണ് |

| | | |
|---|---|---|
| **പേരെച്ചം** | ഓടിയ പശു | പാഞ്ചെ പയ്യു |
| **വിനയച്ചം** | ചാടാൻ പറഞ്ഞു | തുള്ളുവ പഞ്ചെ |

**ഉപയോഗിക്കാത്ത ചിഹ്നങ്ങൾ**

അം - മരം - മര - കലം - കല

അര ഉകാരം - ഉകാരമാക്കുന്നു.

പൂവ് - പൂവു, കാല് - കാലു, കോല് - കോലു

**ഭാഷയിൽ തീരെ ഉപയോഗിക്കാത്ത അക്ഷരങ്ങൾ**

ശ, ഷ, സ, ഴ, ക്ഷ, ഖ, ഛ, ഠ ,ഥ ,ഫ

**ഉദാഹരണം**

ശശി - ചചി
ശാന്ത - ചാന്തെ
ശനി - ചനി
സാരി - ചാരി
സമയം - ചമയ
സബിത - ചവിത
ഉഷ - ഉചെ
മഷി - മചി
കഷായം - കചായ
സുരേഷ് - ചുരേചു
വിനീഷ് - വിനീച്ചു





**നിഘണ്ടു**

**അ**

| | | | |
|---|---|---|---|
| അകം | - മുറി | അകല | - അകലം, വീതി |
| അങ്കു | - അവിടെ | അപ്പെ | - അച്ഛൻ |
| അണവു | - അണ്ണാക്ക് | അയവു | - അഴക് |

**ആ**

| | | | |
|---|---|---|---|
| ആടെ | - അവിടെ | ആക | - ചീത്ത, ആഴം |
| ആച | - ആകാശം | ആനെ | - ആന |
| ആഞ്ചു | - ആകുന്നു (ആണ്) | ആചുപത്തിരി | - ആശുപത്രി |
| ആണു | - പുരുഷൻ | ആണെ | - അങ്ങനെ |
| ആമെ | - ആമ | ആയ്ചെ | - ആഴ്ച |
| ആലെ | - തൊഴുത്ത് | ആറു | - ആറ് |
| ആളു | - ആൾ | ആരു | - ആര് |

**ഇ**

| | | | |
|---|---|---|---|
| ഇങ്കു | - ഇവിടെ | ഇടത്തു | - ഇടതു വശത്ത് |
| ഇപ്പീ | - അയ്യോ | ഇരണ്ടു | - രണ്ട് |
| ഇരവു | - രാത്രി | ഇളെയെ | - ഇളയ |

**ഈ**

| | | | |
|---|---|---|---|
| ഈരാളി | - തടിയറുപ്പുകാരൻ | ഈരു | - ഈര് |
| ഈര | - മണ്ണിര | ഈണെ | - ഇങ്ങനെ |
| ഈച്ചെ | - ഈച്ച | ഈച്ചരോ | - ഈശ്വരോ |
| ഈണത്തെ | - ഇങ്ങനെത്തെ ഇതുപോലുള്ള | | |
| ഈറെ | - വെറുപ്പ് | | |

**ഉ**

| | | | |
|---|---|---|---|
| ഉതുക്കവാര | - താഴ്വര | ഉകരം | - ഉയരം |
| ഉറട്ടി | - ഭാര്യ | ഉറളൻ | - ഭർത്താവ് |
| ഉരലു | - ഉരൽ | ഉലക്കെ | - ഉലക്ക |

| | | | | | |
|---|---|---|---|---|---|
| ഉച്ചാറു | - | ഉത്സാഹം | ഉത്തിര | - | ഉത്തരം |
| ഉള | - | ഉണ്ട് | ഉറുമങ്കായ് | - | പേരയ്ക്ക |

**ഊ**

| | | | | | |
|---|---|---|---|---|---|
| ഊടെ | - | ഇവിടെ | ഊരലു | - | നിരങ്ങൽ |
| ഊമെ | - | ചെറിയമ്മ | | | |

**എ**

| | | | | | |
|---|---|---|---|---|---|
| എങ്കള | - | ഞങ്ങളുടെ | എഞ്ചല | - | എന്നാൽ |
| എങ്കു | - | എവിടെ | എഞ്ചിച്ചു | - | എന്നിട്ട് |
| എണ്ണ | - | എണ്ണം | എണ്ണെ | - | എണ്ണ |
| എത്തരെ | - | എത്ര | | | |

**ഏ**

| | | | | | |
|---|---|---|---|---|---|
| ഏടെ | - | എവിടെ | | | |
| ഏരു | - | ഒരു ജോഡി പോത്ത് | | | |
| ഏയു | - | ഏഴ് | ഏലോ | - | എന്നാലും |

**ഒ**

| | | | | | |
|---|---|---|---|---|---|
| ഒക്ക | - | എല്ലാം | ഒച്ച | - | ഒറ്റ |
| ഒഞ്ചു | - | ഒന്ന് | ഒഷ്ഠ | - | കൂടെ |
| ഒലെ | - | അടുപ്പ് | ഒള്ളെ | - | നീർക്കോലി |

**ഓ**

| | | | | | |
|---|---|---|---|---|---|
| ഓടെ | - | ഈറ | ഓമി | - | കുറച്ച് |
| ഓണി | - | ഓവുചാൽ | ഓക്കല | - | ഛർദ്ദി |
| ഓണപ്പാച്ചെ | - | ഓണപ്പാറ്റ | | | |

**ക**

| | | | | | |
|---|---|---|---|---|---|
| കവുത്തു | - | കഴുത്ത് | കക്കുച്ചു | - | കക്കൂസ് |
| കച്ചേര | - | കസേര | കടലാച്ചു | - | കടലാസ് |
| കഞ്ചുമറി | - | കന്നുകുട്ടി | കടി | - | ചൊറിച്ചിൽ |
| കടലു | - | കടൽ | കടുവു | - | കടുക് |





| | | | | | |
|---|---|---|---|---|---|
| കാക്കെ | - | കാക്ക | കാച്ചു | - | കാറ്റ് |
| കാടു | - | കാട് | കാട്ടുപഞ്ചി | - | കാട്ടുപന്നി |
| കായ | - | കായം | കാതു | - | ചെവി |
| കാരു, കരുവു | - | കാർമേഘം | കായലു | - | മുള |
| കാണി | - | ഇല്ല | | | |
| കാറു | - | കയർ, മോട്ടോർകാർ | | | |
| കാട്ടുമുരവ | - | കാട്ടുമൃഗം | കിയങ്കു | - | കിഴങ്ങ് |
| കിടക്കെ | - | കിടക്ക | കിണ്ണ | - | പിഞ്ഞാണം |
| കിറായ | - | സൂത്രം | കീഞ്ച | - | ഇറങ്ങി |
| കീറുത്തെയി | - | കീറിയത് | | | |
| കീച്ചെ | - | കീശ | കീയു | - | ഇറങ്ങുക |
| കുച്ച | - | വീടിന്റെ പുറക് വശം/കുറ്റം | | | |
| കുണ്ടെ | - | കൂട്ടം | | | |
| കുണക്കാരെ | - | നല്ലതു ചെയ്യുന്നവൻ | | | |
| കുങ്കുമ | - | കുങ്കുമപ്പൂ | കുത | - | സുഖം |
| കുടുക്കെ | - | കലം | | | |
| കൂമ്പണ / കൂമ്പനെ | - | കൂമ്പാരം | | | |
| കൂരുവെ | - | കൂറ | കൂളി | - | പ്രേതം |
| കൂഞ്ഞെ | - | ചക്കയുടെ അകത്തെ കാമ്പ് | | | |
| കൂട്ടു | - | ദുർമന്ത്രവാദി | | | |
| കൊക്കെ | - | കൊളുത്ത് / കൊക്കകോൽ | | | |
| കൊടിയെ | - | ആൺപട്ടി | കൊച്ചെ | - | കൊക്ക് |
| കൊടിച്ചി | - | പെൺപട്ടി | കൊട്ടു | - | എല്ല് |
| കൊക്ക | - | കോഴി കൂവൽ | കോരെ | - | മൂല |
| കോടി, മൂലെ | - | മൂല | കോയി | - | കോഴി |
| കോയിമറി | - | കോഴിക്കുഞ്ഞ് | | | |

ച

| | | | |
|---|---|---|---|
| ചങ്കെലെ | ഒരാഭരണം | ചട്ട | ചട്ടുകം |
| ചപ്പുടി | കള്ളം | ചണ്ണണമര | ചന്ദനമരം |
| ചപ്പുടി | കള്ളം | ചാണ | ചാണകം |
| ചാതു | സ്വാദ് | ചാമന | സാധനം |
| ചാല | വളരെ | ചാവു | മരണം |
| ചിതെലു | ചിതൽ | ചിലപ്പ | ചിലപ്പോൾ |
| ചിപ്പി | ചെറുത് | ചിമ്മിണി | മണ്ണെണ്ണ |
| ചിരി | ചുണ്ട് | ചീക്കെ | പോക്കറ്റ് |
| ചീച്ചറു | ടീച്ചർ | ചീമ | ജീവൻ |
| ചിവിത | ജീവിതം | ചുവന്തനിറ | ചുവന്നനിറം |
| ചുപാവ | സ്വഭാവം | ചൂതുകുരു | കുന്നിക്കുരു |
| ചൂരി | മീൻ, മുള്ളുള്ള ഒരു ചെടി,ഔഷധചെടി | | |
| ചെണ്ടു | സുഗന്ധദ്രവ്യം | ചെന്തു | ജന്തു |
| ചെയ്‌ലു | ജയിൽ | ചേരി | ഇടുങ്ങിയ |
| ചേരു | സേർ, പൊള്ളുന്ന മരം,കുട്ടിച്ചേർക്കുക ഒരു തരം മീൻ | | |
| ചേലെ | സാരി | ചൊപ്പു | ഇല |
| ചൊവുടി | ചെവികേൾക്കാത്തവൻ | | |
| ചൊടി | ദേഷ്യം | ചോച്ചറു | മുഖക്കുരു |
| ചോപ്പു | സോപ്പ് | | |

ത

| | | | |
|---|---|---|---|
| തങ്കട | സങ്കടം | തഞ്ചി | സഞ്ചി |
| തടി | ദേഹം | തപ്പു | തെറ്റ് |
| താകെ | താഴെ | താച്ചി | സാക്ഷി |
| താണി | ഇരുമ്പുപിഞ്ഞാണം | തായിച്ചെ | ദാഹം |
| താന | സ്ഥാനം, സ്ഥലം | താനെ | സ്വയം |
| തിരാട്ടെ | ചിരട്ട | | |





| | | | |
|---|---|---|---|
| തിരുവണെകട്ടു | കല്ല്യാണം | തിലെ | തല |
| തിലെവരുത്ത | തലവേദന | തീനു | ഭക്ഷണം |
| തീയു | തീ | തീപ്പൊട്ടി | തീപ്പെട്ടി |
| തിരുന്ത | തീർന്നു | തീച്ചെ | തീറ്റ |
| തുടെ | തുട | തുളെ | തുള |
| തുറെ | ചുറ്റുക | തുറുവുളി | ഓടക്കുഴൽ |
| തുമ്മലു | തുമ്മൽ | തൂത്തെ | ചൊറിയണം |
| തൂരാത്തു | ദൂരെ | തൂറൽ | വയറിളക്കം |
| തെളുപ്പ് | തളിര് | തെല്ല് | ചെള്ള് |
| തെച്ചു | തെറ്റ് | തൊന്ത | സ്വന്തം |
| തൊട്ട | തൊട്ടു | തൊക്കു | കക്ഷം |
| തോചെ | ദോശ | തോട്ട | തോട്ടം |
| തോരുത്തു | തോർത്ത് | തോലു | തോൽ |

ദ

| | | | |
|---|---|---|---|
| ദിവച | ദിവസം | ദിക്കു | ദിക്ക് |

ന

| | | | |
|---|---|---|---|
| നക | നകം | നമ്മ | നമ്മുടെ |
| നായം | സംഭാഷണം | നാച | നാശം |
| നാങ്ക | നമ്മൾ | നാനു | ഞാൻ |
| നാളു | ദിവസം | നിങ്ക | നിങ്ങൾ |
| നിരാത്തു | നിരത്ത്, റോഡ് | നിപ്പണ | അടിമപ്പണം |
| നീരു | വെള്ളം | നീയു | നീ |
| നുക | നുകം | നുപ്പതു | മുപ്പതു |
| നുച്ചരി | പൊടിയരി | നൂറു | ചുണ്ണാമ്പ്, നൂറ് |
| നൂലു | നൂൽ | നൂഞ്ചി | ഞവുണി |
| നെല്ലു | നെല്ല് | നെണ്ടു | ഞണ്ട് |
| നെരമ്പു | ഞരമ്പ് | നെച്ചി | നെറ്റി |

| | | | |
|---|---|---|---|
| നേമ | - നിയമം | നേങ്ങലു | - കലപ്പ |
| നൊന്ത | - വേദനിച്ചു | നൊങ്ങി | - മുടന്തൻ |
| നൊമ്പല | - പ്രസവവേദന | നോവു | - വേദന |
| നോക്കിഞ്ഞോ | - നോക്കുന്നു | | |

പ

| | | | |
|---|---|---|---|
| പക | - പഴം | പകരിഞ്ച | - പകരുന്ന |
| പക്ക | - എട്ടാം ദിവസം | പക്കി | - പക്ഷി |
| പടെ | - ധാരാളം | പകലു | - പകൽ |
| പച്ചെ | - പച്ചനിറം | പാല | - പാലം |
| പാറു | - പയർ | പാനി | - കൂജ |
| പിയെ | - പിഴ | പിരന്തെ | - ഭ്രാന്തൻ |
| പിരെ | - വീട് | പിരന്തത്തി | - ഭ്രാന്തത്തി |
| പീലി | - കൺപീലി, കുഴലിന്റെ പീലി | | |
| പുകെ | - പുക | പുടി | - പിടി |
| പുത്തി | - ബുദ്ധി | പുയു | - പുഴു |
| പുളളെ | - കുട്ടി | പൂമി | - ഭൂമി |
| പൂട്ടു | - പുട്ട് | പൂടിയെ | - കട |
| പെങ്ക | - പെങ്ങൾ | പെപ്പില | - പ്ലാവില |
| പേയി | - പ്രേതം, ഭൂതം | | |
| പേനെ | - മരിച്ചവരുടെ പ്രേതം | | |
| പേനെപ്പാട്ടു | - ആത്മാവിനെ പാടി വരുത്തുന്ന പാട്ട് | | |
| പൊട്ടി | - പെട്ടി | പൊണ്ണു | - സ്ത്രീ |
| പൊയിന്തെ | - പൊൻമാൻ | | |
| പൊട്ടെ | - സംസാര ശേഷിയില്ലാത്തവൻ | | |
| പോക്കളെ | - കാട്ടുപൂച്ച | പോട്ട | - ഫോട്ടോ |

ബ

| | | | |
|---|---|---|---|
| ബച്ചു | - ബസ്സ് | ബടി | - വടി |





| | | | |
|---|---|---|---|
| ബാക്കു | - വാക്ക് | ബാതെലു | - വാതിൽ |
| ബായെ | - വാഴ | ബാലു | - വാൽ |
| ബാറുകാറത്തി | - ഗർഭിണി | ബിച | - വിഷം |
| ബിത്തു | - വിത്ത് | ബിറേല | - വിരൽ |
| ബീക്ക | - വീക്കം | ബീന്ത | - വീണത് |
| ബുളി | - വിളി | ബുളെ | - വിളവ് |
| ബൂട്ടക്കെട്ടു | - വലിയകെട്ട് | ബെട്ട | - വെട്ടം |
| ബെഞ്ചി | - ബഞ്ച് | ബൊണ്ടെയ | - വെണ്ടയ്ക്ക |
| ബൊളിച്ചെണ്ണ | - വെളിച്ചെണ്ണ | ബോറെ | - വേറെ |

മ

| | | | |
|---|---|---|---|
| മക്ക | - മക്കൾ | മചി | - മഷി |
| മരുന്തു | - മരുന്ന് | മച്ചെ | - മറ്റേത് |
| മഞ്ച | - മഞ്ചൾ | മഞ്ചു | - മഞ്ഞ് |
| മണ | - മണം | മണെലു | - മണൽ |
| മണ്ണു | - മണ്ണ് | മതിര | - മധുരം |
| മയെ | - മഴ | മഗാളു | - മകൾ |
| മാച | - മാസം | മാചു | - മാസ്റ്റർ |
| മാനു | - മാൻ | മാലെ | - മാല |
| മിച്ച | - മുറ്റം | മിനേലി | - മുൻപിൽ |
| മീനു | - മീൻ | മീന | - മീനം |
| മീച്ചെ | - മീശ | മീത്തെലു | - മുകളിൽ |
| മോണി | - വാഴക്കുമ്പ് | മോരു | - മോര് |
| മോതിര | - മോതിരം | | |

വ

| | | | |
|---|---|---|---|
| വാട്ട | - ഭാഗത്ത്, സ്ഥലത്ത് | | |
| വാത്ത | - നീവരൂ. | | |

**സംഭാഷണ ശകലങ്ങൾ**

1 ചൂച്ചാ നിന്ന പേരെന്തയി? മോനെ നിന്റെ പേരെന്താണ്?
2 ചൂച്ചി നിന്ന പേരെന്തയി? മോളെ നിന്റെ പേരെന്താണ്?
3 നിന്ന പിര ഏടെ? നിന്റെ വീട് എവിടെയാണ്?
4 അപ്പെന പേരെന്തയി? അച്ഛന്റെ പേരെന്താണ്?
5 ആരുനൊപ്പം വന്തെയി? ആരുടെ കൂടെയാണ് വന്നത്?
6 പിരെക്ക ആരൊക്കെ ഉണ്ടെരു? വീട്ടിൽ ആരൊക്കെയുണ്ട്
7 പൈക്കിഞ്ചോ? വിശക്കുന്നുണ്ടോ?
8 ഉച്ചണോ? മൂത്രമൊഴിക്കണോ?
9 എന്തങ്കു കിരഞ്ചെ? (എൻ തങ്കു കിരഞ്ചെ) എന്തിനാണ് കരഞ്ഞത്?
10 ഇച്ക്കോളു നല്ലോ? സ്ക്കൂൾ നല്ലതാണോ, ഇഷ്ടപ്പെട്ടോ?
11 എന്നെ ഇട്ടാത്തോ? എന്നെ ഇഷ്ടമായോ?
12 നാനൊരു പാട്ടു പാടട്ടേ? ഞാനൊരു പാട്ടു പാടട്ടേ?
13 അല്ലെക്കെലൊരു കതെ പറയാം. (അല്ലടിന്തല ഒരു കതെ പറയാം) അല്ലെങ്കിലൊരു കഥ പറയാം.
14 ആടെ ഇളെ - അവിടെ ഇരിക്കു.
15 വരിക്കു നില്ലു - വരിവരിയായി നിൽക്കു.
16 ഇരണ്ടു കയ്യും പൊങ്കിച്ചു (പൊന്തിച്ചു) പുടിച്ചണ്ടു നടപ്പി - രണ്ടു കയ്യും ഉയർത്തി നടക്കൂ.
17 ഒക്കാറും നാളെ വരണു - എല്ലാവരും നാളെ വരണം
18 നാണ വഞ്ചൊ - നാണും വരുന്നു
19 തോലി ഇളുത്ത - തോല് പോയി തൊലിയിളകി
20 മാറികൊണ്ട - മാറിനിന്നു
21 അരിയും ചാമനവും വേങ്കിച്ചൊ - അരിയും സാധനവും വാങ്ങിക്കോളൂ.

**സംഭാഷണങ്ങൾ**

1 ഏരുതെ എൻതെനെ തിഞ്ചെ? (തിന്റെ?)
2 നിന്ന അപ്പന പേരെന്തെയി?
3 നിന്ന അമ്മെന പേരെന്തെയി?
4 നിന്ന പിരെക്ക ആരൊക്കെ ഉളരു?





5 നീയു ഏടെക്ക് പോഞ്ചെ? (പോന്റെ?)
6 നമക്കു പാട്ടു പാടാ?
7 നിനക്കു ബക്കും സിലെട്ടു കാണിയോ?
8 ഏക്കു ഉച്ചുവ പോടു
9 ഏക്കു പൈക്കിഞ്ചോ (പൈക്കിന്റോ?)
10 ഏക്കു തായിക്കിഞ്ചോ
11 ഇവെ എത്തരെ എണ്ണ ഉളൊ?
12 നിന്ന പിരക്കെ എൻതെയി ഒക്കളോ?
13 നിന്ന പേരു എയുതുവ അറിയുമോ?
14 ഇന്നലെ എൻതങ്കു വരുവ കാണി ഇസ്ക്കോളിലി?
15 ഇസ്ക്കോളിലി വരുവ ഇട്ട കാണിയോ?

**ചില വാകൃങ്ങൾ**

| | |
|---|---|
| മയെ പെയ്യിഞ്ചോ (പെയ്യിന്റോ) | - മഴപെയ്യുന്നു. |
| ഇടി എടിക്കിഞ്ചോ (ഇടിപൊട്ടിഞ്ചോ) | - ഇടിവെട്ടുന്നു. |
| ആനിക്കല്ലു പീയിഞ്ചോ | - ആലിപ്പഴം വീഴുന്നു. |
| വൊളളിരി മിനുക്കിഞ്ചോ | - മിന്നലടിയ്ക്കുന്നു. |
| കാച്ചു പഞ്ചോ (കാച്ചടിച്ചു വഞ്ചോ) | - കാറ്റടിയ്ക്കുന്നു. |
| മയെ തുളളിടിഞ്ചോ | - മഴ തുള്ളിയിടുന്നു. |
| പോക്കെ കിരയിഞ്ചോ | - തവള കരയുന്നു. |
| കുളിരി പുടിക്കിഞ്ചോ | - തണുക്കുന്നു. |
| പോടി വഞ്ചോ | - പേടിയാവുന്നു. |
| പളളെ പയിക്കിഞ്ചോ | - വിശക്കുന്നു. |
| ഉറക്കു പഞ്ചോ | - ഉറക്കം വരുന്നു. |
| മടി പുടിക്കിഞ്ചോ (മടി വഞ്ചോ) | - മടിവരുന്നു. |
| ചങ്കട്ട പുടിക്കിഞ്ചോ | - ക്ഷീണം വരുന്നു. |
| അപ്പെ വരുവ കാണി | - അച്ഛൻ വന്നില്ല. |
| നടപ്പ കൂട | - നടക്കാൻ വയ്യ. |
| അന്തി ആത്ത | - അന്തിയായി |
| നിലാവു മാചെ | - ചന്ദ്രൻ മറഞ്ഞു. |
| ഉർട്ടു കുത്തുത്ത | - ഇരുട്ടു നിറഞ്ഞു |
| വൈക്കെൽച്ചു വീകെ | - വഴുതി വീണു. |

## കുടുംബ ബന്ധത്തെ കുറിക്കുന്ന പദങ്ങൾ.

| | | |
|---|---|---|
| ചാച്ചമ്മെ | - | മുത്തശ്ശി |
| ചാച്ചപ്പെ | - | മുത്തശ്ശൻ |
| അപ്പെ | - | അച്ഛൻ |
| അമ്മെ | - | അമ്മ |
| മാമെ | - | മാമൻ |
| മാമി | - | അമ്മായി |
| മൂത്തമ്മെ | - | അച്ഛന്റെ ജ്യേഷ്ഠന്റെ ഭാര്യ, അമ്മയുടെ ജ്യേഷ്ഠത്തി |
| മൂത്തപ്പെ | - | അച്ഛന്റെ ജ്യേഷ്ഠൻ |
| വമ്പപ്പെ | - | അച്ഛന്റെ ചേട്ടൻ |
| വമ്പമ്മ | - | അമ്മയുടെ ചേച്ചി |
| അയ്യെ | - | ജ്യേഷ്ഠൻ |
| അച്ചി | - | ചേച്ചി |
| ചൂച്ചി | - | ചെറിയ പെൺകുട്ടി |
| ചൂച്ചെ | - | ചെറിയ ആൺകുട്ടി |
| വാവെ | - | അളിയൻ |
| മൈത്തിനി | - | നാത്തൂൻ |
| മൈത്തിനെ | - | അളിയൻ |
| കുടിയെ | - | അമ്മായിയച്ഛൻ |
| കുടിച്ചി | - | അമ്മായിയമ്മ |

**മുന്നായിക്കാറെ– മരുമകൻ**

| | | |
|---|---|---|
| മുന്നായിക്കാറത്തി | - | മരുമകൾ |
| മൊട്ടെ | - | ആൺകുട്ടി |
| മൊട്ടത്തി | - | പെൺകുട്ടി |
| ചിച്ചെ | - | ചെറിയച്ഛൻ |
| ഊമെ | - | ചെറിയമ്മ |
| ചെമ്മി | - | മൂപ്പൻ |

**ഇലക്കറികൾ പണിയ ഭാഷയിൽ**

| | | |
|---|---|---|
| ചുരുളിച്ചൊപ്പു | - | പന്നൽ വിഭാഗത്തിൽപ്പെട്ട ചെടിയുടെ ഇല |
| കടുമുടുങ്ങെച്ചൊപ്പു | - | കാക്കപ്പഴത്തിന്റെ ഇല |
| പന്തൽ വൈനണെ | - | കാട്ടു തക്കാളി |
| ചുവന്തെ ചീര | - | ചുവന്ന ചീരെ |
| കുപ്പെ ചീരെ | - | കാലിച്ചീര |
| ഉപ്പു ചീര | - | ഒരു തരം ചീര |
| പഞ്ചിച്ചൊപ്പു | - | കറിവെക്കുന്ന ചപ്പ് |
| കുമ്പളച്ചൊപ്പു | | മത്തനില |
| പൂതെച്ചൊപ്പു | - | കുമ്പളത്തിന്റെ ഇല |
| ചീരാമുളാവു ചൊപ്പു | - | കാന്താരിച്ചീനിയുടെ ഇല |
| ചിലാണ്ടിപ്പാറുചൊപ്പു | - | ചതുരപ്പയറില |
| കാട്ടുമല്ലി | - | കല്ലുരുക്കി |
| വമ്പളെചൊപ്പു | - | (വയലിൽ വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന ഇല) |
| ആളെച്ചൊപ്പു | - | കണ്ടോനെ കടത്തി |
| മുറിയൂടിച്ചൊപ്പു | - | കുടകൻ ഇല |
| പാറുചൊപ്പു | - | പയറില |
| തൈരെച്ചൊപ്പു | - | തകരയില |
| കൊയ്പ്പച്ചപ്പു | - | പൊന്നാങ്കണ്ണി |
| കെഞ്ചീരെ | - | ചുവന്ന ചീര |
| മുള്ളച്ചീരെ | - | മുള്ളൻ ചീര |

**നെല്ലിനങ്ങൾ**

| | | |
|---|---|---|
| പാലുവൊളിയെ | - | പാൽവെളിയൻ |
| പാലുതൊണ്ടി | - | പാൽതൊണ്ടി |
| കെന്തകചാലെ | - | ഗന്ധക ശാല |
| ചോമാലെ | - | ചോമല |
| ചേറ്റുവൊളിയെ | - | ചേറ്റുവെളിയൻ |
| മരത്തൊണ്ടി | - | തൊണ്ടി |
| ചെന്നെല്ലു | - | ചെന്നെല്ല് |
| കനലി | - | കനലി |
| അടുക്കെ | - | അടുക്കൻ |

| | | |
|---|---|---|
| ഓണമൊട്ടെ | - | ഓണവെട്ടൻ |
| കറുത്ത | - | കറുത്തൻ |
| കല്ലടിയെ | - | കല്ലടിയാര്യൻ |
| ജീരകചാലെ | - | ജീരകശാല |
| ഞവരെ | - | ഞവര |
| ചിന്നക്കയമെ | - | ചിന്നക്കയമ |
| തവളക്കണ്ണെ | - | തവളക്കണ്ണൻ |

## ചില കൃഷി ഉപകരണങ്ങൾ

| | | |
|---|---|---|
| അരുവ | - | അരിവാൾ |
| വൊട്ടു കത്തി | - | വാക്കത്തി |
| കൈക്കാട്ടു | - | തൂമ്പ |
| കൂന്തലി | - | ചെറിയ തൂമ്പ |
| കോടെലി | - | കോടാലി |
| കുരമ്പക്കുട്ട | - | മറക്കുട |
| ചാടെ | - | മീൻ പിടിക്കാനുള്ള കൂട |
| കുട്ടെ | - | മീൻ കൂട |
| കൊക്കെ | - | തോട്ടി |
| വതുക്കെ | - | കിഴങ്ങു കുത്തുന്ന പാര |
| കെമ്പെമുറം | - | ഒരു മൂലയുള്ള മുറം |

## മരങ്ങളുടെ പേരുകൾ

| | | |
|---|---|---|
| തടത്തി | - | ചടച്ചി |
| വേങ്കെ | - | വേങ്ങ |
| മരുത്തി | - | മരുത് |
| നേവിലു | - | ഞാവൽ |
| ആലി | - | ആൽ |
| താഞ്ചി | - | താന്നി |
| ചാടക്കെ | - | പൂവം |
| പിലാവു | - | പ്ലാവ് |
| പുളിമര | - | പുളി |
| കുന്മളു | - | കുമിഴ് |





| | | |
|---|---|---|
| പിലച്ചി | - | പ്ലാശ് |
| കൊട്ടടക്കമര | - | ഇലവ് |
| പീപ്പിമര | - | കിളിഞ്ഞിൽ |
| വെണ്ടുൾ | - | വെണ്ടേക്ക് |
| ചാടകെ | - | പൂവം |
| നേവിലു | - | ഞാവൽ |
| ഇടലെ | - | എടല |
| താഞ്ചി | - | താന്നി |

## ചില വീട്ടുപകരണങ്ങൾ

| | | |
|---|---|---|
| പൂണി, ചൊട്ടെ | - | സ്പൂൺ |
| ചിരണ്ടി | - | ചിരവ |
| ചെപ്പുട | - | കുടം |
| തീപ്പൊട്ടി | - | തീപ്പെട്ടി |
| പാത്തിര | - | പാത്രം |
| കോപ്പെ | - | കറിപാത്രം |
| തളിയെ | - | പ്ലേയിറ്റ് |
| മരയി/മരവി/ കോളമ്പി | - | അരക്കല്ല് |
| തോച്ചെക്കല്ലു | - | ദോശക്കല്ല് |
| മൊന്തെ/മുരുടെ/ | - | മൊന്ത |
| കിളാച്ചി | - | ഗ്ലാസ്സ് |
| കൈലു | - | തവി |
| പുട്ടുകുച്ചി | - | പുട്ടുകുറ്റി |
| ചരുവ | - | ചരുവം |
| അണ്ടെ | - | ഉപ്പും മുളകും ഇടുന്ന പാത്രം |
| ഊന്തലി | - | തീ ഊതാനുള്ള ഉപകരണം |
| ചെച്ചെ | - | മുളകൊണ്ടു മെടഞ്ഞുണ്ടാക്കുന്ന തട്ട് |
| കോടെലി | - | കോടാലി |
| കൈക്കട്ടു | - | കൈക്കോട്ട് |

## കൂണുകൾ – കുമ്മെ

| | | |
|---|---|---|
| പുച്ചക്കുമ്മെ | – | പെരും കൂൺ |
| തരിക്കുമ്മെ | – | അരികൂൺ |
| ചവലെക്കുമ്മെ | – | കരിയി കൂൺ |
| അമ്പുകുമ്മെ | – | അമ്പുപോലുള്ള കൂൺ |
| | | നായ്മൂലകുമ്മെ |
| കരടികുമ്മെ | – | കരടി കൂൺ |
| പില്ലുകുമ്മെ | – | പുല്ല് കൂൺ |
| മുരുക്കുകുമ്മെ | – | മുരുക്കിൻമേലുള്ള കൂൺ |
| ചക്കകുമ്മെ | – | ചക്കകൂൺ |
| പിരെന്ത കുമ്മെ | – | പാമ്പ് കൂൺ (വിഷകൂൺ) |
| കായലുകുമ്മെ | – | മുളയുടെ അടിയിൽ കാണുന്നത് |
| മാങ്ങെകുമ്മെ | – | മാവിലുണ്ടാകുന്നത്. |

## പക്ഷികൾ

| | | |
|---|---|---|
| പീപ്പെ | – | മരംകൊത്തി |
| മുടുങ്ങണി | – | വാലുകുലുക്കി പക്ഷി |
| മൊന്തെക്കിളി | – | പച്ചക്കിളി |
| കൊച്ച് | – | കൊക്ക് |
| ചെമ്പൂപ്പെ | – | ഉപ്പൻ |
| പൊയിന്തെ | – | മീൻകൊത്തി |
| ആലെവണ്ണെ | – | ആനറാഞ്ചി |
| കാറളെ | – | കാക്കതമ്പുരാട്ടി |
| കെട്ടറീച്ചേ | – | കൊട്ടതേറ്റ |
| മയെപക്കി | – | മഴപ്പക്ഷി |
| കൊട്ടുമുറിച്ചി/കുറുമുടിച്ചി/ഇരട്ടത്തലച്ചി | | |
| കാക്കെ | – | കാക്ക |
| കൂരി | – | കുരുവി |
| അണ്ടികല | – | വലിയ കൊക്ക് |
| മഞ്ച ചക്കി | – | മഞ്ഞകിളി |
| ചുവന്തപക്കി | – | തി കുരുവി |
| ആവിലു | – | വവ്വാൽ |





| | | |
|---|---|---|
| കുയിനാരെ | – | കരിയിലക്കിളി |
| കാവിരി | – | മൈനെ |
| കൂമെ | – | മൂങ്ങ |

## നാടൻ പാട്ടുകൾ

1 ചീനച്ചട്ടി എടുത്തവളു
ചിനുക്കി താള പട്ടാള
അറുത്തറത്തു പട്ടാള
അറുപതു തുണ്ടും പട്ടാള
മുറിച്ചു മുറിച്ചു പട്ടാള

2. ചെമ്പ ചെമ്പ ചേരിക്കല്ലു കല്ലു
മണ്ടക കുണ്ടിലി കുണ്ടി നെണ്ടു നെണ്ടു
മുക്കലെ കുച്ചാത്തു പഞ്ചി മറി മറി
ആമുളു തണ്ടുമ്പെ കളെള പുളെ പുളെ
കുമ്പള കണ്ടിലി കുറുക്ക പുളെ പുളെ
വൊള്ളിരി കണ്ടിലി വൊളുക്കെ പുളെ പുളെ

3. കുച്ചിപുട്ടു വോണുവാ കുയെലാ....
കയിലുപുട്ടു വോണുവാ കുയെലാ....
നെണ്ടു കറി വോണുവാ കുയെലാ.....
മീനു കറി വോണുവാ കുയെലാ.....
ഇയ്യാ.......... യീ........ഇയ്യാ......... യീ

4. പൊട്ടുകണ്ണി കുമ്പറത്തി
തീയോമി താത്തമാ
തീയാടെ ഉട്ടും കാഞ്ചു
നീയിങ്കു വാത്തമാ
കോലുക്കു പോയക്കു കൂടുത്ത വാതെ
നീയിങ്കു മിനെലി വാത്തമാ...
ഞെണ്ടുക്കു പോയക്കു കൂടുത്തവാതെ
നീയിങ്കു മിനെലി വാത്തമാ....

## നുണപ്പാട്ട്

5. കുത്തിച്ചതക്കി ചട്ടിലുട്ടു ചന്തമാമ

തുറന്തുവുട്ടക്കു പാറിവുട്ട ചേരെപോലെ
തുള്ളി തുള്ളി വൊട്ടുത്തക്കു വെണ്ണി കിയാങ്കു
നുള്ളി കീറി നോക്കുത്തക്കു
ചോരെപോലെ

**കുഴൽക്കാരനെ കളിയാക്കിപ്പാടുന്ന പാട്ട്**

6 തുപ്പിരി തുപ്പിരി പാടുത്ത കുയെലാ
നിന്ന നാവുമ്പേ തുപ്പിരി മുള്ളൂ മുള്ളൂ
പാടുത്താ പാടുത്താ കുയെലാ
നിന്ന നാവുമ്പേ വരുത്തി മുള്ളൂ മുള്ളൂ
തുപ്പിരി തിഞ്ചും തൂരെറിഞ്ചേ
വരുത്തി തിഞ്ചും പാരെറിഞ്ചേ

7. കൊട്ടെപ്പക പൗത്തോവാ വേര
അത്തിപ്പക പൗത്തോവാ വേര
ആരുന കൂട്ടമു പറയണ്ടത്തവ വേരാ
നമക്കെ നമക്കെ പോകത്തവാ വേരാ
കൊക്കെക്കത്തി വോണുത്തെ ചാച്ചാ
കോരെലി നോക്കുത്തവ വേര
മൊട്ടെനപ്പെ തമാചികാറെ
നിരത്തുമ്പെ പോഞ്ച ബട്ടായികാറെ

8. അതെകട ഇതെകട
കമ്പിവേലി നൂന്തുകട
മാങ്ങെയും പൂത്തു
മാങ്ങെനണ്ടിയും പൂത്തു
അങ്കേതോ മീരാത്തിന
പാക്കുചല്ലും വിന്ത
അപ്പെ ചത്ത കൊല്ലിലി
ഒച്ചെയെ ഒച്ചെയെ പോകണ്ടാ
കുത്തി നെട്ടിച്ചു കാവു
അറെഞ്ചുനെട്ടിച്ചു കാവൂ





**മഴപ്പാട്ട്**

9. പെയ്യും പെയ്യും പെയ്യും
കുമ്പിളി കുത്തി പെയ്യും
ആടേയും നല്ല ഊടേയും നല്ല
അറെഞ്ചു കുത്തി പെയ്യൂ
പെയ്യൂ പെയ്യൂ പെയ്യൂ
കോറലുകുത്തി പെയ്യൂ
കുണ്ടുക്കു കിണറുക്കു വൊള്ളകാണി
കൊച്ചേക്കും നെണ്ടുക്കും വൊള്ളകാണി

**പണിപ്പാട്ടുകൾ**

(കമ്പളനാട്ടി കൊഴുപ്പുകൂട്ടാൻ സ്ത്രീകൾ താളത്തിനനുസരിച്ച് ചൊല്ലുകൾ ഉണ്ടാക്കി പാടുന്നത്.)

10. കുത്തലു ചോറുക്കു താളുന തടെ
കമ്പളച്ചോറുക്കു കുമ്പളക്കറി
എനത്ത കാലീനെ നോക്കിഞ്ചെ
കൈമന...... തന്തേ......
നോക്കിയോ, മേയ്ച്ചോ
പൂട്ടിയോ, ഉടിഞ്ചൊ

**ഉറക്കപ്പാട്ട്**

11. നിന്നമ്മയും അപ്പെനും പണിക്കു പോയുളെരു
ആരാരി പാടിയുറക്കാ ചൂച്ചി
അപ്പെനും അമ്മെയും അന്തി ആയിഞ്ചക്കു
പണികേരി വരുവെരു..........
ഉറാങ്കിക്കോത്തമാ ചൂച്ചീ....

12. അനുഷ്ഠാനപാട്ട്
കിണാതി പടിച്ചവനെ കീ കിണാതി
നാല്മലെ ഈച്ചരെമാരെ
നാട്ടിലെ ഉത്തപ്പെലരേ
ബൂട്ടിലിയ തെയ്യമാരെ
പന്തീരാണ്ടു അപ്പെമാരെ
ഇപ്പിലെ തോനപ്പട്ടു

അത്തി, ഇത്തി, ആലു, ചന്ദന, കൂവള, പന്ത

13. കെഞ്ചിരേ കെഞ്ചിരേ കെഞ്ചിരേ
അണ്ണേലമാ വന്തുളോ കെഞ്ചിരേ
അപ്പെന പായു ഉട്ടുകൊടുത്ത കെഞ്ചിരേ
അപ്പെന പായുമ്പെ ഇളെക്കെപ്പോതെ അമ്മായ
അമ്മെന പായു ഉട്ടുകൊടുത്തമ കെഞ്ചിരേ
അമ്മെന പായുമ്പെ ഇളെക്കെപ്പോതെ അമ്മായ
അച്ചിന, ഊമെന, മാമെന പായു ഉട്ടുകൊടുത്തമ കെഞ്ചിരേ
അവരെള പായുമ്പെ ഇളെക്കെപ്പോതെ അമ്മായ

**ചിട്ടാം ചിട്ടാം**

14 ചിട്ടാം ചിട്ടാം കുരുവി കുളണുക്കുതായോ
എന്റെ ചിന്നാപ്പുള്ളേ കാതിലൊരു
കുണുക്കുതായോ
അന്തഗലപ്പടി ഇന്തകലപ്പിടി
മാന്തേന് മയിലു കുയിലു
കാക്കിരി പൂക്കിരി
അമ്മോ അപ്പോ അയ്യോ

15 തിട്ടാം തിട്ടാം പഴം തിക്കിതായോ എന്റെ
തിട്ടാം പഴം തിരുട്ടു പഴം തിക്കി തായോ
ചിട്ടാം
ആരു ചക്കര നൂറുവണ്ടി തങ്കമിത്തങ്കാ
മധുരാശി പട്ടണത്തിന് തങ്കമിത്തങ്കാ
ചിട്ടാം
നാടുനല്ല നാടുവെച്ച എങ്കള മലനാടു
നാടുനല്ല നാടുവെച്ച എങ്കള മയനാട്
ചിട്ടാം

**പണ്ടുണ്ടായിരുന്ന പുറാട്ടി നാടകത്തിലെ പാട്ട്**

16 അയ്യെ കുരക്കേ പണിയ
അയ്യെകുരങ്കേ അയ്യെകുരങ്കേ
ആരുനെ കണ്ടാണ്ടു കിരയിഞ്ചെ





അക്കരെ പ്രാഞ്ച ചീവതി പൊണ്ണുന
തിരുമുടി കണ്ടാണ്ടു കിരയിഞ്ചെ
കുളപ്പള്ളി കാറരുവന്തു ഉളരു
ചത്തേലോ ചാവനോ മാമനുളത്തു
ഇന്തേലോ ഇപ്പേനോ വാവനുളത്തു
താകെയും തുമ്പി മേലെയും തുമ്പി
തുമ്പിലാടുവ പോവാ
പാപ്പത്തി മക്കള മുച്ചിമുറത്തിലി
തുള്ളി കളിപ്പാ പോവാ
അലട്ടെ പ്പുടിയും ചുഞ്ചിലി
ചുവിപുപ്പുടിയും ചിഞ്ചിലി
ചുഞ്ചി കുടുക്കലി ചൂവണി കഞ്ചി
ചുഞ്ചിയേ തിഞ്ചാണ്ടാളൂ
കണ്ടേനും കണ്ടേനും തിഞ്ചാണ്ടു ഉട്ടാ
തൊണ്ടി കതിരു ചെല്ലി എന്ന മകാളു
പട്ടിണിക്കാല കൂവെ ചുരുണ്ടാണ്ടാളു
കട്ടിമുണ്ടാം കായലുമുണ്ടാം ചോയിക്കടുക്കാമേ
പന്തിരണ്ടെ ചണ്ണെകൂവെ കായിപന്തെനോ

**പേരിന്റെ പൊരുൾ**

| | | |
|---|---|---|
| പാറ്റ | - | ചിത്രശലഭം |
| വൊളിച്ചി | - | വെളുത്ത നിറമുള്ള പെണ്ണ് |
| വെളിയൻ | - | വെളുത്ത നിറമുള്ള ആൺകുട്ടി |
| മൂക്കി | - | നീളമുള്ള മൂക്കുള്ളവൾ |
| ചണ്ണെ | - | ഒരിനം നെല്ല് പോലെ |
| ചീര | - | ഇലച്ചെടി |
| വള്ളി | - | മെലിഞ്ഞ ശരീരമുള്ളവൾ |
| തുരുമൻ | - | ചുരുണ്ട മുടിയുള്ളവൻ |
| തുരുമത്തി | - | ചുരുണ്ട മുടിയുള്ളവൾ |
| വേരൻ | - | വേരുപോലെയുള്ള ശരീരമുള്ളവൾ |

ചാമൻ - ചാമ അരിയുമായി ബന്ധപ്പെട്ടത്
കൊയ്മെ - ഒരിനം മീൻ
ഓണൻ - ഓണവുമായി ബന്ധപ്പെട്ട
തോലൻ - മെലിഞ്ഞ ശരീരമുള്ളവൻ
ചീരങ്കി - ചുരക്കക്കായുമായി ബന്ധപ്പെട്ടത്
ഞെണ്ടി - ഞെണ്ട്
പാലൻ - ഉയരം കൂടിയവൻ (പാല മരം പോലെ)
നൂഞ്ചി - ഞവുണി പോലെയുള്ളവൾ
കാവിരി - മൈന പക്ഷി
കെഞ്ചിര - ചുവന്ന ചീര പോലെയുള്ളവൾ
മുണ്ടത്തി - പൊക്കം കുറഞ്ഞവൾ
ചൊറുക്കൻ - ചുറുചുറുക്കുള്ളവൻ
ചൊറിയൻ - ചൊറിയുള്ളവൻ
കരിയൻ - കറുത്ത നിറമുള്ളവൻ
ഒടുക്കൻ - ഒടുവിൽ ജനിച്ചവൻ
ഒടുക്കത്തി - ഒടുവിൽ ജനിച്ചവൾ
മഞ്ഞള - മഞ്ഞളുപോലെയുള്ളവൾ
കുള്ളി, കുള്ളത്തി - പൊക്കം കുറഞ്ഞവൾ
ഊലി - ചെറിയ ഞണ്ട്
കൂരി - കുരുവി

**വണ്ണത്തി-കടങ്കഥകൾ**

1 ഒരുമാനരു തുള്ളുത്തങ്കു ആടെ ആയിര കാലു പാടു
2 ആനെന കൊമ്പിലിനുച്ചരി
3 നിറഞ്ച പുയെലി കയിപ്പെ പന്തലു
4 കാറ്റഞ്ചണ്ടെ പോഞ്ചൊ കല കുമ്പിട്ടണ്ടെ പോഞ്ചൊ
5 അടിലി തുടെ മേലെ മിനുക്കാലു
6 വൊട്ടുത്ത കുച്ചിമ്പെ കുരങ്കു കളിക്കിഞ്ചോ
7 വരുവ പറഞ്ചല വരു പോവ പറഞ്ചല പോവു
8 മണ്ണുണ അടിലി ചൊർണ്ണക്കട്ട
9 ചുട്ടനെണ്ടു മര കേറിഞ്ചോ
10 പച്ച കൊമ്പുമ്പെ പോവാ പച്ചാ ഉണക്കകൊമ്പുമ്പെ പോവാ പച്ചു
11 ഇരാണ്ടുചെണ്ടക്കൊരു കോല്
12 ഒരു ചെറുമെ അപ്പചുട്ടല താനും തിനാ നമക്കും താര
13 അക്കരെ പോത്തു വൊട്ടു തല ഇക്കരെ മണവരു
14 ഒരു ചെറുമെ ഒരു രൊട്ടി എടുത്തല നമക്കും തരു അവനും എടുക്കു
15 ഒരമ്മന മക്ക ഒക്ക വൊളിച്ചപ്പാടിക
16 ഒരു ചെറുമന കുപ്പക നനച്ചെല്ലും നനച്ചെല്ലും നനകാ
17 അമ്മെക്കു തൊപ്പി കാണി മക്കക്കുമാത്തിര കറുത്ത തൊപ്പി
18 കല്ലുപോലെ കായു വില്ലു പോലെ ഇലെ
19 കടുക്ക മുടുക്കെ കായു ചിങ്ങറ പൊങ്ങനെ ഇല
20 ഒരു പായു മടക്കുത്തെലു മടക്കുത്തെലു തീര
21 ചട്ടകപ്പോലെ ഇലെ ചങ്കല പോലെ കായു
22 ഒരു ചെറുമന പളെളലി വൊറും വൊളളമാത്തിര
23 ഒരമ്മന മക്ക ഒക്ക ചുണ്ടു നീട്ടി
24 കൊക്കരെ കൊമ്പെ മക്കളെ കിരയിക്കു
25 ഒരമ്മന മക്ക ഒക്ക പൊടിപുടിയരു
26 ഒരുചെറുമന മക്ക ഒക്ക കരിമ്പട്ടാള

**ഉത്തരങ്ങൾ**

1 ചക്കവീണത്
2 വഴുതിനങ്ങ
3 പായൽ
4 കുമ്പളം (മത്തൻ)
5 ചേമ്പ്
6 തുടിയടിക്കുന്നു
7 വാതിൽ
8 മഞ്ഞൾ
9 കുഴൽപാടുമ്പോൾ കൈവിരൽ
10 ചെളിവരമ്പ്
11 പയ്യിന്റെ വാല്
12 ഭിത്തിയിൽ മണ്ണെറിഞ്ഞു പിടിപ്പിക്കുന്നത്.

13 ചക്കപ്പഴം മുറിക്കുന്നത്
14 നിലാവ്
15 ആലില
16 ചേമ്പില
17 തീപ്പെട്ടിക്കോല്
18 കൈതച്ചക്ക
19 കൈപ്പ
20 റോഡ്
21 പന
22 കരിക്ക്
23 മുളക്
24 മുളക്
25 കുമ്പളങ്ങ
26 കട്ടുറുമ്പ്

**ഔഷധം**

| | | |
|---|---|---|
| ഉറക്കെമുള്ളു (തൊട്ടാവാടി) | - | മുറിവിന് |
| കാളിമരുന്തു | - | വയറുവേദനയ്ക്ക് |
| ചേട്ടെ ചുള്ളി | - | മുറിവിന് |
| വെളുത്തുള്ളി | - | ജലദോഷം, തലവേദന |
| നൂറു (ചുണ്ണാമ്പ്) | - | തൊണ്ടവേദന, വയറുവേദന |
| വമ്പളെചൊപ്പു | - | തൊണ്ടവേദന |
| മുരിങ്ങെ തണ്ടുമ്പിയ നീരു | - | കണ്ണു വേദന, കണ്ണു തെളിയാൻ |
| ചെറിയ ഉള്ളി | - | തലവേദന, കണ്ണുവേദന, ചൊറി |
| ഉച്ചുവൊളള | - | കട്ടുറുമ്പുകടിച്ചാൽ |
| മഞ്ച | - | തേള് കടിച്ചാൽ |
| മാനിപ്പുല്ലുമ്പിയ നീരു | - | ചുണ്ടുപൊട്ടുന്നതിന് |
| തടത്തിനാരു | - | താളിയായി ഉപയോഗിക്കാം |
| കുളിരുമാവു | - | താളിയായി ഉപയോഗിക്കാം |
| ഇഞ്ചിനാരു | - | വയറുവേദന |
| പുകയില | - | പല്ലുവേദന |





**നുറുങ്ങുകൾ**

1. **കുഞ്ഞിന് ഇക്കിൾ ഉണ്ടാകുമ്പോൾ ഒരു നൂലെടുത്ത് നെറുകയിൽ കുറുകെ ഇട്ടിട്ട് ഇങ്ങനെ പാടും**

   ഇക്കിളി ഇക്കിളി പാലങ്കടാ
   നമ്പി നമ്പി നൂലുടൂ.

2. **പച്ചത്തുള്ളനെ കണ്ടാൽ കുട്ടികൾ പാടുന്നത്**

   പച്ചത്തോവെ കോന്തു കളി
   എന്ന മകാളു നല്ലണ കളി -

3. **കണ്ണിൽ കരടോ പൊടിയോ പോകുമ്പോൾ ഇങ്ങനെ പാടും**

   പൂച്ചെ പൂച്ചെ എന്ന കണ്ണിലത്ത
   ചണ്ടീ ചവരു എടുത്തു താ
   നിന്ന പുളെളനെ അക്കരക്കിക്കെരെക്കു
   തൊക്കി വിട്ടു തരാം
   പൂച്ചെ പൂച്ചെ എന്ന കണ്ണിലത്ത
   ചണ്ടീ ചവരു എടുത്തു താ
   നിന്ന പുളെളനെ അക്കരക്കിക്കെരെക്കു
   തട്ടി കടത്തി തരാം

4. **ഞണ്ടുപിടിപ്പാട്ട്**

   ഞെണ്ടു ഞെണ്ടേ ഒച്ചെക്കാലു
   കടത്തികൊണ്ടൂ മലെഞ്ചു കിടാ
   നിന്ന പുളെളനെ നിറഞ്ച പുയെലി
   അക്കരെക്കിക്കരെക്കു തൊക്കി വുട്ടുതരാ

5. **പേനെടുക്കുമ്പോൾ പാടുന്ന പാട്ട്**

   ചുളീരുവാ... നെച്ചിപ്പേനു വാ.....
   വാലു വന്ത പേനു വാ...

6. **കുട്ടികളെ കളിപ്പിക്കുമ്പോൾ പാടുന്ന പാട്ട്**

   വൊളെളപ്പോത്തു വൊട്ടളത്തി എരുമെ
   വൊട്ടിച്ചത്തു വഞ്ചക്കു കായെലു കൊടിമ്പെ
   പാഞ്ചേ കേരിക്കോ...

7. **തുമ്പിയെ പിടിക്കുമ്പോൾ**

   തുമ്പി തുമ്പീ പാറിയേകോ

നിന്നെ കപ്പ കാറളണ്ണെ
പച്ചി പച്ചി വഞ്ചോ...

8. **മണ്ണപ്പം ചുടുമ്പോൾ പാടുന്നത്**

കുച്ചിപ്പുട്ടുവാ, കൈലപ്പം വാ, ആകത്തപ്പപോ...

9. **നിലാവ് വരാൻ പാടുന്ന പാട്ട്**

പുറ പുറ തിങ്ക പുറാത്തു തിങ്ക
കുപ്പെലി നൂന്തോ, കയ്പിലി നൂന്തോ

10. **ചിരിപ്പിക്കാൻ പാടുന്ന പാട്ട്**

ചിരി ചിരി കൊന്തെ മൂക്കട കൊന്തെ
നിന്ന അപ്പെനും അമ്മനും മൂക്കടകൂട
ചക്കെടുത്തണ്ടു പഞ്ചെരു

11. **വെയില് വരാൻ പാടുന്ന പാട്ട്**

വെയിലെറി വെയിലെറി മാണിക്ക മൊട്ടനെ
കണ്ണാം തിരെട്ടലി കച്ചെലെ പാമ്പു
ഓക്കക്കുടുക്കെലി കഞ്ഞിന വൊളള
ബൂട്ടുപിരെലി കുങ്കച്ചീ
പാപ്പെ വുളിക്കുഞ്ചോ
ബോം.......... ബോം.............

**അണകൊട്ടനും കുറുക്കനും വൊളളരി നട്ട കതെ.**

ഒരുന്ന അണകൊട്ടനും കുറുക്കനും കൂടി വൊളളരി നട്ടെരു. എപ്പാളും എര്തെ നേരത്തും അവെര വൊളളരിപാരുതരു. ഒരായിച്ചെ കയിഞ്ചെക്കു വൊളളിരി വിത്തു മുളെച്ച. അണകൊട്ടെ തയ്യൂക്കു വൊളളമും വളമും ഉട്ടുകൊടുത്ത. ആണെ തയ്യു വലിയായി പടപ്പ തുടങ്കത്ത. കുറേ നാളു കയിഞ്ചക്കു വൊളളിരി പൂവുട്ട. പൂവുടമ തുടങ്കത്തക്കു കുറുക്കെ തന്ന തയ്യൂമ്പത്ത പൂവൊക്കെ പറിച്ചു തിഞ്ചണ്ട. അണൊകാട്ടെ, പൂവുതിനുമ വഞ്ച പുയുവുനൊക്കെ പറിച്ചു ചാടി വൊളളവും വളവും കൊടുത്തു തയ്യുനെ നല്ല നോക്കുത്ത.

ആണെ പൂവൊക്കെ കായു ആത്ത. കുറുക്കെ പുളെന വൊളളിരി തയ്യൊക്ക ഉണങ്കി കൊണ്ടുപോയ. കുറേ നാളു കയിഞ്ചങ്കു അണകൊട്ടെന വൊളളരിയൊക്കെ വലിയാത്ത. നമ്മ

കുറുക്കെങ്കു ഇവനെ കണ്ടുക്കു വലിയ പൂതിയാത്ത. പൗത്തു നിറെഞ്ച വൊളളിരി കണ്ടുക്കു കുറുക്കെങ്കു ഈറുമ പന്ത. അണകൊട്ടെ വൊളിര പറിപ്പ വന്തക്കു കുറുക്കെനും അതെ വന്ത. “ ഏക്കൊരു വൊളളിരി തരുവെവെ അണകൊട്ടാ? ” കുറുക്കെ ചോയിച്ച “പിന്നേ.........നാനു താരേ..........എന്ന ഒപ്പറ താനല്ലേ നീയും നട്ടെയി? നീയു നല്ലണ നോക്കത്തെയി കൊണ്ടല്ലേ നിനക്കു വൊളളിരി തിനുമ പച്ചടാത്തെയി. അണകൊട്ടെ തിരിച്ചു ചോയിച്ച.

അണകൊട്ടെ കുറുക്കെങ്കു ഒരു കായുവരെ കൊടുപ്പ കാണി. ഒക്കൈകൊണ്ടുപോയി വലിയൊരു മരത്തുന മേലത്ത കൊമ്പുമ്പെ കൊണ്ടു പോയി കെട്ടി ഉട്ടണ്ട.

“ നിന്നെ നാനു കാട്ടിത്തരാ അണകൊട്ടാ” ഇയണെ പറഞ്ചണ്ടു കുറുക്കെ തന്ന കൂട്ടുകാറെമാരെ ഒക്കളെയും കൂട്ടികാഞ്ചു വന്ത. എഞ്ചിച്ചു ഒക്കാത്തെങ്കു താതെ ഒരുത്തെ. അവനെ തോളുമ്പെ വോറൊരുത്തെ. ആണെ കേരി കേരി ഇപ്പപ്പം വൊളളരി എടുക്കണെഞ്ചാത്തെരു. അപ്പണക്കു അണകൊട്ടെ കണ്ടു കാഞ്ച.

അപ്പളെക്കു അതെ കുറെയ നീരുവലെഞ്ചി ഉറുമ്പുക പോഞ്ചെന കണ്ട അണകൊട്ടെ. അവരളെ വുളിച്ച. “ഉറുമ്പണ്ണെ മാരേ.... ഇതെവരി. ഈ കുറുക്കമൊരെ വായിച്ചു തന്തെല നാനു വലിയോരു വൊളളിരി നിങ്കക്കു തരാ.” എഞ്ചു പറെഞ്ച.

ഉറുമ്പുക ഒക്കാക്കും താതെ ഉള കുറുക്കന വയ്യെവാട്ടെക്കു ഒച്ചൊരു കടി. അവെ നൊന്തങ്കു മറിഞ്ചു വീന്ത..... ഒക്കാക്കും ഉയരത്തു ഇന്തെയി പുടിവുട്ടു കൈയ്യും കാലും അറെഞ്ചു വീന്ത. നൊന്തണ്ടു ഒക്കാളും ഏന്തെച്ചണ്ടു പാഞ്ചെരു. ആണെ അണക്കൊട്ടെ രച്ചെപ്പെട്ട......

ഉറുമ്പുകക്കു നല്ലൊരു വൊളളിരിയും കൊടുത്ത........

## കുറുക്കന്റെ കൗശലം

കുറുക്കനും പഞ്ചിയും പാപ്പെനാടെക്കു പണിക്കു പോയരു. കുറുക്കെ ചോയിച്ച... പാപ്പാ... പാപ്പാ എങ്കക്കൊരു പണി തറത്തേ പാപ്പെ പണി കൊടുത്തു. ആദിയത്ത ദിവച കുറുക്കെ, പഞ്ചി





പണിയെടുക്കിഞ്ചെനെ മലെഞ്ചണ്ടുമുളിമ്പെ ഇളെച്ചണ്ട ചോറുക്കു നേരാത്തക്കു വേഗ പോയി ചളിലി കിടന്തുരുണ്ടു കാഞ്ചു പാപ്പെ ഉളത്തു പോയി പറഞ്ച. ‘പാപ്പ... പാപ്പ പഞ്ചി ഒരു പണിയും എടുപ്പ കാണി. ഏക്കാത്തല പണിയെടുത്തിച്ചു പളെള എമ്പടും പയ്കിഞ്ചോ ചോറു തരി,

പഞ്ചി പണി കയിഞ്ചു ചളി ഒക്ക കയ്യിചാടി ചോറ്റുക്കു വന്തക്കു അവെ പണി എടുപ്പകാണി എഞ്ചു പറഞ്ചണ്ടു ചോറ്റു കൊടുപ്പകാണി കുറുക്കെനോ പളെളയും നിറച്ചണ്ട

പിന്നെ പിച്ചെ നാളു കുറുക്കങ്കു കല്ലുട്ടെപ്പനും പഞ്ചിക്കും മാനിപ്പറിപ്പണും. കുറുക്കെ പഞ്ചിന ക്കൂട പറഞ്ചെ “ പഞ്ചിയണ്ണാ.... പഞ്ചിയണ്ണാ.... ഏക്കു പെരിക്കലും നിനക്കു കല്ലുടെക്കലുലവ” പഞ്ചി കുറുക്കനെ കൂട ചോയിച്ച കുറുക്കണ്ണാ.... കുറുക്കണ്ണാ.......എന്തെവ കല്ലുട്ടെക്കിഞ്ചെയ്? “ഏകു അറിയ” കുറുക്കെ പറഞ്ച നീയു പാറഞ്ചു വന്തുകാഞ്ചു കല്ലുണ മേലെ കുത്രകെട്ടി മറിഞ്ച പഞ്ചി പാറഞ്ചു വന്തുകാഞ്ചു തന്നതിലെനെ കല്ലുബെ ക്കുട്ടു ഒച്ചെ മുട്ടു” പഞ്ചിനതിലെ പൊട്ടി ഉടഞ്ച... കുറുക്കെ വൂളിച്ചു പറഞ്ച “ പാപ്പലളെ ... പാപ്പലളെ നമ്മ പഞ്ചിയണ്ണെതിലെ ഉടഞ്ചു ചത്തുപോയ... പാഞ്ചു വരി പാപ്പല വന്തു പഞ്ചിനെ അർത്തു മുറിച്ചു ചുട്ടുകരിച്ചു വെച്ചരു അപ്പളെക്കു താനെ കുറുക്കെ നെല്ലുവിതെമ്പെ തീ പിടിപ്പിച്ച പാപ്പനെ ....... പാപ്പനെ നെല്ലു വിതെമ്പെ തീ പുടിച്ചണ്ടോ .... പാഞ്ചു വരി.

പാപ്പെല പാഞ്ചു വന്ത വൊളള പാറുന്തു തീയൊക്ക മയിച്ചക്കു കുറുക്കെ പഞ്ചിയിറാച്ചിയൊക്കെ ഒരിലെലി കെട്ടി പൊതിഞ്ചു ഏടെക്കോ പാഞ്ചുട്ട, പോഞ്ച വയിക്കു അവെ ഒരു മിരത്തി തന്ന കഞ്ചുണെ തീച്ചികൊണ്ടു നിഞ്ചിന്ത. കുറുക്കെ അത്തുനടത്തു പോയിങ്കാഞ്ചു ചോയിച്ച. ഊതി ഊതി ഇവെനൊട്ടള കറി വെച്ചുതരുവെത്തേ.... നിന്ന കഞ്ചുനെ നാനു നോക്കി തര..... മിരത്തി പഞ്ചിറച്ചിയും വേങ്കി പിരെക്കു പോയു.

ഇത്തിരി കയിഞ്ചക്കു കുറുക്കെ പിരെക്കു വന്തുങ്കാഞ്ചു. ചോയിച്ച “ഉത്തിയുത്തി കഞ്ചിയാത്തൊാത്ത” “ഇപ്പലവ അരി കയ്യി

ഉടിഞ്ചെ” ഉത്തിപ്പറഞ്ചു കുറുക്കെ പിന്നെയും പോയ ഇത്തിരി കയിഞ്ചക്കു പിന്നെയും വന്ത ഉത്തിയുത്തി കറിയാത്തൊത്ത... ഇപ്പലവ കറി അരിഞ്ചേ.... കുറുക്കെ പിന്നെയും പോയ ഇത്തിരി കയിഞ്ചക്കു പിന്നെയും വന്ത. “ഉത്തിയുത്തി കറിയാത്തൊത്ത...” ഇപ്പലവ പാത്തിര കയിഞ്ചേ... ഏഞ്ചു പറഞ്ചു. ഇവനെ കേട്ടു കാഞ്ചു കുറുക്കെ പാഞ്ചു പോയികാഞ്ചു മിരത്തിന ക്കഞ്ചു മറിനെ കൂരെവിലിക്കു ചവുട്ടിതാത്തു ത്ത പിന്നെ പിരെക്ക പോയി മിരത്തിന കൂട പറഞ്ചെ “ ഉത്തി.... ഉത്തി... നിന്ന കഞ്ചുമറി കൂരവിലി താന്തു പോയ” ഉത്തി മിരത്തി പാഞ്ചുപോയി തന്ന കഞ്ചുന കൂരെ വിലിന്തു വലിച്ചുകേച്ചി വന്തക്കു കുറുക്കെ ഇറെച്ചിയും ചോറും ഒരിലെലി പൊതിഞ്ചെടുത്തണ്ടു പായിഞ്ചൊ... ഉത്തി മിരത്തി അവെന വയ്യെ പാഞ്ചു.

കുറുക്കെ വേഗപോയി വേലി തറമ്പെ കേരിളച്ചുകാഞ്ചു കറിയും ചോറും തിനുതുടങ്കുത്ത അപ്പളെക്കു ഒരു നരി അതെ വന്ത ഇവെ കുറുക്കനെ കണ്ട “ നീയു എൻതെനെവാ തിനിഞ്ചെ?” കുരുവുള കായുള എഞ്ചല ഏക്കു ഒഞ്ചു താറത്ത- നരി ചോയിച്ച കുറുക്കെ ഒരു കണ്ടം ഇറച്ചികൊടുത്ത. നരി അവനെ തിഞ്ച പിന്നെയും ചോയിച്ച കുറുക്കെ പിന്നെ ഒഞ്ചു കൂടി ഉട്ടുകൊടുത്ത. പിന്നെയും പിന്നെയും ചോയിച്ചക്കു കുറുക്കെങ്കു അരിയ.

പുടിച്ച കുരുവുകായും തീരുന്തു പോയ..... നാനിപ്പം എന്ന തുടെമ്പിയ ഇറെച്ചിലാ നുള്ളി തിഞ്ചെ... ഇനി നീയു നിന്ന ഇറച്ചിതിനു നരി തന്ന തുടമ്പിത്ത ഇറെച്ചി നുള്ളി തിനുവ തുടങ്കുത്ത നരിക്കു നോവ തുടങ്കുത്ത നരി പറഞ്ച അയൊത്ത കുറുക്കണ്ണ ഏക്കുലവ നോയിഞ്ചോ ചോരയും വഞ്ചൊ... എൻത്തെയ്‌വ ച്ചെയ്യുവ...? അപ്പെളെക്കു കുറുക്കെ പറെഞ്ച, അക്കെരെ മലെതാ ഒരു പാറക്കല്ലു, അവെമ്പെ പോയി ഇളെച്ചുടു നരി പാഞ്ചുപോയി പാറക്കല്ലുമ്പെ ഇളച്ചുവുട്ട, അയ്യാ എഞ്ചു.

ചുട്ടു പയുത്തു ഇന്തക്കല്ലുമ്പെ ഉട്ടുഇളെച്ച നരി അവെമ്പ അളായി പുടിച്ച, നരി ഏന്തെപ്പ നോക്കുത്ത പച്ചുവങ്കാണി. അപ്പെളെക്കു ചെന്നായ്ക വന്തെരു. നരി അവെരളെ വുളിച്ച





ചെന്നായ് അണ്ണെമാരേ ചെന്നായ് അണ്ണെമാരെ ഇതെവരി ഇതേവരീ എന്നെ ഊടുന്തു എന്തെപ്പിച്ചു നിങ്കക്കു നാനു വരിയൊരു മുറുകത്തുനെ പുടിച്ചു തരാ. ചെന്നായ്ക വേഗവന്തു ഉച്ചിച്ചും തൂറിച്ചും ഏന്തെപ്പിച്ചു വുട്ടെരു. നരി അവരളെയും കൂട്ടി കാട്ടിലി പോയ. ഒരു തോട്ടത്തിലി കേരികാഞ്ചു പറെഞ്ച, നിങ്ക താകെ നിഞ്ചൊയ് നിങ്കക്കിപ്പ പുടിച്ചുതരാ. നരി മേലെ ഇറന്തു വലിയൊരു പാറക്കല്ലുനെ ഉറൂട്ടി ഉട്ടുകൊടുത്ത. അതാ വഞ്ചോ പുടിച്ചൊയി. ചെന്നായ്ക കടിച്ചിച്ചും വാന്തിച്ചും മതിയാത്തെരു. ആണെ ആഞ്ചു ചെന്നായ്ക്കള പല്ലൊക്ക വളെഞ്ചു പോയെയി. പിന്നെ പിന്നെ നരി ചെന്നായ്കളെ കണ്ടെല ചത്തപ്പോലെ കിടന്തരു. അവെരെ വന്തു ചൊവിട്ടിലും മൂക്കിലിയും വാലുട്ടു നോക്കുവെരു. ചത്തെയി എഞ്ചു വിയരിച്ചണ്ടു ആടെ ഉട്ടുങ്കാച്ചു പോട്ടെരു

## തമാശക്കഥ

ഒരു അളിയെനും, അളിയെനും ഇന്തെരു. ഒരുന്ന അവെര ഇരുവെരു കാട്ടിലി കായലുവൊട്ടുവ പോയെരു. കായലൊക്ക വൊട്ടി കയിഞ്ചക്കു ഒരുത്തെങ്കു വെച്ചിലെ തിനുമമാതിച്ച. അളിയെനും, അളിയെനും കൂടി വെച്ചിലെ തിഞ്ചെരു. പിന്നെയും കായലുനോക്കി കാട്ടിലിക്കൂടി നടന്തെരു. ഓമികയിഞ്ചെക്കു ഒരുത്തെ പറെഞ്ചെ “നരി, അളിയാ” ഇവനെ കേട്ടെഞ്ചും മച്ചിയ അളിയെ ഒരൊച്ചപ്പാച്ചുളു. വയ്യെ മച്ചിയ അളിയെനും പാഞ്ച. കുറെയ അങ്കു പാഞ്ചു കയിഞ്ചക്കു ഇരുവെരുക്കും ചങ്കട്ട പുടിച്ച. ഇരുവെരും നിഞ്ചെരു. ‘ നിങ്ക എന്തങ്കു പാഞ്ചെയി?” മിനെലി പാഞ്ച അളിയെ വയ്യ പാഞ്ച അളിയനെ കൂട്ട ചോയിച്ച. ‘ നിങ്ക പാഞ്ചെയി കൊണ്ടല്ലേ നാനു പാഞ്ചെയി’ വയ്യെ പാഞ്ചാ അളിയെ പറഞ്ചെ. എഞ്ചങ്കു മിനെലി പാഞ്ച അളിയെ പറഞ്ചെ, “ നിങ്ക നരി” എഞ്ചു പറെഞ്ചങ്കിലാ നാനു പാഞ്ചെയി ” നാനു വിയരിച്ചെ നീയു ‘നരി’ വഞ്ചോ എഞ്ചു പറഞ്ചെഞ്ചു. അവെക്കു നാനു പോടിച്ചണ്ടു പാഞ്ചെയി ആഞ്ചു.

## അധ്യായം മൂന്ന്

### പണിയർ: ജീവിതവും സംസ്കാരവും

സമ്പന്നമായ സാംസ്കാരിക പാരമ്പര്യമുള്ള ആദിവാസി സമൂഹങ്ങളുടെ നാടാണ് വയനാട്. കേരളത്തിലെ ആദിവാസികളിൽ എണ്ണം കൊണ്ട് ഏറ്റവും വലിയ ജനവിഭാഗമാണ് പണിയർ. ഓരോ പ്രദേശത്തെ കുറിച്ച് കൃത്യമായ അറിവും നിലനിൽപ്പിനായുള്ള മാർഗ്ഗങ്ങളും ഇവർക്ക് പ്രത്യേകമായി ഉണ്ടായിരുന്നു. ഗോത്രജീവിത തനിമയുള്ള പണിയ സമുദായം ഊരുമൂപ്പനിൽ കേന്ദ്രീകൃതമായ സാമൂഹിക ജീവിതം നിലനിർത്തി പോരുന്നു.

സാമൂഹിക ജീവിതത്തിലും ഭൗതിക സംസ്കാരത്തിലും അവതരണ കലകളിലും ആചാരാനുഷ്ഠാന വിശ്വാസങ്ങളിലുമൊക്കെ തനതായ ഒരു ഗോത്ര വഴി പണിയർക്കുണ്ട്. കുടിയേറ്റത്തോടെ അടിമകളാക്കപ്പെട്ട പണിയർ ദുരിതത്തിന്റേയും ദു:ഖത്തിന്റേയും വഴിയിലൂടെ ഇന്നും ജീവിതയാത്ര തുടരുന്നു. എന്നിരുന്നാലും വംശീയമായ ഓർമ്മകളും സംസ്കാരവും പരിപാലിച്ച് വരുന്ന സമൂഹമാണ് പണിയർ. ഒരു സമുദായത്തെ മനസ്സിലാക്കുന്നതിന് അവരുടെ സമുദായത്തെ മമതയോടും തെളിമയോടും അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമാണ് ഈ കുറിപ്പുകൾ.

ആദിവാസി വിഭാഗത്തിൽ സാമൂഹ്യസാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള പണിയർക്ക് വിവിധ രീതിയിലും ആചാരാനുഷ്ഠാനങ്ങളിലും വിദ്യാഭ്യാസ നിലവാരത്തിലും കാര്യമായ വ്യത്യാസം ഉണ്ടായിട്ടില്ല. സാമൂഹിക ദുരന്തം ഏറ്റുവാങ്ങിയ ആദിവാസികളിൽ പണിയർ തന്നെയാണ് മുന്നിൽ. പൊതുവെ സമ്പാദ്യശീലം പണിയരിൽ കുറവാണ്. എങ്കിലും ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കുവേണ്ടി കരുതിവെക്കുന്ന ശീലം ഉണ്ട്. ഇവരുടെ ഭാഷ, വേഷം, ആഭരണം, ഭക്ഷണ രീതി എന്നിവയിലെല്ലാം ഏറെ പ്രത്യേകതകളുണ്ട്.

### കുടുംബ പശ്ചാത്തലം

സ്വന്തമായി വീട്ടുപേരുള്ള (ഇല്ലപ്പേര്) വരാണ് എല്ലാ





കുടുംബക്കാരും. പക്ഷെ ഇതൊരിക്കലും പുറത്തു പറയാൻ ആഗ്രഹിക്കുന്നില്ല. ഓരോ പണിയ കുടുംബത്തിനും ഓരോ ഇല്ലപ്പേരുണ്ട്. ഉദാഹരണമായി ബരതിയൻ, കണ്ണൻ ചാത്തൻ, കിയങ്ങാടൻ, കറുവണ്ണൻ, മണിയങ്കോടൻ പീലിയേരിയൻ, തരുവാടൻ, വല്ലിക്കാരൻ, ചാത്തൻകോടൻ തുടങ്ങിയവ ഏതാനും ചില ഇല്ലപ്പേരുകളാണ്. ഓരോ കുടുംബത്തിൽപ്പെട്ടവർക്കും ഓരോ മൃഗവും മരവും ഉണ്ടാകും. ഉദാഹരണമായി കണ്ണൻചാത്തൻ കുടുംബത്തിന്റെ കുടുംബമരം കുളത്തിയും (കുളാവ്) മൃഗം കന്നുകാലിയും പക്ഷി ചെമ്പോത്തുമാണ്.

ഓരോ പണിയ തറവാടിനും ഓരോ മൂപ്പനുണ്ടാകും. ചെമ്മിയും, കോയമയും. മൂപ്പന്റെ നേതൃത്വത്തിലാണ് തറവാട്ടിലെ മുഴുവൻ കാര്യങ്ങളും നടത്തി പോകുന്നത്. ചെമ്മിയാണ് സൗകര്യങ്ങളെല്ലാം ചെയ്യുന്നത്. മണിയിടൽ, കൊടിവെക്കൽ, (രോഗം വന്നാൽ രോഗനിർണ്ണയവും പരിഹാരവും പ്രാർത്ഥനയിലൂടെ കണ്ടെത്തൽ) തെയ്യം കെട്ടലും, കൊടിവെക്കലും (പ്രശ്നം വെക്കൽ) കല്ല്യാണ കാര്യം ഇവയൊക്കെ നടക്കാറ് ചെമ്മി അഥവാ (ഊരു മൂപ്പൻ) ഇക്കാര്യങ്ങൾ ചെയ്യാനറിയാത്ത സാഹചര്യത്തിൽ മറ്റു പ്രദേശങ്ങളിലെ വെളിച്ചപ്പാടിനെ വിളിച്ചു വരുത്തും. കല്ല്യാണത്തിന് ചെമ്മി, കോയ്മ എന്നീ രണ്ടുപേരും നേതൃത്വം വഹിക്കാറുണ്ട്.

കുടിയിൽ എന്തെങ്കിലും തരത്തിലുള്ള കുടുംബ പ്രശ്നം ഉണ്ടായാൽ പരിഹാരം കാണുന്നതും നിറഞ്ഞ കല്യാണം, ദൈവം കാണൽ, അടിയന്തിരങ്ങൾ തുടങ്ങിയ ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നതും ഇവർ തന്നെ. ചെമ്മി മരിച്ചു കഴിഞ്ഞാൽ ചെമ്മിയുടെ അനന്തരാവകാശികൾ (തലമുറകളായി കൈമാറി വരുന്നതിനാൽ) മിക്കവാറും ചെമ്മിയുടെ മൂത്ത മകനോ ഇളയമകനോ ആകുമത്. അങ്ങനെയൊരാളില്ലെങ്കിൽ അടുത്തോ, അകലെയോ ഉള്ള മറ്റുചെമ്മിമാർ വന്ന് കാര്യങ്ങൾ നോക്കും. ഒരു കുടുംബത്തിലെ പ്രായം ചെന്ന ആൾ പുരുഷനാണെങ്കിൽ പേരക്കുട്ടികൾക്ക് അയാൾ ചാച്ചപ്പനും, സ്ത്രീയാണെങ്കിൽ ചാച്ചമ്മയുമായിരിക്കും.

കുട്ടുകുടുംബ വ്യവസ്ഥിതിയാണ് കൂടുതലും. ഒരു വീട്ടിൽ തന്നെ പത്തും പതിനഞ്ചും ആളുകൾ കാണും. ഇങ്ങെനെയുള്ള പത്തിരുപത് വീടുകൾ കുടുന്നതാണ് ഒരു സങ്കേതം. എല്ലാവരും ഒന്നിച്ച് അദ്ധ്വാനിച്ച അദ്ധ്വാനഫലം ഒരുമയോടെ പങ്കുവെച്ച് ജീവിക്കുന്നു. ബന്ധങ്ങൾക്കും ബന്ധുക്കൾക്കുമുള്ള പ്രാധാന്യം ഇവരുടെ ഏതൊരു ആഘോഷവേളയിലും പ്രകടമാണ്. ആഘോഷനാളുകളിൽ കുട്ടികളും മുതിർന്നവരുമെല്ലാം ചടങ്ങുകൾ കഴിയുന്നതു വരെ ഊരുകളിൽ തന്നെ കഴിയും. മരണച്ചടങ്ങുകളിൽ ഇത് ഏഴുദിവസം വരെയാണ്.

മറ്റു ഊരു സന്ദർശനങ്ങളും ബന്ധു വീടു സന്ദർശനങ്ങളും ദിവസങ്ങളോളം നീണ്ടുനിൽക്കുന്നതാണ്. കുടുംബത്തിൽ തികച്ചും ശിശുസൗഹൃദ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. കുട്ടിയുടെ ഇഷ്ടങ്ങൾക്ക് ഉയർന്ന സ്ഥാനം നൽകുന്നു. പൊതുവേ ഒരു കാര്യത്തിനും ആരും ആരേയും നിർബന്ധിക്കുന്നില്ല. ഈ തരമിത സ്നേഹം ലഭിക്കുന്നവർ മുതിർന്നവരെ അനുസരിച്ചും കണ്ടും വളരുകയും, ഇതു ലഭിക്കാത്തവർ അലസൻമാരായും തീരുന്നു. പൊതുസമൂഹം ഇതിനെ തെറ്റിദ്ധരിക്കുകയും ചൂഷണം ചെയ്യാറുമുണ്ട്.

**ഭക്ഷണവും ആരോഗ്യവും.**

കാടു വീടായിരുന്ന ആദ്യ കാലങ്ങളിൽ ഭക്ഷണത്തിന് പൂർണമായും ഇവർ കാടിനെയായിരുന്നു ആശ്രയിച്ചിരുന്നത്. രാവിലെ മുതൽ കാട്ടുകിഴങ്ങുകളും പഴങ്ങളും ശേഖരിച്ച് വിശപ്പടക്കുകയും കാട്ടുചോലയിലെ വെള്ളം കുടിച്ച് ദാഹം തീർക്കുകയും ചെയ്തിരുന്നു. അന്തിയാകുമ്പോൾ എന്തെങ്കിലും ഭക്ഷണ സാധനവുമായി വീട്ടിലെത്തും, മിക്കവാറും ഒരു ചെറിയ കെട്ട് ചുള്ളിക്കമ്പോ, വിറകുകെട്ടോ കൂടെകാണും.

മാരകമായ രോഗങ്ങളൊന്നും സാധാരണയായി കാണാറില്ല. ഏതെങ്കിലും രോഗങ്ങൾ പിടിപെട്ടാൽ തന്നെ ചുറ്റുപാടുമുള്ള പച്ച മരുന്നുകളാണ് കൂടുതലും ഉപയോഗിക്കാറ്. ഇലക്കറികളും കിഴങ്ങുകളും ധാരാളമായി ഉപയോഗിക്കുന്നു. മാംസാഹാരമായി പുഴമീൻ, ഞണ്ട്, ആമ, നൂഞ്ചി (ഞവണിക്കായ്) എന്നിവയും





ഉപയോഗിക്കുന്നു. മീൻ പിടിത്തവും ഞണ്ടു പിടിത്തവും ഇവരുടെ പ്രധാന വിനോദങ്ങളാണ്. തോട് ചിറകെട്ടി തേകി വറ്റിച്ച് ചാട ഉപയോഗിച്ചാണ് പിടിക്കുന്നത്. നൂഞ്ചി പിടിച്ച് ഇലക്കറികൾ, മറ്റു ഒഴിച്ചുകറികളിലും ചേർത്ത് വേവിച്ചാണ് ഉപയോഗിക്കുന്നത്. കാത്സ്യം ഏറ്റവും കൂടതലായി അടങ്ങിയ ഇത്തരം ആഹാര സാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടാകാം ഇവരുടെ പല്ലുകൾക്ക് കേടുപാടുകൾ വളരേ കുറവാണ്. മാത്രമല്ല പല്ലുകൾ കൊഴിയുന്നതും വളരെ പ്രായമായതിനു ശേഷമാണ്. വയലുകളിലും മറ്റും കാണുന്ന ഞണ്ടുകളേയും ധാരാളമായി കഴിക്കാറുണ്ട്.

പണിയരുടെ ഞണ്ടു പിടിത്തം വളരെ രസകരമാണ്. ഞണ്ടുള്ള പൊത്തുകൾ ഇവർക്ക് പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കും. തിരിച്ചറിഞ്ഞാലുടനെ ഞണ്ടിൻ പൊത്തിൽ കൈയിടുന്നു. ഇടുന്ന കൈ ഒരരുകിൽ നിന്നും മണ്ണോടു കൂടി ഞണ്ടിരിക്കുന്ന വശത്തേക്ക് പതുക്കെ നീക്കി നീക്കി ഞണ്ടിനെ ഒരൊറ്റ പിടുത്തം. അങ്ങനെ കൈവിരലിൽ കടിക്കാതെ ഞണ്ടിനെ പിടിക്കുന്നു. മറ്റൊരു രീതിയിലും ഞണ്ടിനെ പിടിക്കാറുണ്ട്. നെല്ലിന്റെ കൂമ്പ് മാനിപ്പുല്ലിന്റെ അറ്റത്ത് കെട്ടിയിട്ട് അത് ഞണ്ട് മടയുടെ ഉള്ളിലേയ്ക്കിടും. ഞണ്ട് അതു തിന്നാൻ കയറി വരുന്നതിനനുസരിച്ച് പുല്ല് മുകളിലേക്ക് വലിച്ചുകൊണ്ടേയിരിക്കും. അങ്ങനെ ഞണ്ട് മുകളിലെത്തിയാൽ അതിനെ പിടിക്കും. ഇത്തരം കാര്യങ്ങളിൽ ഇവരുടെ നിരീക്ഷണപാടവവും കൂർമ്മബുദ്ധിയും വളരെ ശ്രദ്ധേയമാണ്.

പല തരത്തിലുള്ള കിഴങ്ങു വർഗ്ഗങ്ങളും ഇവരുടെ ഇഷ്ട ഭക്ഷണമാണ്. നൂറെക്കിഴങ്ങ്, നാരെക്കിഴങ്ങ്, കവിലെക്കിഴങ്ങ്, നീണ്ടിക്കിഴങ്ങ്, ചെറു കിഴങ്ങ് എന്നിവയെല്ലാമാണ് പ്രധാനപ്പെട്ടവ. കൂടാതെ പേരറിയാത്ത പലതരം കിഴങ്ങുകളും ഉപയോഗിക്കാറുണ്ട്. ഇവയിൽ പച്ചയോടെ തിന്നുന്നവയും വേവിച്ചു കഴിക്കുന്നവയും വേറെ വേറെയുണ്ട്. ഇലക്കറികളിൽ മുഖ്യമായവ മത്തനില, ചേമ്പില, മുയൽച്ചെവിയൻ, ചുരുളി, പൊന്നാംകണ്ണി, തകര, കാട്ടുമുന്തിരിങ്ങ, ചുക്കുട്ടിയില, കരിമുടുങ്ങെ, പയറില, മുരിങ്ങയില, തഴുതാമ, മുളംചീര, മുരിക്കില,

കാന്താരിയില, പഞ്ചിതാള് എന്നിവയാണ്.

ഞാവൽപ്പഴം, ചാച്ചിപ്പഴം, അത്തിപ്പഴം, കൊട്ടപ്പഴം, വെട്ടിപ്പഴം, അങ്ങലപ്പഴം, അണ്ണച്ചിക്കായ തുടങ്ങിയ കാട്ടു പഴങ്ങളും ഇവർ ധാരാളമായി ഭക്ഷിക്കാറുണ്ട്. കൂടാതെ താന്നിക്കാപ്പരിപ്പ്, ഞേങ്ങും കായുടെ ഉള്ളിലെ പരിപ്പ്, (ഇത് വറുത്തു തിന്നുന്നു.) എന്നിവയും കഴിക്കാറുണ്ട്.

മുളങ്കൂമ്പ് കൊത്തിയരിഞ്ഞ് തിളപ്പിച്ച് അതിന്റെ കട്ടു കളഞ്ഞ് തോരനുണ്ടാക്കി കഴിക്കുന്നു. കുമ്മൻ (കൂൺ) ഇവരുടെ മറ്റൊരിഷ്ട വിഭവമാണ്. ആഹാരയോഗ്യമായ കുമ്മൻ തിരിച്ചറിയാൻ ഒരു പ്രത്യേത പാടവം തന്നെയിവർക്കുണ്ട്. ചവലക്കൂൺ, കരടിക്കൂൺ, (ഇതിനു കറുത്ത നിറമാണ് സാധാരണ കൂണിനേക്കാൾ വലിപ്പം കാണും.) വയൽക്കൂൺ, മയിൽമുടക്കൂൺ, വെള്ളാരംകൂൺ, പെരിക്കൂൺ, എന്നീ ഇനങ്ങളെല്ലാം ഭക്ഷിക്കാറുണ്ട്. കാട്ടിൽ നിന്നും ശേഖരിക്കുന്ന തേനും ധാരാളമായി ഉപയോഗിക്കുന്നുണ്ട്.

അരി ആഹാരം മിക്ക ദിവസങ്ങളിലും ഒരു നേരമായി ചുരുങ്ങുന്നു. ഒരു നേരമാണെങ്കിലും ചുറ്റുവട്ടത്തുമുള്ള ബന്ധുക്കൾ മിക്കവരും അതിൽ പങ്കെടുക്കും. അതിനാൽ ഈ അരിവെപ്പ് മിക്കപ്പോഴും രാത്രിസമയത്താകും.

ഇന്ന് യോഗവിദ്യാക്രമം, പ്രകൃതിചികിത്സ എന്നിവ അനുശാസിക്കുന്ന തികച്ചും ശാസ്ത്രീയമായ ജീവിത രീതിയാണ് ഇവർ അനുവർത്തിച്ചിരുന്നത്. പ്രകൃതിദത്ത വിഭവങ്ങൾ മാത്രമാണ് ആഹാരക്രമത്തിൽ ഉൾപ്പെടുന്നത്. അതിനാൽ കീടനാശിനി, രാസവളപ്രയോഗം എന്നിവയിലൂടെ ഉണ്ടാകുന്ന രോഗങ്ങളും പാർശ്വഫലങ്ങളും ഇവരിൽ പൊതുവെ കുറവായിരുന്നു.

ആരോഗ്യരംഗത്ത് മറ്റു ജനവിഭാഗങ്ങൾ നേരിടുന്ന പലപ്രശ്നങ്ങളും ഇവർക്ക് അന്യമായിരുന്നു. ഉദാഹരണത്തിന് അകാലനര, പല്ലുവേദന, പല്ലുകൊഴിയൽ, മാരകമായ കാൻസർ, പ്രമേഹം, കൊളസ്ട്രോൾ എന്നിവയൊന്നും തന്നെ ഇവരെ അലട്ടിയിരുന്നില്ല.

പ്രകൃതി ജന്യമായ പച്ചിലക്കറികൾ, കിഴങ്ങുകൾ, പഴങ്ങൾ, കായ്കൾ, തേൻ, മുളയരി, കൂണുകൾ എന്നിവ സമൃദ്ധിയായി ഉപയോഗിക്കുന്നതാണ് ഇതിന്റെ രഹസ്യം.





ഏതെങ്കിലും രീതിയിൽ രോഗം പിടിപെട്ടാൽ ചികിത്സ തേടാൻ പൊതുവെ മടിയാണ്. പഴയകാലത്ത് തെയ്യം കാണലായിരുന്നു പ്രധാനമായും രോഗം അകറ്റാൻ സ്വീകരിച്ചിരുന്ന മാർഗ്ഗം. കൂടാതെ പച്ച മരുന്നുകളും ചികിത്സയ്ക്കായ് ധാരാളം ഉപയോഗപ്പെടുത്തുന്നു.

ഏതാനും ചില രോഗങ്ങളും അവയ്ക്ക് ഇവർ ഉപയോഗിച്ചിരുന്ന പച്ചമരുന്നുകളും നോക്കു.

| രോഗം | മരുന്ന്/ ചികിത്സാക്രമം |
|---|---|
| തൊണ്ടവേദന, ചുമ | ചുണ്ണാമ്പ് തൊണ്ടയിൽ പുരട്ടുന്നു. |
| ചൊറി | പച്ചമഞ്ഞൾ, ആര്യവേപ്പില അരച്ചിടുന്നു. |
| തലവേദന | കടുക്, തൊട്ടാവാടിഇല നെറ്റിയിൽ അരച്ചിടുന്നു. |
| വയറിളക്കം | പാടക്കിഴങ്ങ്, പുളിയാറില മോരിൽ അരച്ചുകുടിക്കുന്നു. |
| വയറുവേദന | പാവയ്ക്കയില, കളിച്ചികൊട്ട ചുട്ടു കഴിക്കുന്നു. |
| മഞ്ഞപ്പിത്തം | കീഴാർനെല്ലി സമൂലം അരച്ചുകഴിക്കുന്നു. |
| ചോരക്കുരു | കുറുന്തോട്ടിയില, കാന്താരിയില അരച്ചിടുന്നു. കഫക്കെട്ട് മണിത്തക്കാളി വേവിച്ചു കഴിക്കുന്നു. |
| വളംകടി | നിലംപുളി ഉപ്പുചേർത്ത് വാട്ടി ഉപയോഗിക്കുന്നു. |
| മുറിവിന് | മൂന്നാം കണ്ണിയുടെ മൂന്നിലയും ചുണ്ണാമ്പും കൂട്ടിയരച്ച് മുറിവുള്ളിടത്ത് കെട്ടിവെയ്ക്കുന്നു. (തൊട്ടാവാടിയുടെ ഇല കമ്യൂണിസ്റ്റ് പച്ചയും ആകാം.) |
| തലവേദന | ഏലവള്ളി ചതച്ചുകെട്ടുന്നു. |
| ശ്വാസം മുട്ട് | കുറുന്തോട്ടി വേര് കഷായം വെച്ചു കുടിക്കുന്നു. |

അലർജി കറിങ്കുരഞ്ഞി നീരെടുത്ത് കഴിക്കുന്നു.

ആരോഗ്യ പ്രശ്നങ്ങൾ ഇവരിൽ പൊതുവെ കുറവാണ്. എന്നാൽ ഇന്ന് പലരും ആധുനിക ചകിത്സാക്രമത്തിന് അടിമകളാണ്. രോഗം വന്നാൽ അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തെ തന്നെയാണ് സമീപിക്കുന്നത്. പ്രായമായവർ മാത്രം പാരമ്പര്യ ചികിത്സാക്രമം പാലിക്കുന്നു.

## കൃഷി

പുരാതന കാലത്ത് ജനസംഖ്യ കുറവും പ്രകൃതി വിഭവങ്ങൾ സുലഭവുമായിരുന്നു. അതുകൊണ്ടുതന്നെ കൃഷി എന്ന സങ്കേതത്തെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യകത ഉണ്ടായിരുന്നില്ല. ദാഹമകറ്റാൻ കാട്ടാറിലെ ശുദ്ധജലം ധാരാളം. വയറു നിറയ്ക്കാൻ സുഭിക്ഷമായ പഴവർഗ്ഗങ്ങൾ, കിഴങ്ങുകൾ, കായ്കൾ, പച്ചിലകൾ, തേൻ എന്നിവയും, അതിനും പുറമെ ഞണ്ട്, മീൻ, വേട്ടയാടിയും കെണിവെച്ചും പിടിക്കുന്ന മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയും ഉണ്ടായിരുന്നു. എന്നാൽ തേനും പാലുമൊഴുകുന്ന ആ സുവർണ കാലഘട്ടം പെട്ടെന്ന് പോയി മറഞ്ഞു. പ്രകൃതി വിഭവങ്ങളുടെ ലഭ്യത കുറയുകയും ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. ഈ പശ്ചത്തലത്തിലാണ് കൃഷിയെ കുറിച്ച് ചിന്തിച്ചുതുടങ്ങിയത്.

പണിയരുടെ ഏറ്റവും പ്രധാന കൃഷി നെൽകൃഷിയാണ്. സ്വന്തമായി കൃഷിയിടങ്ങൾ കുറവായിരുന്ന ഇവർ ജന്മിമാരുടെ പാടത്തും പറമ്പിലും കൃഷിചെയ്തും കൂലിപ്പണിയെടുത്തുമാണ് കഴിഞ്ഞിരുന്നത്. കൃഷിയുമായി ബന്ധപ്പെട്ട ഒട്ടേറെ ആചാരങ്ങൾ ഇവരിലൂടെ ജന്മിമാർ നടത്തുന്നുണ്ട്. ദൈവത്തെ സന്തോഷിപ്പിക്കുന്ന പൂജ നടത്തിയാണ് ജന്മിമാർ വിത്തിടാൻ പോകുന്നത്. വിത്തിടുന്ന ആൾ തന്നെ ആദ്യം ഞാറു പറിക്കണം (തൊട്ടു ഞാറു പറിക്കൽ) എന്നും, വിളവെടുക്കണമെന്നുമാണ് വിശ്വാസം.

ഒരു ദിവസം കൊണ്ട് ഒരു പാടം മുഴുവൻ ഞാറ് പറിച്ചു നടുന്ന നാട്ടിക്ക് “കമ്പള നാട്ടി”എന്നാണ് പറയാറ്. കൃഷിയിലെ കൂട്ടായ്മയും താത്പര്യവുമാണ് കമ്പളനാട്ടി സൂചിപ്പിക്കുന്നത്.





ജോലി സ്ഥലത്തെ മടുപ്പ് ഒഴിവാക്കുന്നതിനും, കൂടുതൽ വേഗത്തിൽ പണി നീങ്ങുന്നതിനുമായി കമ്പളപ്പാട്ടുപാടി ഞാറു പറിച്ചു നടുന്നു.

## കമ്പളനാട്ടി ചടങ്ങ്

പാടം ഉഴുത് തയ്യാറാക്കിയ ശേഷം കോളനിമൂപ്പന് കമ്പള അറിയിപ്പ് നൽകുന്നു. ദിവസം നിശ്ചയിച്ചാൽ എല്ലാവരും അന്നേ ദിവസം പാടെത്തെത്തുകയും, പുരുഷന്മാർ തുടികൊട്ടുകയും കുഴൽ വിളിക്കുകയും ചെയ്യുമ്പോൾ സ്ത്രീകൾ താളത്തിനൊത്ത് ചുവടുവച്ച് ഞാറു പറിച്ച് നടുന്നു.

വിളവെടുത്തു കഴിഞ്ഞാൽ ദൈവത്തിനു കൊടുത്ത ശേഷമേ കഴിക്കാറുള്ളു. നെൽകൃഷിക്കു പുറമെ മുത്താറി, ചോളം, ചേന, ചേമ്പ്, വഴുതിന, പയറ്, വെണ്ട, പൂതൻ (കുമ്പളങ്ങ), കുമ്പളം (മത്തൻ) എന്നിവയും കൃഷിചെയ്യുന്നു.

മുത്താറി വിളവെടുക്കുമ്പോൾ അത് പൊടിച്ച് കുഴച്ച് ഇലയിൽ പരത്തി അട ചുടുന്നു. ഈ അട ചുടുന്ന സമയത്ത് കയ്യിൽപതിഞ്ഞ മാവ് ചുമരിൽ പതിപ്പിക്കുന്നു. ഇങ്ങനെ ചെയ്തില്ലെങ്കിൽ പാമ്പു വരുമെന്നാണ് വിശ്വാസം.

ആകാശത്തെ ആണായും, ഭൂമിയെ പെണ്ണായുമാണ് കാണുന്നത്. കൃഷിയോടനുബന്ധിച്ച് പാടുന്ന പാട്ടുകൾ ധാരാളമുണ്ട്. ഇവയ്ക്ക് പ്രത്യേക ആശയമോ, അർത്ഥമോ ഉണ്ടാകണമെന്നില്ല. എങ്കിലും ഒരു മണിക്കൂറിലേറെ നീണ്ടുപോകുന്ന പാട്ടുകൾ ഉണ്ട്. അപ്പപ്പോൾ ആവശ്യമായ വരികൾ ചേർത്ത് നീട്ടിപ്പാടാൻ ഒരു പ്രത്യേക വിരുത് ആണുങ്ങൾക്കും പെണ്ണുങ്ങൾക്കുമുണ്ട്.

സാധാരണയായി ഞാറു നടുമ്പോൾ പാടുന്ന കമ്പളപ്പാട്ട് വളരെ പ്രസിദ്ധമാണ്.

കൃഷിക്കു പുറമെ ഉപകരണനിർമ്മാണവുമായി ബന്ധപ്പെട്ട് ചിരട്ടതവി നിർമാണം, പായനെയ്ത്ത്, കുട്ടനെയ്ത്ത്, ചൂൽ നിർമ്മാണം, കൊരമ്പക്കുട, മീൻകൂട, തുടി, ചീനം എന്നിവയും നിർമിക്കാറുണ്ട്. കുറുന്തോട്ടി ശേഖരണം, ചപ്പെടുക്കൽ,

മീൻപിടുത്തം, വേട്ടയാടൽ എന്നീ തൊഴിലുകളിലും ഏർപ്പെടുന്നു. മുളപ്പാത്തി നിർമ്മിച്ച് മഴവെള്ളം, തോട്ടുവെള്ളം എന്നിവ ശേഖരിച്ച് ഉപയോഗിക്കുന്ന ശീലവും കാണുന്നു.

**ആവാസ സ്ഥലം, വീട്ടുപകരണങ്ങൾ**

ആദിമമനുഷ്യൻ പൂർണ്ണമായും പ്രകൃതിയോടിണങ്ങി ഗുഹകളിലും, മരപ്പൊത്തുകളിലും മറ്റുമാണ് താമസിച്ചിരുന്നത്. പിന്നീട് കാലാവസ്ഥാ മാറ്റങ്ങളിൽ നിന്നും പ്രകൃതിക്ഷോഭത്തിൽ നിന്നും കാട്ടുമൃഗങ്ങളിൽ നിന്നും രക്ഷനേടാൻ അവൻ സ്വന്തമായി വാസസ്ഥലങ്ങൾ നിർമ്മിച്ചു തുടങ്ങി. അവന്റെ ജീവിതം സുഗമമാക്കാനാവശ്യമായ ഉപകരണാദികൾ അവൻ തന്നെ കണ്ടെത്തി. ഇന്നും വാസസ്ഥലങ്ങൾ പ്രകൃതിയോടിണങ്ങി നിൽക്കുന്നതും പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതു മാണ്. ഉപകരണങ്ങളും പരമാവധി അങ്ങനെ തന്നെയാണ്.

കല്ലുപയോഗിക്കാതെ മണ്ണ് ഉയരത്തിൽ കൂട്ടിവെച്ച് തറയൊരുക്കുന്നു. വീടിന് ഒറ്റ മുറിയും ചുറ്റും വിശാലമായ കോലായും ഉണ്ടാകും. ഇല്ലിവാരി (മുള), ഓട (ഈറ്റ) ഇവ ചുറ്റും കുത്തിമറച്ച് മണ്ണ് തേച്ച് പിടിപ്പിച്ച് ഭിത്തി നിർമിക്കുന്നു. വാതിലുകൾ ഇടുങ്ങിയവയായിരിക്കും. മേൽക്കൂര പരമാവധി ഇറക്കിവെക്കും. നന്നായി കുനിഞ്ഞാലേ അകത്തു കയറാൻ കഴിയൂ. മേൽക്കൂര മേയുന്നതിന് വിവിധയിനം കാട്ടുപുല്ലുകൾ (തെരുവ, ദർഭ) , വൈക്കോൽ എന്നിവ ഉപയോഗിക്കുന്നു. അടുപ്പ് മണ്ണുകൊണ്ട് കെട്ടിഉയർത്തിയുണ്ടാക്കുന്നു. ചുമർ ചുവന്ന മണ്ണുകൊണ്ട് നന്നായി മെഴുകി വരച്ചിടും. ജ്യാമിതീയ രൂപങ്ങളിൽ പ്രാവീണ്യമുണ്ട് എന്ന് ദ്യോതിപ്പിക്കുന്ന വിധത്തിൽ നക്ഷത്രവര, മീൻമുള്ളു വര, പട്ടു മടക്കൽ തുടങ്ങിയ പല രീതിയിലുള്ള ചുമർവരകളും കാണാം.

**വീട്ടുപകരണങ്ങൾ**

പ്രകൃതിദത്തവും വിലകുറഞ്ഞതുമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയാണ് വീട്ടുപകരണങ്ങൾ മിക്കതും നിർമിക്കുന്നത്. അവയിൽ ചില ഉപകരണങ്ങളും ഉപയോഗവും





| | | |
|---|---|---|
| മരവി | : | ചമ്മന്തി അരയ്ക്കുന്നതിനുള്ള മര ഉപകരണം |
| തൈതൽ | : | മുള ചതച്ച് പായപോലെ കിടക്കാനും, ഭിത്തി മറയ്ക്കാനും ഉപയോഗിക്കുന്നു. |
| പലക | : | ഇരിക്കാനുപയോഗിക്കുന്നു. |
| കുണ്ടും ഉരലും | : | മുറുക്കാൻ ഇടിക്കുന്ന ഉപകരണം |
| കാരക്കല്ല് | : | ദൈവത്തിന് മാത്രമായി അപ്പമുണ്ടാക്കുന്ന വെണ്ണക്കല്ല്. |
| മുളങ്കുറ്റി | : | പുട്ടുണ്ടാക്കാൻ വസ്തുക്കൾ സൂക്ഷിക്കാൻ. |

കൂടാതെ, മുളത്തവി, ചിരട്ടക്കയിൽ, കൊരമ്പക്കുട, ചാടൈ (മീൻ പിടിക്കുന്നതിന് ) മീൻ കൂടൈ, സുരുക്കപാത്രം, ഉറി, തിരിക, കൊമ്മ (നെല്ല് സൂക്ഷിക്കാനുള്ള ഓട/ മുളകൊണ്ടുള്ള പത്തായം) ഇവയും വീട്ടുപകരണങ്ങളായി ഉപയോഗപ്പെടുത്തുന്നു.

## അദ്ധ്യായം നാല്

## പണിയ സംസ്കാരമുദ്രകൾ

പ്രാചീന സംസ്കൃതിയുടെ സവിശേഷമായ പല പ്രത്യേകതകളും നിലനിർത്തുകയും സംരക്ഷിച്ച് പോരുകയും ചെയ്യുന്നവരാണ് ആദിവാസികൾ. പുതിയ ലോക സാഹചര്യ ത്തിൽ നിന്നുമുള്ള അകൽച്ചയും വർഗ്ഗപരമായ കേന്ദ്രീകരണവു മൊക്കെ കേരളത്തിലെ പ്രബല ആദിവാസി വിഭാഗമായ പണിയരിലും ഈ സ്വഭാവ സവിശേഷതകൾ ഉണ്ട്.

പണിയരുടെ ഗോത്രം വിവിധ ഇല്ലങ്ങളായി തരം തിരിച്ചിരിക്കുന്നു. വിവിധ ഇല്ലങ്ങളിൽപ്പെട്ടവർ കുടുംബങ്ങളായി ഊരുകളിൽ (ഗ്രാമങ്ങളിൽ) താമസിക്കുന്നു. കൂട്ടംകൂടി താമസിക്കുക എന്നത് പണിയരുടെ സാംസ്കാരിക പൈതൃകമാണ്. ഓരോ ഊരിലേയും പണിയരുടെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിന് നേതൃത്വം നൽകുന്നത് ഊരുമൂപ്പന്മാ രാണ്. "ചെമ്മി" എന്നാണ് പണിയർ ഊരുമൂപ്പനെ വിശേഷിപ്പിക്കു ന്നത്. സംസ്കാര ക്രിയകൾക്കും ചടങ്ങുകൾക്കും വളരെയധികം

പ്രാധാന്യം നൽകുന്നവരാണ് പണിയർ. ജീവിതത്തിന്റെ ഓരോ മാറ്റത്തെയും ഉൾക്കൊള്ളുന്ന സംസ്കാര ക്രിയകൾ, ആചാരാനുഷ്ടാനങ്ങൾ, സംസ്കാര ബന്ധിതമായ അനേകം ക്രിയാംശങ്ങൾ, ആഘോഷങ്ങൾ എന്നിവയാണ് പണിയരുടെ ജീവിതത്തെ പൊലിമയുള്ളതാക്കി മാറ്റുന്നത്.

ഇന്ത്യയിലെ ആദിവാസി വിഭാഗങ്ങളെ ഹിന്ദുമതത്തിന്റെ ഭാഗമായിട്ടാണ് കണക്കാക്കിപ്പോരുന്നത്. ശരിയായ ഒരു നിലപാടിന്റെയൊ അന്വേഷണത്തിന്റെയൊ, വസ്തുതകളുടെയൊ അടിസ്ഥാനത്തിലല്ല ഈ ഉൾപ്പെടുത്തൽ. പണിയരും മറ്റ് ആദിവാസി വിഭാഗങ്ങളെപ്പോലെ ഹിന്ദു മതത്തിൽ നിന്നും വ്യത്യസ്തമായ രീതിയും വ്യവസ്ഥയുമാണ് സ്വീകരിച്ചിട്ടുള്ളത്. പണിയരുടെ ലോക വീക്ഷണമനുസരിച്ച് ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ ചടങ്ങുകൾ എല്ലാം തന്നെ അർത്ഥരഹിതമെന്നും അധ:കൃതമെന്നും കരുതുന്നതും തെറ്റായ ധാരണയാണ്.

ഒരു കുട്ടി ജനിച്ച് പൊക്കിൾക്കൊടി വീഴുന്ന ദിവസം മുതൽ തുടങ്ങുന്നു പണിയരുടെ ആചാരാനുഷ്ഠാനങ്ങൾ

**മൊയ്യികുളിപ്പിക്കൽ**

പൊതുസമൂഹത്തിന്റെ 28 കെട്ട് പോലെയുള്ള ചടങ്ങാണിത്. കുഞ്ഞിന്റെ പൊക്കിൾക്കൊടി വീഴുന്ന ദിവസത്തിനുശേഷം (15ദിവസം) വീടും മുറ്റവും ചാണകം മെഴുകി, അമ്മയെയും കുഞ്ഞിനെയും കുളിപ്പിച്ച് , മഞ്ഞൾ, കരി ഇവ കുഴച്ച് ചെറിയ ഉരുളച്ചോറ് ഉരുട്ടിവയ്ക്കും. (കാവലൻ കഞ്ഞി) അന്ന് ഗുരുസി കലക്കിവെച്ച് (മഞ്ഞൾ വെള്ളം) മഞ്ഞച്ചോറ് കരിച്ചോറ് ഇവ തിരിയും കൂട്ടി ഉഴിഞ്ഞ് പുറത്ത് വെക്കും. അതിനുശേഷം കുഞ്ഞിന്റെ അരയിൽ ചരട് കെട്ടും. രണ്ട് കൈയ്യിലും കല്ല കെട്ടും (കരിമണികോർത്തത്) കരിവളയായാലും മതി. ഈ ചടങ്ങിന് മുൻപ് തന്നെ പുക്കിൾക്കൊടിയും പൂമിതലയും (പൊക്കിൾക്കൊടിയും ആദ്യത്തെ മുടിയും) ഒരു തുണിക്കഷ്ണത്തിൽ പൊതിഞ്ഞു കെട്ടി വീടിന്റെ പട്ടികയിൽ കെട്ടിവയ്ക്കും " തെയ്യത്തിനും ഉത്തപ്പനും നായം പറഞ്ഞതിനു ശേഷം" (ആരാധിക്കുന്ന ദൈവത്തോട് കാര്യങ്ങൾ പറയുന്നു.)





ഭൂമിയും പ്രകൃതിയുമായുള്ള കുട്ടിയുടെ ബന്ധം നിലനിർത്തുന്നതിനു വേണ്ടി കുട്ടിക്ക് ഓർമ്മയുറയ്ക്കുമ്പോൾ ഇത് വീടിനരികിലായി കുഴിച്ചിടുന്നു. തുടർന്ന് സദ്യയൊരുക്കി വീട്ടുകാരും ബന്ധുക്കളും കഴിച്ചതിനുശേഷം മാത്രമാണ് പ്രസവിച്ച സ്ത്രീ അടുക്കളയിൽ കയറുന്നതും, വീട്ടു ജോലികൾ ചെയ്ത് തുടങ്ങുന്നതും.

**തെരണ്ടു കല്ല്യാണം (നിറഞ്ഞ കല്ല്യാണം)**

ഒരു പെൺകുട്ടി പ്രായപൂർത്തിയായാൽ നടത്തുന്ന കല്ല്യാണമാണിത്. കെട്ടു കല്ല്യാണത്തെക്കാളും പ്രാധാന്യമർഹിക്കുന്നു ഈ കല്ല്യാണം. പ്രായപൂർത്തിയായ പെൺകുട്ടി പുറത്തിറങ്ങാനോ പുരുഷന്മാരെ കാണാനോ പാടില്ല. പച്ച മഞ്ഞൾ അരച്ചു ചേർത്ത ഭക്ഷണം കൊടുക്കണം. ഏഴു ദിവസത്തിനു ശേഷം പെൺകുട്ടിയെ കുളിപ്പിക്കണം. പച്ചമഞ്ഞൾ അരച്ച് ദേഹത്ത് പിടിപ്പിക്കും. പച്ചമഞ്ഞൾ ചേർത്ത വെള്ളത്തിൽ കുളിപ്പിക്കും. ഇങ്ങനെ കുളിപ്പിക്കുന്നതിന് മുൻപ് പെൺകുട്ടി പുരുഷൻമാരെ കാണാനോ വീട്ടുജോലികൾ ചെയ്യാനോ പാടില്ല. ഭക്ഷണം കഴിച്ച പാത്രം പോലും കഴുകാറില്ല. പ്രായപൂർത്തിയായ വിവരം എല്ലാ ബന്ധുക്കളെയും അറിയിക്കണം. ബന്ധുക്കളെ കല്ല്യാണം വിളിച്ച് (നിറഞ്ഞ കല്ല്യാണം വിളി) നടത്തണം. നിർബന്ധമായും കല്ല്യാണത്തിനു മുൻപേ ഈ കല്ല്യാണം നടത്തിയിരിക്കണം. അല്ലാത്തപക്ഷം പെൺകുട്ടി മരിച്ചുപോയാൽ മറവുചെയ്യുന്നതിനു മുൻപ് മേൽപറഞ്ഞ ചടങ്ങുകൾ (നിറഞ്ഞ കല്ല്യാണം) നടത്തണമെന്നാണ്. തെരണ്ട് കല്ല്യാണത്തിന്റെ അന്ന് പെൺകുട്ടിയെ ഒരു വെള്ളമുണ്ട് ഉടുപ്പിച്ച്, നാക്കിലയിൽ അരുംതിണയുടെ (കാരണവൻമാരെ കുടിയിരുത്തുന്ന സ്ഥലം) അരികിൽ കുട്ടിയുടെ കാലും മുഖവും ചെമ്മിയുടേയും കോയ്മയുടേയും (ചെമ്മി- ആ തറവാട്ടിലെ മണ്ണിന്റെ അവകാശി. കോയ്മ-ചെമ്മിയുടെ സഹായി) ഭാര്യമാർ ഇരുത്തുന്നു. രാത്രി- അവിടെതന്നെ കിടക്കണം. ഒരാൾ കൂട്ടുവേണം.

തിരിവെച്ച് ചാച്ചലളെ വിളിച്ച് കണ്ട് കളിയിടും (അരുംതിണയിൽ തിരി കത്തിച്ച് വെച്ച് മരിച്ചുപോയ കാരണവൻമാരെ

വിളിച്ച്, തെരണ്ടു കല്ല്യാണം നടത്തുന്നതിനും, തുടിയും കുഴലും ഉപയോഗിക്കുന്നതിനും അനുവാദം വാങ്ങി കളി തുടങ്ങുന്നത്) അതിനുശേഷം പച്ചരി വെള്ളത്തിൽ ഇടിച്ചിട്ട് ശർക്കരയും തേങ്ങയും ചേർത്ത് വറ്റിച്ചെടുക്കും. ഇതിനെ മൂർത്തപുട്ട് എന്നു പറയും. പുലർച്ചെയാവുമ്പോഴേക്കും ആണ് അരി ഇടിച്ചുതീരുക. പുട്ടുണ്ടാക്കി കഴിഞ്ഞാൽ ചെമ്മി 'നായം' പറഞ്ഞ ശേഷം ഇലച്ചീന്തുകളിൽ പുട്ട് വിളമ്പും. വിളമ്പികഴിയുമ്പോൾ കല്ല്യാണം നടത്തുന്ന പെൺകുട്ടിയെ വിളിച്ച് എഴുന്നേൽപ്പിക്കും. ഇലച്ചീന്തുകളിൽ വിളമ്പിയ പുട്ട് എടുത്ത് മൂന്നു പ്രാവശ്യം കുട്ടിക്ക് നൽകുന്നതായി ഭാവിച്ച് കുട്ടിയുടെ മുഖത്തിനു നേരെ പുട്ട് ഓങ്ങും (ആംഗ്യം). ഇത് മുതിർന്നവരും വീട്ടിലെ കാരണവൻമാരും ചെമ്മി ചെയ്യുന്നതു പോലെ ചെയ്യും. ഈ ചടങ്ങിന് ' പുട്ടു തീറ്റൽ' എന്നു പറയുന്നു. ഇതിനു ശേഷം വീട്ടുകാരും ബന്ധുക്കളും കഴിക്കും. ഇത് ചെയ്യുന്ന സമയത്ത് ഒരു ഇലയിൽ അരിപ്പൊടിയും വെള്ളരിയും (പച്ചരി) ഇടുന്നു. അത് പിന്നീട് ചെമ്മിയും ഭാര്യയും കൊണ്ടുപോകും അതവരുടെ അവകാശമാണ്. ആറു മണിക്ക് മുൻപ് ഈ പുട്ടുതീറ്റൽ ചടങ്ങ് നടത്തിയിരിക്കണം. സൂര്യനുദിച്ചു കഴിഞ്ഞാൽ കുട്ടിയുടെ മാമിമാരും ചെമ്മിയുടെയും കോയ്മയുടെയും ഭാര്യമാരും കുട്ടിയെ കുളിപ്പിക്കാൻ കൊണ്ടു പോകും.

മുണ്ട്, അരട്ടി (അരയിൽ കെട്ടുന്ന ചുവന്ന തുണി) ഒരു പിടി അരി, ആഭരണങ്ങൾ(കല്ലെയും വളയും) ഇതൊക്കെ കൊണ്ടുപോകും. മഞ്ഞൾ അരച്ച് ചേർത്ത് തോട്ടിലോ, പുഴയിലോ കൊണ്ടുപോയി കുളിപ്പിക്കും. ഇവിടെവച്ച് കുട്ടിയെ പുഴയിൽ നിർത്തി വെറ്റില ഒഴുക്കും. ഇത് ചെമ്മിയുടെ ഭാര്യ ചെയ്യണം. പിന്നെ തോർത്ത് എടുത്ത് തിരിക ഉണ്ടാക്കി മൊന്തയിൽ വെള്ളം നിറച്ച് തലയിൽ വെച്ച് കൊടുക്കും. വലതു കൈയിൽ കത്തിയും (പിച്ചാത്തി / മടക്കുകത്തി) മടിയിൽ അരിയും അരട്ടിയുടെ കോന്തലയിൽ 25 പൈസയും (ഒരു പണം) കെട്ടും. വീട്ടിലെത്തി മൊന്തയിറക്കി തേങ്ങ പൊട്ടിച്ച് കുട്ടിയെ അകത്തുകേറ്റും. ഇതാണ് 'മൂർത്ത കുളി'. തുടർന്ന് സദ്യ ഒരുക്കും. സദ്യ ഏകദേശം ആയികഴിഞ്ഞാൽ കാലിൽ വെള്ളമൊഴിക്കൽ എന്ന ചടങ്ങാണ്





നടത്തുക. ഇതിനായി മുറ്റത്ത് നെല്ലിട്ട് അതിനുമുകളിൽ നാക്കിലയിട്ട് കുട്ടിയെ മുഖം കാണാത്തവിധം മുണ്ടിട്ട് മൂടി ചെമ്മിയുടെയും കോയ്മയുടേയും ഭാര്യമാർ ഇതിനു മുകളിൽ നിർത്തും. കുട്ടിയുടെ മുൻപിലായി ഒരു പാത്രം നിറച്ച് വെള്ളംകൊണ്ട് വെയ്ക്കും. തുടർന്ന് മരിച്ചുപോയ കാരണവന്മാരെ ചെമ്മി വെളിച്ചപ്പാടിലൂടെ വരുത്തി 'വുടു പിരെ' യിലെ അരുംതിണയുടെ അടുത്തു നിന്നും (തറവാട്ട് വീട്) കുട്ടിയുടെ കാലിലും തലയിലും വെള്ളമൊഴിക്കും. മറ്റുള്ള മുതിർന്നവരും  ഇത് ചെയ്യും. അതിനു ശേഷം കുട്ടിയെ വീണ്ടും കുളിപ്പിക്കാൻ കൊണ്ടുപോകും. കുളിപ്പിച്ചൊരുക്കി കൊണ്ടു വന്ന് മുറ്റത്ത് പായവിരിച്ച് അതിനെ മൂന്നു ചുറ്റും വലംവെച്ച് പായയിൽ ഇരുത്തും. ഈ ചടങ്ങിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. 'വെറ്റില പിടിക്കൽ ചടങ്ങ്' ഇതിനു വേണ്ടിയാണ് ഇങ്ങനെ ഇരുത്തുന്നത്. തുടർന്ന് വെറ്റിലയും അടയ്ക്കയും പായയിൽ നിരത്തിവെയ്ക്കും. നാട് വിളിച്ച്, നാണ്യപ്പേര് വിളിച്ച് (ഇല്ലപ്പേര് വിളിച്ച്) വെറ്റില വിളമ്പും. തുടർന്ന് കല്ല്യാണത്തിൽ പങ്കെടുത്ത എല്ലാവരും കുട്ടിയുടെ മുമ്പിൽ വച്ചിരിക്കുന്ന പാത്രത്തിലും മൊന്തയിലും (തോട്ടിൽപോയി കുളിപ്പിച്ച് കൊണ്ടുവന്നപ്പോൾ തലയിൽവെച്ച് കൊണ്ടുവന്ന മൊന്ത) അവരവർക്കാകുന്ന ദക്ഷിണ(നാണയം) മൊന്തയിലിട്ട് കുട്ടിയിൽനിന്നും വെറ്റിലയും അടയ്ക്കയും വാങ്ങും. ഇതെല്ലാം കഴിഞ്ഞ് കുട്ടി കാരണവൻമാരുടെയും മുതിർന്നവുടെയും കാലു പിടിച്ച് അനുഗ്രഹം വാങ്ങിച്ച് അകത്തുകേറും. തുടർന്ന് സദ്യ കഴിഞ്ഞ് ആളുകൾ പിരിയുന്നു.

## കല്ല്യാണം

ആദ്യം അച്ഛനും അമ്മയുമാണ് പെണ്ണു കാണാൻ പോവുക. അന്ന് അവർ ആ വീട്ടിൽനിന്നും വെള്ളമോ ആഹാരമോ ഒന്നും കഴിക്കാൻ പാടില്ല. പെണ്ണിനെ ഇഷ്ടപ്പെട്ടാൽ പിന്നെ കാരണവൻമാർ, മാമിമാരും മാമൻമാരും പണം വയ്ക്കും. അതിനു വേണ്ട സാധനങ്ങൾ - 25 പൈസ (ഒരുപണം) കാൽകെട്ട് വെറ്റില, രണ്ട് അടക്ക, ഒരു മുളവടി, ഒരു മുളം കാറ് (കയറ്) ഇതാണ് കല്ല്യാണമുറപ്പിക്കൽച്ചടങ്ങ്. ഈ ചടങ്ങിന് 'പണം വെയ്ക്കൽ'

എന്നാണു പറയുക. (ഞങ്ങൾ കുട്ടിയെ ഏറ്റെടുത്തോളാം എന്ന് ആൺവീട്ടുകാരും, കുട്ടിയെ ഞങ്ങൾ തരാം എന്ന് പെൺവീട്ടുകാരും വാക്കുറപ്പിക്കുന്നു.) ഏതെങ്കിലും കാരണവശാൽ കല്ല്യാണം നടക്കാതെ പോയാൽ ക്ഷമപറഞ്ഞ് ആൺവീട്ടുകാർക്കും അവരുടെ തെയ്യത്തിനും ഉത്തപ്പൻമാർക്കും പണം തിരിച്ചുകൊടുക്കണം. കൂടാതെ ആൺവീട്ടുകാർക്ക് ചിലവായ പണവും തിരികെ കൊടുക്കും. ഇതിനെയാണ് 'അരതിലെ കെട്ടലു' എന്നു പറയുന്നത്. അത് ചെയ്തില്ലെങ്കിൽ പെൺകുട്ടിയുടെ ജീവിതം സമാധാനപൂർണമല്ലാത്തതായിരിക്കും എന്നാണ് വിശ്വാസം. ഇത്തരം പ്രശ്നങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ പണം വെയ്ക്കലിനുശേഷം വല്ലി കല്ല്യാണം നടക്കും. 5 കുളാം നെല്ല് (ഒരു പറ), ഒരു കെട്ട് വെറ്റില, 5 അടയ്ക്ക, ഒരു കഷ്ണം മുണ്ട്, 1 കണ്ടം ഉറുമലെ( കറുപ്പ്/ ചുവപ്പ്) (കണ്ടം = കഷ്ണം), ഒരു കൈ വളെ, മാല, മൂക്കുത്തി തുടങ്ങിയവ കൊടുക്കണം. ചെറുക്കനും അന്ന് വരണം. ചെറുക്കന് അന്ന് പെൺവീട്ടുകാർ കോടിമുണ്ട് കൊടുക്കണം. തുടർന്ന് സദ്യയും കഴിഞ്ഞ് എല്ലാവരും പിരിയുന്നു. ശേഷം മൂന്ന് ചിലവ് നടക്കും (മൂന്ന് ചെലവ്: പെണ്ണിനാവശ്യമായ മുഴുവൻ സാമഗ്രികളും എത്തിക്കൽ, അരി, ഉപ്പ്, മുളക് തുടങ്ങിയവ)

രണ്ട് കൂട്ടർക്കും ചിലവ് ഒരുങ്ങിയാൽ (സാമ്പത്തികം) രണ്ടു കൂട്ടരുടെയും കാരണവൻമാർ കൂടിയാലോചിക്കും. ഏതു മാസത്തിൽ, ഏതു ദിവസം കല്ല്യാണം എന്ന് തീരുമാനിക്കും. തുടർന്ന് കല്ല്യാണത്തിന്റെ തലേദിവസം തിരിവെച്ച് തെയ്യത്തിനെയും ഉത്തപ്പനെയും കാരണവൻമാരെയും വെളിച്ചപ്പാടിലൂടെ വിളിച്ചു കണ്ട് ചെറുക്കന് അനുഗ്രഹവും വാങ്ങി 'കളിയിടുമ്പോൾ' ബന്ധുക്കളും കൂട്ടുകാരും അയൽക്കാരുമെല്ലാം ഇതിൽ പങ്കെടുക്കുന്നു. പിറ്റേന്ന് പുലർച്ചെ മഞ്ഞ് ചവിട്ടി വേണം ചെറുക്കനും കൂട്ടരും പെണ്ണ് വീട്ടിലെത്താൻ. ' കല്ല്യാണം വുളിച്ചു കേറ്റലു' എന്ന ചടങ്ങുണ്ട്. പെണ്ണ് വീട്ടിലെത്തിയാൽ ചെറുക്കനും കൂട്ടരും വഴിയിൽ തന്നെ നിൽക്കണം. തുടർന്ന് പെൺവീട്ടിലെ കാരണവർ വന്നതാരാണെന്ന് മൂന്നു പ്രാവശ്യം വിളിച്ചു ചോദിക്കും. ചെറുക്കന്റെ വീട്ടുകാരുടെ കൈയ്യിൽ ഒരു കിണ്ണത്തിൽ





അരിയുണ്ടാകും. പെണ്ണിന്റെ വീട്ടുകാരുടെ കൈയ്യിൽ ഒരു കിണ്ണത്തിൽ നെല്ലുണ്ടാകും. നെല്ല് ചെക്കന്റെ വീട്ടുകാർ വാങ്ങും. തുടർന്ന് ചെമ്മി അകത്തുപോയി വടിയും കുത്തി പിടിച്ച് കാരണവൻമാരെ ഉറയിച്ചുകൊണ്ട് വന്ന് (വെളിച്ചപ്പാടിലൂടെ കാരണവൻമാരെ വരുത്തി) രണ്ടു പാത്രത്തിലും തിരിവെയ്ക്കും. ഇത് പെൺവീട്ടുകാർക്കുള്ള തിരിവെയ്ക്കലാണ്. ഇതിനു ശേഷം പെൺവീട്ടുകാർ 3 കയം (തുടിതാളം) കളിച്ചുകൊടുക്കണം. എങ്കിലേ പെൺവീട്ടിലേക്ക് ചെറുക്കൻ കൂട്ടരെ കയറ്റുകയുള്ളു. കല്ല്യാണം വിളിച്ചു കയറ്റുമ്പോൾ – ഉള്ള ചൊല്ല്.

" വടക്കുതിലെ മാണ്ടെ ചെറുക്കങ്കു
കെട്ടി വായിച്ചു കൊണ്ടു പോവാം
നാങ്ക വഞ്ചൊ" എന്ന് മറുപടി പറഞ്ഞുകൊണ്ട് പെണ്ണ് വീട്ടിലേക്കുകേറി കളിയിടുന്നു. അതിനുശേഷം 'തിരുമണക്കെട്ട്' എന്ന ചടങ്ങു നടത്തും. ചെറുക്കൻകൂട്ടർ കൊണ്ടുവരുന്ന നെല്ല് മുറ്റത്തിട്ട് കാടു മൂടക്കെട്ട് കച്ചി ( വൈക്കോൽ) ഉപയോഗിച്ച് കണ്ണ്മൂടികെട്ടും 'നാലു മുറെ കെട്ടൽ' ചെക്കന്റെയും പെണ്ണിന്റെയും അരയിൽ തോർത്തുകെട്ടി ഇതിൽ ഓരോ കോൽ വളയും ഓരോ കല്ലെയും ഉണ്ടായിരിക്കും. പെണ്ണിനെയും ചെറുക്കനെയും നിർത്തും, മുണ്ടുകൊണ്ട് ഇവർ കണ്ണുപൊത്തി നിൽക്കും. ആദ്യം ചെമ്മി/ വെളിച്ചപ്പാട് അപ്പനും തെയ്യവും കാരണവൻമാരും മുതിർന്ന മറ്റു ബന്ധുക്കളും " കാലുക്കും തിലെക്കും വൊള്ളമൊയിക്കലു" (കുളിപ്പിക്കൽ) ചടങ്ങ് നടത്തും. ശേഷം ചെറുക്കനെ പെണ്ണിന്റെ ആങ്ങളമാരും, പെണ്ണിനെ ചെറുക്കന്റെ മാമിമാരും പെങ്ങൻമാരും ഒരുക്കിഇറക്കി കഴിഞ്ഞ് അറാപത്തിനാലു തീർക്കൽ (പെൺപണം) കൊടുത്ത് പെണ്ണിനെ വാങ്ങുക. ഭക്ഷണത്തിനു ശേഷം ചുങ്കം പിടിച്ചിറക്കൽ (പെണ്ണിറക്കൽ)

അമ്മെ ചുങ്കം
അപ്പെ ചുങ്കം
പട്ടെലെ ചുങ്കം എന്നിങ്ങനെ മൂന്നു സ്ഥലത്താണ് ചുങ്കം പിടിക്കൽ. മൂന്ന് സ്ഥലത്തും മോതിരം അല്ലെങ്കിൽ മൂന്ന് പണം

(75 പൈസ) കൊടുക്കണം. പിന്നീട് ചെറുക്കന്റെ വീട്ടിലെത്തി തേങ്ങപൊട്ടിച്ച് ചെറുക്കന്റെയും പെണ്ണിന്റെയും കൈപിടിച്ച് ' 'വീടുപിരെ'യിൽ (തറവാട്ടു വീട്ടിൽ) 'വൂടുകേറ്റൽ' ചടങ്ങ് നടത്തും. പിന്നീട് സദ്യകഴിഞ്ഞ് ബന്ധുക്കൾ എല്ലാവരും പിരിഞ്ഞു പോകുന്നു. പെണ്ണിന്റെ കൂട്ടായിട്ട് ആരെങ്കിലും (പെൺകൂട്ടർ) പെണ്ണിന്റെകൂടെ അന്ന് താമസിക്കും.

## ചടങ്ങുകൾ

### നീക്കം കഴിക്കലു

കുട്ടികൾക്കുണ്ടാകുന്ന ബാധോപദ്രവങ്ങൾ, അതിവികൃതി എന്നിവ മാറ്റുന്നതിന് ചെയ്യുന്ന ചടങ്ങാണിത്. ബന്ധുക്കളും അയൽക്കാരും ഇതിൽ പങ്കെടുക്കും. തുലാം പത്തിന് (ഉച്ചാല്) മുൻപ് ഈ ചടങ്ങ് നടത്തണം.

### കോഴിയെ ഉഴിഞ്ഞിടൽ

കൂകി തെളിയാത്ത പൂവൻകോഴിയെ നീക്കം കഴിക്കാനുള്ള കുട്ടിയുടെ തലയുഴിഞ്ഞു വിടുന്ന ചടങ്ങാണ്. കോഴിയുടെ പൂവ് ചെറുതായി മുറിച്ച് ആ രക്തം കുട്ടിയുടെ നെറ്റിയിൽ തൊടുവിപ്പിക്കുന്നു. മൂന്നു പ്രാവശ്യം കോഴിയെ കുട്ടിയുടെ തല ഉഴിയുന്നു.

### നീക്കം

തലയുഴിഞ്ഞ് വിട്ട കോഴിയെ അറുത്ത് ബാധയ്ക്ക് രക്തം കൊടുക്കുന്നതിലൂടെ നീക്കം കഴിയുന്നു. ചെമ്മിയാണ് ഈ ചടങ്ങ് നടത്തുന്നത്. രാവിലെ കുട്ടിയെ കുളിപ്പിച്ച് നിർത്തുന്നു. മൂക്കണ്ടിയിലയിൽ (നാക്കില) അരി, കരി എന്നീ പൊടികൾ ചേർത്ത് പ്രേതത്തിന്റെ രൂപം ഉണ്ടാക്കുന്നു. വെള്ളരി (പച്ചരി), തേങ്ങ, അവൽ, മലർ, പഴം, എന്നിവ മുറത്തിലാക്കി വെയ്ക്കുന്നു. അറുക്കേണ്ട കോഴിയുടെ കാലിൽ ചവിട്ടിപ്പിടിച്ച് കഴുത്ത് അറുക്കുന്നു. അതിന് മുൻപ് 'നായം' പറയുന്നു. അതിനെ കുട്ടിയുടെ തലയുഴിഞ്ഞ് നാക്കിലയിലെ രൂപത്തിലേക്ക് അതിന്റെ രക്തം വീഴ്ത്തുന്നു. പിന്നീട് സദ്യ വിളമ്പുന്നതിന് മുൻപ് ഇലയിൽ കഞ്ഞിയിടൽ എന്ന ചടങ്ങ് നടത്തുന്നു. ഭക്ഷണത്തോടൊപ്പം 'ഒട്ടി'





(വെള്ളം അധികം ചേർക്കാതെ അരിമാവ് കല്ലിൽ വെച്ച് പരത്തിയുണ്ടാ അപ്പം) യുണ്ടാക്കി വിളമ്പുന്നുണ്ട്. സദ്യ കഴിഞ്ഞ് എല്ലാവരും പിരിയുന്നു.

### കതിരുകെട്ടൽ (തുലാം പത്തിന്)

സ്ഥലത്തെ ജന്മികളായ ചെട്ടിമാരുടെ, ചെന്മപണിയൻ, (ജന്മം കൊണ്ട് അവിടുത്തെ പണിക്കാരൻ) അലക്കി കുളിച്ച്, ഒരു നാക്കിലയിൽ വയലിൽനിന്നും പറിച്ച നെൽക്കതിരുകൾ തലയിൽ വെച്ച് ജന്മിയുടെ വീട്ടിലേക്ക് കൊണ്ടുപോകുന്നു. ഭക്തിയോടെ ജന്മി കറ്റ വാങ്ങി ഉമ്മറത്തു (കട്ടിളപ്പടിയിൽ) കെട്ടുന്നു. പിന്നീട് പണിയരെല്ലാം ഓരോ നെൽക്കതിരും മാവിലയും ചേർത്ത് വീടിന്റെ ഉമ്മറത്ത് വാതിലിനു മുമ്പിലായി തൂക്കുന്നു. ജന്മിയുടെ തൊടികയിൽ ( വീട്ടിൽ ) സദ്യ ഒരുക്കും. നെൽക്കതിരുകൾ പറിക്കുന്നതിന് മുമ്പായി പണിയൻ ഒരു കൈതക്കൊമ്പ് വെട്ടി വരമ്പിന്റെ ഒരു മൂലക്ക് കുത്തിവെയ്ക്കും.

### പുത്തൻപുടി ( തുലാപത്ത് )

തുലാപത്തിന് പണിയരുടെ വീട്ടിൽ നടക്കുന്ന ചടങ്ങാണ് " പുത്തൻപുടി " ജന്മിയുടെ വീട്ടിൽ കതിരുകെട്ടുന്ന ദിവസം വൈകുന്നേരമാണ് ഈ ചടങ്ങ് നടക്കുന്നത്. പഴയ നെല്ല്കുത്തി അരിയാക്കി അതിന്റെ കൂടെ പുതിയ നെല്ലിന്റെ അരിയും കൂട്ടി കഞ്ഞിയുണ്ടാക്കി, കാരണവൻമാർക്ക് കൊടുക്കുവാൻ ഇലയിൽ കഞ്ഞിയിടൽ ചടങ്ങ് നടത്തുന്നു. അന്നാണ് പുത്തനരിയുടെ ചോറ് " ഇലയിലിടുന്നത് " കാർന്നോൻമാർ കഴിച്ചാലെ കുട്ടികളും മുതിർന്നവരും ഭക്ഷണം കഴിക്കൂ.

### മൂപ്പനെ വയ്ക്കൽ

വയൽപ്പണി നടക്കുമ്പോൾ പണികൾ നടത്തുന്ന ഒരു ചടങ്ങാണിത്. ചെന്മപാപ്പന്റെ (ജന്മിയുടെ ) തൊടികയുടെ പടികണ്ടത്തിൽ വന്നിട്ടുള്ള പെണ്ണുങ്ങളെല്ലാംകൂടി ഒരു ഞാറ്റു മുടിയെടുത്ത് രണ്ടെണ്ണം ചെറുതും രണ്ടെണ്ണം വലുതുമായി കെട്ടുന്നു. (4 ചെറു മുടികൾ അച്ഛൻ, അമ്മ, രണ്ടുമക്കൾ,- സങ്കല്പം) ഇവയെ വീണ്ടും ഒന്നാക്കി കെട്ടി അതിൽ നിറയെ

ചെമ്പരത്തിപ്പൂ ചൂടുന്നു. അതിനുശേഷം അതിനെ ഒരു നാക്കിലയിൽ ഒരുക്കിവെയ്ക്കുന്നു.

പിന്നീട് സ്ത്രീകൾ ചേർന്ന് മൂപ്പനെ (ഒരുക്കിയ ഞാറ്റുപിടി) പടിക്കണ്ടത്തിന്റെ മധ്യത്തിൽ കൊണ്ടുവെച്ചിട്ട് വരമ്പത്തു കയറി കൈ- കാലിന്റെ വേദനകളും വിഷമങ്ങളും കണ്ടത്തിലെ മൂപ്പന് എറിഞ്ഞുകൊടുക്കുന്നതിനായി ആംഗ്യത്തിലൂടെ കാണിക്കുന്നു. എല്ലാ കണ്ടവും നട്ടുതീർന്നിട്ടാണ് പടിക്കണ്ടം നടുക. തുടർന്ന് ജന്മി ചോറും കറിയും വല്ലിയും കൊടുക്കുന്നു. അവ സ്വീകരിച്ച് പണിയർ കുടികളിൽ വന്ന് ഭക്ഷണം പങ്കിട്ട് കഴിക്കുന്നു. ഈ ദിവസം ജന്മി തേയ്ക്കാൻ എണ്ണയും മുറുക്കാനും കൊടുക്കുന്നു. (പടിക്കണ്ടം ജന്മിയുടെ പാടം തുടങ്ങുന്ന സ്ഥലം )

## ഉൽപ്പത്തി (ഐതീഹ്യം)

പണിയർഇപ്പിമലയിലെ കായ്കനിതിന്ന് നടന്ന കാലം ഇപ്പിമലയിൽ അമ്പലമുണ്ടെന്നാണ് വിശ്വാസം. അമ്പലത്തിൽ നമ്പൂതിരി പൂജ കഴിച്ച് എച്ചിലില വലിച്ചെറിയുമ്പോൾ അത് തിന്നാൻ ഇവരെത്തും. നമ്പൂതിരി ചോദിക്കും ഇവരെന്തു ജീവികളാണെന്ന്. അമ്പലത്തിന്റെ ഉടമസ്ഥൻ (കൗണ്ടൻ) പറയും അയാൾക്കറിയില്ല എന്ന് കൗണ്ടന്റെ പണിക്കാരനായ ഊരാളിക്കുറുമനോട് പറഞ്ഞു ' ഇവരെ പിടിക്കണം' തുവക്കുന്നിൽ കയറി ഏഴുകുന്ന് തുവവെട്ടി മണലിക്കുന്ന് തിരുമലയിൽ പോയി ഏഴ് പിടി മണലിനാര് വെട്ടി വലിച്ചു. മഞ്ഞിന് മയക്കം കൊടുത്തു വെയിലിന് മുറുക്കം കൊടുത്തു. 3 പിരികൂട്ടി കയർപിരിച്ചു. ചാടുവലയും തുള്ളുവലയും കെട്ടി ഏഴു നായിന്റെ തുടൽ കഴിച്ചുവിട്ടു. നായയെക്കണ്ട് പേടിച്ച് ഓടി വലയിൽ പോയിക്കുടുങ്ങി. പിച്ചു നോക്കുമ്പോൾ ഒരുറപ്പും ഇല്ല. ഊരാളിക്കുറുമനോട് വീണ്ടും ചോദിച്ചു. ബുദ്ധികൂടാൻ എന്തുചെയ്യണം? കിഴക്ക് ഭാഗത്ത് നിന്ന് (ആയ്ച്ച തോയച്ച) തൊഴുതു, പടിഞ്ഞാറ് ഭാഗത്ത് നിന്ന് തൊഴുതു. വടക്കു ഭാഗത്തു നിന്ന് തൊഴുതു. വടക്കു ഭാഗത്ത് നിന്ന് തൊഴുതു അടക്കം ചെയ്യണം. ഇവർക്ക് ബുദ്ധിയും അറിവും കൊടുത്ത് വസ്ത്രം കൗണ്ടൻ കൊടുത്തു.





ഒരാണും ഒരു പെണ്ണും (ഇവർ അരയ്ക്കു മുകളിൽ ആങ്ങളയും പെങ്ങളും അരയ്ക്ക് താഴെ ആണും പെണ്ണും) ജീവിതം കാട്ടിക്കൊടുത്ത് മുമ്പിൽ നടക്കാൻ കൊമ്പും തിലൈയും (ഏരുകെട്ടുന്നത്) പുറകിൽ നടക്കാൻ ചേച്ചടിയൻ. (കാളയുടെ പുറകിൽ നടക്കുയാൾ) ഇടത്തെ കൈയ്യിൽ മുള്ളൻ കവി, വലത്തെ കൈയ്യിൽ മൂർച്ചകത്തി (കാട് വെട്ടിത്തെളിക്കാൻ) കാവിലെ ഉത്സവം തിറകഴിയുമ്പോൾ ചെയ്യേണ്ട കാര്യം (നാല് ദൈവത്തിന്റെ ചെത്തും കൊത്തും കോലനാരു കൊടിക്കായലു ചേച്ചുവെട്ടി ക്കുലം) ഒരാണും ഒരു പെണ്ണുമാണ് ഇവരിൽ നിന്നുണ്ടായത്. അഞ്ച് ആണും അഞ്ച് പെണ്ണും അവരിൽ നിന്നുണ്ടായി. അതുപോലെതന്നെ അവരുടെ മക്കൾ ധാരാളമായി പെറ്റുപെരുകി. പണിച്ചിപെറ്റ പന്തിരുകുലം ഉണ്ടായി. (പരക്കെ പത്തുതിലെ നാടും അരക്കെ അഞ്ചുതിലെനാടും) ഊരാളിക്കുറുമന് വരം കൊടുത്തത് മരം വെട്ടുന്ന പണിയും മാതക്കുറുമൻ എന്ന സ്ഥാനപ്പേരും. അമ്പലം പണിക്ക് ഉപയോഗിക്കുന്ന മരം ഊരാളിക്കുറുമൻ വെട്ടണം. ഇതിന്നും ഇവരുടെ അവകാശമായി തുടരുന്നു.

## മരണാനന്തര ചടങ്ങ്

ഒരാൾ മരിച്ചു കഴിഞ്ഞാൽ അവന്റെ പുലവിളി സമയത്ത് ഇപ്പിമലയിൽ നിന്ന് കഥ കൊണ്ടുവരണം (ഉത്ഭവചരിത്രം പാട്ടായി പാടുന്നു) ഇവിടെ തുടക്കത്തിൽ ചെയ്ത (ആയ്ച്ച തോയ്ച്ച ഇവിടെയും ചെയ്യണം) ആങ്ങളയാണ് മരിക്കുന്നതെങ്കിൽ പെങ്ങൾ ഏഴ് ദിവസം പുറത്തിറങ്ങാൻ പാടില്ല. ആഭരണങ്ങൾ അഴിച്ചുവെക്കണം. മുടി കെട്ടാൻ പാടില്ല, ഇറച്ചി, മീൻ, കഴിക്കരുത്. എണ്ണ തേയ്ക്കരുത്. കറി വറവിട്ട് കൂട്ടരുത് ഏഴാം ദിവസം എണ്ണ തൊട്ട് കുളിക്കും. പണമോ, നെല്ലോ ഉണ്ടെങ്കിൽ പതിനാറാം ദിവസം വലിയ പുല കഴിക്കും. (ആളെയും നാടെയും ക്ഷണിക്കും) ആളുകൾക്ക് സദ്യ കൊടുക്കും. പുല കുളിച്ച് കയറാനുള്ള പെണ്ണുങ്ങൾ മൂന്ന് പേർ ഉണ്ടാവും ഒരു ആണും ഉണ്ടാകും. സ്വയം പാകം ചെയ്ത് കഴിക്കണം. ഇവർക്ക് ചെറിയ കുടിൽ കെട്ടികൊടുക്കും. പുലവിളി കൂടുന്ന ദിവസം ആട്ടളിയും നോയമ്പ് നോക്കണം (ആത്മാവിനെ പാടിയടക്കുന്ന ആൾ) നോയമ്പ്

നോക്കുന്നവൻ കൃത്യ സമയത്തേ പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുകയുള്ളു. അവർക്ക് വിശപ്പും ദാഹവും ഉണ്ടാവില്ല. അത്ര സത്യമാണിക്കാര്യത്തിൽ. ഇതേ പ്രകാരം മരിച്ചുപോയാൽ ചുടുകാട്ടിൽനിന്ന് (നിഴൽ) ആത്മാവ് വിളിച്ചുകൊണ്ടുവരണം. നടു മുറ്റത്ത് പലക വെക്കും. അതിന്റെ മുകളിൽ ഒരു കുമ്പിളിൽ അരിയും ഉപ്പും എടുത്ത് വെയ്ക്കും. ഇത് നോയമ്പുനോക്കുന്ന പെണ്ണുങ്ങൾ ഭക്ഷണം പാകം ചെയ്യുമ്പോൾ ഉപയോഗിച്ച് തീർക്കണം. ഈ പലകയുടെ മുകളിൽ മൂന്ന് എച്ചിൽ മരത്തിന്റെ ഇല വെയ്ക്കണം. ഈ പലകയെടുത്ത് നിഴൽ (അത്മാവ്) പിടിച്ചുകൊണ്ടു വരുമ്പോൾ മുന്നായ്ക്കാറൻ (മകളുടെ ഭർത്താവ്) ഏറ്റെടുത്ത് അരും തിണ്ണയുടെ മുകളിൽ വെയ്ക്കണം അവിടെയാണ് ഈ കർമ്മം ചെയ്യുക. മൂന്ന് വർഷം ഉച്ചാല് പന്തല് (പുലവിളി) കഴിക്കണം. ഇത് തുടങ്ങുക, കഞ്ഞിയരിയെടുക്കുക എന്ന ചടങ്ങോടെയാണ്. നോയമ്പ് എടുക്കുന്ന സ്ത്രീകൾക്ക് അരിയെടുത്ത് കൊടുക്കുന്ന പതിവുമുണ്ട്. (ഇതിന്റെ കൂടെ എണ്ണയും ചീങ്ങയും കൊടുക്കുക എന്ന ചടങ്ങുണ്ട്.)

നോയമ്പെടുക്കുന്ന സ്ത്രീക്ക് എണ്ണതൊട്ടു കൊടുക്കും. എണ്ണതേച്ചാൽ ആ സ്ത്രീ തോടും പുഴയും മുറിച്ചുകടക്കാൻ പാടില്ല. മേൽവസ്ത്രം ധരിക്കാൻ പാടില്ല. ഒറ്റമുണ്ട് ഉടുക്കണം. അത് വെള്ളമുണ്ടാകണം. വേറെ കുടുംബത്തിൽനിന്ന് കല്ല്യാണം കഴിച്ചുകൊണ്ടുവന്ന സ്ത്രീ മരിച്ചാൽ രണ്ടുവർഷം ഉച്ചാല് പുലകഴിച്ച് അവരുടെ കുടുംബത്തിൽ ഏൽപ്പിക്കണം. അന്നാണ് പായും പുല്ലുമടക്കം കൊടുക്കുന്നത്. (അവരുടെ കുടുംബത്തിൽ അവരുടെ ആത്മാവിനെ തിരിച്ചു കൊടുക്കൽ) മരിച്ച ആളുടെ മക്കൾ നേർപകുതി അമ്മവീട്ടുകാർക്കും ഏൽപ്പിക്കും. ഇതേ ചടങ്ങ് പുരുഷനാണ് മരിക്കുന്നതെങ്കിൽ പെൺവീട്ടുകാർ ഇതു ചെയ്തു കൊടുക്കണം.

## തെയ്യക്കോളു (തെയ്യത്തിന്റെ അടിയന്തിരം)

ഇത് വർഷാവർഷം നടത്തുന്ന ചടങ്ങാണ്. ഇതിന് ആളും നാടും (കുടുംബക്കാരെല്ലാം) ക്ഷണിച്ച് കൂട്ടും. ചെമ്മിയുത്താപ്പൻ (കാരണവർ) വന്ന് തിരിവെച്ചു കഴിഞ്ഞാൽ വട്ടക്കളി തുടങ്ങും.





ഈ ചടങ്ങിലാണ് മണ്ഡപം കെട്ടുക. വാഴപ്പോളയും ഉണ്ണിക്കാമ്പും ഉപയോഗിച്ച് അമ്പലം കെട്ടും. വൂടുപിരെ (തറവാട്ട്വീട്) അകത്തുള്ള ഗുരുകാരണവൻമാരെ തെയ്യം കെട്ടികൊണ്ടുവന്ന് അമ്പലത്തിൽ ഇരുത്തും. അമ്പലം കെട്ടിക്കഴിഞ്ഞ് കാരണവർ കർമ്മം ചെയ്യും. അതിനുശേഷം പച്ച കുത്തും. (അവിലിടിക്കുക). ഇത് ചെയ്യേണ്ട ചുമതല ആൺമക്കളുടെ ഭാര്യമാർക്കാണ്. ഈ അവിൽ ഇടിച്ചു കഴിയുന്നതുവരെ അവർ അരി ആഹാരം കഴിക്കാൻ പാടില്ല. അടിയന്തിരത്തിലെ പ്രധാന ചടങ്ങ് അപ്പം വിളമ്പലാണ്. ഇത് അരിപൊടിച്ച് കാരക്കല്ലിൽ കുഴികൊത്തിയ കല്ലിൽ അപ്പം ചുട്ടെടുക്കും. ഇതിനായി കലക്കുന്ന അരിമാവ് കൈയ്യിൽമുക്കി ചുമരിൽ പതിക്കണം. ഇത് അടിയന്തിരം നടത്തി എന്നതിന് തെളിവായിട്ടാണ്.

ഈ അടിയന്തിര ചടങ്ങിൽ വിളിച്ചുകാണുന്ന ദൈവങ്ങളാണ് ഗുളികൻ, തമ്പ്രാട്ടി അമ്മ, കുല ദൈവം, കാലിക്കാരൻ, നായ്ക്കൻദൈവം, ചൊറിച്ചിയമ്മ, ഊരാളിദൈവം, പട്ടാണിദൈവം......

ഇവരെ വിളിച്ചുകാണുമ്പോഴൊക്കെ നാട് വിളിച്ചു അപ്പവും വെളമ്പണം. ഈ അപ്പത്തിന് കാരയപ്പം എന്നാണ് പറയുന്നത്. കുലദൈവത്തെ അവസാനമായാണ് വിളിക്കുന്നത്. ( കാരണവൻ ദൈവത്തെയാണ് കുലദൈവം എന്നു വിളിക്കുന്നത് ). പാട്ടുപാടിയാണ് ഇവരെ വരുത്തുക. ഈ പാട്ട് കാരണവരാണ് പാടുക. പുറത്തുള്ളവർക്കൊന്നും ഈ പാട്ട് അറിയുകയില്ല.

കുട്ടികൾക്ക് അസുഖം വരുമ്പോഴാണ് ഇത് ചെയ്യുക. അസുഖം മാറാതെ വരുമ്പോൾ കാരണവൻമാരേയും ദൈവങ്ങളേയും പാടി വരുത്തി അസുഖത്തിന്റെ കാരണമന്വേഷിച്ച് പരിഹാരം ചെയ്യും. ഇതിന്റെ പാട്ട് പുറത്തറിയാൻ പാടില്ല. പാരമ്പര്യമായി കൈമാറിക്കിട്ടുന്നതാണിത്. ഈ ചടങ്ങ് ചെയ്യുന്നവർക്ക് മാത്രമേ ഇതറിയാവൂ.

## അദ്ധ്യായം അഞ്ച്

## പണിയരുടെ കലാരൂപങ്ങൾ

വൈവിധ്യമാർന്ന കലാരൂപങ്ങൾ ഗോത്രസംസ്കാരത്തിന്റെ മഹത്തായ പാരമ്പര്യമാണ്. പ്രസ്തുത കലാരൂപങ്ങൾ ഗോത്ര ജീവിതത്തിൽനിന്നും വേർതിരിച്ചെടുക്കുവാൻ കഴിയാത്തവിധം ബന്ധപ്പെട്ട് കിടക്കുന്നവയാണ്, മറ്റേത് ഗോത്ര വിഭാഗത്തെയും പോലെ പണിയ സമുദായത്തിനും തനതായ കലാവിഷ്കാരങ്ങൾ ഉണ്ട്. സാംസ്കാരിക ആഘോഷങ്ങൾ, സംസ്കാരക്രിയകൾ, ആചാര അനുഷ്ഠാനങ്ങൾ, കാർഷികവൃത്തി തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം പാട്ടുകളായും, ചൊല്ലുകളായും, നൃത്തങ്ങളായും പണിയരുടെ കലാവിഷ്കാരങ്ങൾ പ്രകടമാക്കുന്നു.

പാട്ടിലും നൃത്തങ്ങളിലും ജന്മസിദ്ധവും അസാധാരണവുമായ കഴിവുകൾ പണിയർക്കുണ്ട്. വട്ടക്കളി, വിവിധ തരത്തിലുള്ള പാട്ടുകൾ, കുറത്തി നാടകം എന്നിവ പണിയരുടെ പ്രധാനപ്പെട്ട കലകളാണ്.

### 1. വട്ടക്കളി

പണിയരുടെ സാംസ്കാരിക നൃത്തമാണ് വട്ടക്കളി. സ്ത്രീപുരുഷ സമത്വത്തിലധിഷ്ഠിതമായ സാമൂഹ്യ ജീവിതം നയിക്കുന്ന പണിയരുടെ സാംസ്കാരിക ജീവിതത്തിൽ വട്ടക്കളിക്ക് പ്രധാന പങ്കുണ്ട്. തുടിയുടേയും കുഴലിന്റെയും അകമ്പടിയോടെ സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃത്താകൃതിയിൽ താളാത്മകമായി ചുവട് വെക്കുന്നു. ജീവിതത്തിന്റെ എല്ലാ വിശേഷ അവസരങ്ങളിലും (കല്ല്യാണം, തിറ, വയസ്സറിയിക്കൽ) രാത്രിയിലും പകലും മണിക്കൂറുകളോളം നീണ്ടു നിൽക്കുന്നതാണ് ഈ കളി. സാധാരണ ഗതിയിൽ പുലയടിയന്തിരത്തിന് സ്ത്രീകൾ വട്ടക്കളിയിൽ പങ്കെടുക്കാറില്ല. വട്ടക്കളിയോടൊപ്പംതന്നെ പ്രത്യേക തരത്തിലുള്ള കഥ പറച്ചിലുകളും ഉണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്ത രീതിയിലുള്ള നൃത്ത ചുവടുകളാണുള്ളത്. പല കാരണങ്ങൾകൊണ്ടും പണിയരിൽ നിന്നും അന്യമായി പോകുന്ന ഒരു കലാരൂപമാണിത്.





### 2. പണിയരുടെ പാട്ട് പാരമ്പര്യം

പണിയർക്ക് നൂറ്റൊന്ന് തുടിതാളങ്ങളും, കുഴൽ ഈണങ്ങളും അറിയാമെന്ന് പഴമക്കാർ പറയുന്നു. ഓരോ കുല ദൈവത്തിനും ഓരോ തുടിയും കുഴലും ഉണ്ട്. ഉദാ: മാരിതുടി, ഗുളികൻതുടി

പണിയരുടെ സാംസ്കാരിക ജീവിതത്തിന്റെ ഓരോ വേളയും സംഗീതംകൊണ്ടും നൃത്തംകൊണ്ടും അലംകൃതമാണ്. പാട്ടവതരണത്തിന് മൂന്ന് ഘട്ടങ്ങൾ ഉണ്ട്. വായ്പാട്ട്, വാദ്യമേളം, നൃത്തം ചുവടുകൾ.

പാട്ടിന്റെ ധർമ്മം (Function) അനുസരിച്ച് ഏഴ് വിഭാഗങ്ങളായി പണിയ പാട്ടുകളെ തിരിക്കാം.

1. വട്ടക്കളിപ്പാട്ട് - ചൊല്ലൽ/കഥ പറച്ചിൽ.
2. പണിപ്പാട്ട് - നാട്ടിപ്പാട്ട്/ഒക്കൽപ്പാട്ട്
3. അനുഷ്ഠാനപ്പാട്ട് - പേനപ്പാട്ട്, തെയ്യപ്പാട്ട്.
4. കഥപ്പാട്ട്.
5. ഉറക്കപ്പാട്ട്.
6. നാടകപ്പാട്ട് - കുറുത്തിനാടകം, പെറാട്ടുനാടകം.
7. വിനോദപ്പാട്ട്

### പണിയരുടെ സംഗീത ഉപകരണങ്ങൾ

തുടിയും കുഴലുമാണ് പണിയരുടെ സംഗീത ഉപകരണങ്ങൾ. തുടിക്ക് മരമെന്നും കുഴലിന് ചീനി എന്നും പേരുകൾ ഉണ്ട്. മൂന്ന് തുടിയും ഒരു കുഴലും ഒരു പണിയ കുടുംബത്തെ പ്രതിനിധാനം ചെയ്യുന്നു. വലിയ മരം കുടുംബനാഥനെയും, നടുമരം കുടുംബനാഥയെയും, ചെറുമരം മക്കളെയും, കുഴൽ ഊരുമൂപ്പനെയുമാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ സ്വരവും താളവും ചേർന്നതാണ് തുടി എന്ന് പണിയർ വിശ്വസിക്കുന്നു.

## തുടി, കുഴൽ നിർമാണം

പണിയർ തന്നെയാണ് തുടിയും കുഴലും നിർമിക്കുന്നത്. മേന്മയുള്ള തനത് സാങ്കേതികവിദ്യ ഇതിന്റെ നിർമാണത്തിലുണ്ട്. കുമിൾ, പ്ലാവ്, ആഞ്ഞിലി, എന്നീ മരങ്ങൾ തുടി നിർമാണത്തിനായി ഉപയോഗിക്കുന്നു. കുഴൽ നിർമാണത്തിനായി പാല, കാറ്റാടി തുടങ്ങിയ മരങ്ങളാണ് ഇപയോഗിക്കുന്നത്. തുടിയും കുഴലും നിർമ്മിക്കുമ്പോൾ സവിശേഷമായ ഗോത്രകർമ്മങ്ങൾ നടത്തുന്നു. കാരണം ഈ കർമ്മങ്ങളിലൂടെയാണ് തുടിക്ക് ശരിയായ താളവും കുഴലിന് ഈണവും ലഭിക്കുക എന്ന് പണിയർ വിശ്വസിക്കുന്നു.

## നിർമാണ രീതി

തുടിക്ക് വേണ്ട മരത്തിന്റെ അടുത്ത് ചെന്ന് ഗോത്രകർമ്മ ങ്ങൾ ചെയ്യുകയും മരം മുറിക്കാൻ അനുവാദം വാങ്ങുകയും ചെയ്യുന്നു. മുറിച്ച മരം ഒരടി നീളത്തിൽ കഷണങ്ങളാക്കി മാറ്റുന്നു.നന്നായി ഉണങ്ങിയതിനു ശേഷം വാക്കത്തി ഉപയോഗിച്ച് ചെത്തി തുടിയുടെ രൂപത്തിൽ ആക്കുന്നു. കുത്തുളികൊണ്ട് തുളച്ച് കഴിഞ്ഞതിനുശേഷം തുടിമാന്തി എന്ന ഉളി ഉപയോഗിച്ച് മരത്തിന്റെ ഉള്ളുതുരന്ന് തുടിമരം നിർമ്മിക്കുന്നു. തുടി നിർമ്മിക്കാനുപയോഗിക്കുന്ന ഉപകരണങ്ങൾ ഇവയാണ്. തുടിമാന്തി, (മാന്തുളി) കുത്തുളി, വീതുളി, കോടാലി, ചുറ്റിക, മുനയൻ പിച്ചാത്തി, പാറാൻ ഇല മുതലായവയാണ്. ഒരടി നീളവും ഒരു ചാൺ വ്യാസവുമാണ് തുടി യുടെ അളവ്. ഭാഗങ്ങൾ: വള്ളി, വള്ളിച്ചരട്കുഴലിന് ആവശ്യ മായവ: ഓല, പീലി, പലക, സൂത്രം, തണ്ട്, ഉച്ചം എന്നിവയാണ്. തുടിമഞ്ചുണ്ടാക്കുന്നതും പ്രത്യേക രീതിയിൽ ആണ്. ആടിന്റെ തോൽ പ്രത്യേകമായ വിധത്തിൽ സംസ്കരിച്ച് തുടിമഞ്ച് ഉണ്ടാക്കുന്നു. തുടി നിർമാണത്തിന് ഏകദേശം 57 ദിവസമെങ്കിലും വേണ്ടിവരും.





## കുറത്തിനാടകം

വയനാട്ടിലെ പണിയവിഭാഗത്തിൽപ്പെട്ടവരുടെ നാടകമാണ് കുറത്തിനാടകം. വയനാടിന്റെ പലഭാഗങ്ങളിലുമുള്ളവർ ഈ നാടകത്തിന്റെ തുടക്കവും ഒടുക്കവും വ്യത്യസ്തമായ വിധത്തിലാണ് അവതരിപ്പിക്കുന്നത്. തൃശ്ശൂർ, ഷൊർണൂർ, ഒറ്റപ്പാലം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു വന്ന പാണന്മാരിൽ നിന്നു കേട്ടുപഠിച്ചവരും, തമിഴ്നാട്ടിലെ ഗൂഡല്ലൂരുള്ള കലാകാരൻമാരിൽ നിന്ന് പഠിച്ചവരുമുണ്ട്. കള്ളുവാധ്യാരെന്ന പേരിലറിയപ്പെടുന്ന ഒരാദിവാസി പന്തലൂരുകാരി മഞ്ഞ എന്ന പണിയസ്ത്രീയിൽ നിന്നും നാടകം പഠിച്ചെന്ന് ഇപ്പോൾ സുൽത്താൻബത്തേരി തേലമ്പറ്റ ഈരങ്കല്ലു കോളനിയിലെ നാടകവാധ്യാരായി അറിയപ്പെടുന്ന കുറുക്കൻ മൊതലി പറഞ്ഞു. വിവിധ പ്രദേശങ്ങളിൽ ഉള്ളവർ വ്യത്യസ്തമായ രൂപത്തിലാണ് കുറത്തിനാടകം അവതരിപ്പിച്ചിട്ടുള്ളത്.

രാശിചെട്ടിയാർ, ചെറുമി, ചെറുമൻ, മണ്ണാൻ, മണ്ണാത്തി, കുറവൻ, കുറത്തി, തൊട്ടിയൻ, തൊട്ടീശൻ, തെക്കൻ, തെക്കാട്ടി, കോമാളി തുടങ്ങിയ പന്ത്രണ്ടോളം കഥാപാത്രങ്ങൾ കുറത്തിനാടകത്തിലുണ്ട്. ചെണ്ടയും കൈത്താളവുമുണ്ട്. പാടാനുള്ള രണ്ടുപേർ വേറെയും. അവരെ കൂടാതെ നാടകത്തിൽ വാധ്യാരും ചെണ്ടക്കാരും മിക്കപ്പോഴും പാടും. നാടകത്തിന്റെ ആദ്യരംഗത്ത് വിളക്കുകൊളുത്തി രംഗത്ത് വരുന്നത് രത്നക്കല്ലിന്റെ പണിക്കാരനായ രാശിചെട്ട്യാരാണ്.

നാടകത്തിന്റെ ആരംഭം ആദിതാളത്തോടെ ദേവസ്തുതി ചൊല്ലിയാണ്.

ഉലക്കമെൻ കീർത്തിയോടും
വിളക്കും നാടകം വെച്ചിരുന്താൻ
മാരിയമ്മ കൃപയെ ഞാൻ കുമ്പിട്ടു
കൈവെളങ്കും താനെ,

ഇതോടെ കോമാളിയും കുറത്തിയും രംഗത്തുവരുന്നു. കുറത്തി കോമാളിയുടെ കൈനോക്കുന്നു. രണ്ടുഭാര്യയെ കെട്ടാനുള്ള യോഗ്യതയുണ്ടെന്ന് കുറത്തി.

കോമാളി: രണ്ടുഭാര്യയിലും കൂടി എത്ര കുട്ടികളുണ്ടാവും?

കുറത്തി: പത്തു കുട്ടികൾ

കോമാളി: അഞ്ചെണ്ണം കാലനോട് ചേരും. അഞ്ചെണ്ണത്തിനെ ഒരു കുഴിയിലാക്കിയിടണം. കോരു, കോശപ്പൻ, കോണകവാലൻ, കിളിവാലൻ എന്നിങ്ങനെ പേരിടണം. ചിലപ്പോൾ പത്തിൽ ഒമ്പതും പോകും. ഒന്നുള്ളത് അച്ഛനേയും അമ്മയേയും നോക്കും. പക്ഷെ അവന് കണ്ണില്ല, കാതില്ല, കാലുമില്ല. ഇതിനെക്കൊണ്ട് എന്തുപ്രയോജനം? (എന്ന് സഭയോട് പറഞ്ഞിട്ട് മറ്റു ചില വിവരങ്ങൾ കൂടി നൽകുന്നു.) ഞാനീ മസാലയിലിരിക്കാം മറ്റൊരാൾ: മസാലയല്ല കസാലയെന്നു പറയൂ.

കുറത്തി തന്റെ കുറവനുപേക്ഷിച്ചു പോയ കഥ പറയുന്നു. കോമാളി പലനുണകളും രസികൻ കഥകളും പറഞ്ഞ് കുറത്തിയോടടുക്കുന്നു. കുറച്ചുകഴിയുമ്പോൾ കുറവൻ വരുന്നു. കുറത്തിയെ അന്വേഷിച്ച് തൃശ്ശൂർപ്പൂരം കാണുവാൻ പോയ കഥ പറയുന്നു.

*തൃശ്ശൂര് പൂരം ഞങ്ങൾ*
*കാണുവാൻ പോയി*
*കൂട്ടത്തിലെ കുറത്തിയമ്മയുമായി*
*അന്നവിടെവന്ന ശെനം അനവധിയുമ-*
*പൂരവും കഴിഞ്ഞശേഷം*
*അനവധിയുമേ...*
*ഇങ്ങനെ പാടുമ്പോൾ*
*വൈരണ മണി മുത്തെടുക്തി*
*വാതി ചിതം*
*ബരമെയ്യിൽ തോളിൽ പൂട്ടി*





*അറശാജിരുന്ന പെരുമയെല്ലാം*
*ദണ്ഡുക്കല്ലുനഗരം വിട്ടു.*
*ഉടനെ കോമാളി ചോദിക്കുന്നു: എന്ത് കല്ല്,*
*മുത്താറിക്കല്ലാണോ?*

*കുറവൻ: നിന്റെ കല്ല് എന്ത് കല്ലാ?*

*കോമാളി: എന്റെ കല്ല നല്ല നല്ല അസ്സല് കല്ലാ. വില പിടിപ്പുള്ള കല്ലാണ്.*

*കുറവൻ: എന്ത് കല്ലാണ്.*

*കോമാളി: ഉപ്പുകല്ലാണോ?*

*എന്റെ കുറവനെ പൊന്നും കിനാവനെ*
*ഈ നാട്ടിലവാരെങ്കിലും കണ്ടോരുണ്ടോ?*
*കയ്യിൽ ചൂരൽവടി, തോളിൽ മാറാപ്പ്*
*പൊന്നും കിനാവനെ കണ്ടോരുണ്ടോ?*

*നാടകം ഗണപതി സ്തുതിയോടെ അവസാനിക്കും. അപ്പോൾ ഏതാണ്ട് നേരം പുലർന്നിട്ടുണ്ടാകും.*

*ഗണപതി സ്തുതി*
*കിണപതി തുണക്ക വേണം*
*പരശ്വതി തുണക്കവേണം*
*ചെയ്യു ചെയ്യു മംങ്കോളം*
*ആരോഗ്യ മംങ്കോളം*

ഇങ്ങനെ ഗണപതി സ്തുതി നീണ്ടുപോകുന്നു. ഇതിനിടയിലും മറ്റുമായി പത്തു പന്ത്രണ്ടോളം കഥാപാത്രങ്ങൾ അരങ്ങിലെത്തുന്നു. പല ദേശങ്ങളെക്കുറിച്ചും, ഏതാണ്ടൊരറിവ് നാടൻപാട്ടു പോലെ കുറത്തി നാടകത്തിലുടെ നമുക്ക് ലഭിക്കും. ഈ പാട്ടും നാടകവുമെല്ലാം മനോഹരമാണ്.

**വട്ടക്കളിച്ചൊല്ല്**

കല്ല്യാണം തുടങ്ങിയ എല്ലാ ആഘോഷങ്ങൾക്കും വട്ടക്കളി നിർബന്ധമാണ്. അതിന് പാടുന്ന പാട്ടിന്റെ കുറച്ചുഭാഗങ്ങൾ

1. കുച്ചിപ്പുട്ടുവോണുവാ.... കുയെലാ....

കയിലുപ്പുട്ടുവോണുവാ.... കുയെലാ....
നെണ്ടു കറി വോണുവാ.... കുയെലാ....
മീനു കറി വോണുവാ.... കുയെലാ....
ഇയ്യാ..........യീ......... ഇയ്യാ............. യീ

2. പൊട്ടു കണ്ണീകുമ്പറത്തി
തീയോമി താത്തമ്മാ
തീയാടെ ഉട്ടും കാഞ്ച്
നീയിങ്കു വാത്തമ്മാ
കോലുക്കു പോയാക്കു
കൂടുത്തവാനെ............
നീയാങ്കു മുന്നിലു വാത്തമാ
ഞേണ്ടുക്കു പോയാക്കു കൂടുത്തവനെ
നീയിങ്കു മുന്നിലു വാത്തമാ

ഈ പാട്ടും വട്ടക്കളിയുമെല്ലാം വളരെ മനോഹരമാണ്.

**പണിപ്പാട്ടുകൾ**

കമ്പളനാട്ടി കൊഴുപ്പു കൂട്ടാൻ സ്ത്രീകൾ താളത്തിനനുസരിച്ച് ചൊല്ലുകൾ ഉണ്ടാക്കിപ്പാടുന്നു.

കുത്തലു ചോറുക്കു താളുനതടെ
കമ്പളചോറുക്കു കുമ്പളക്കറി
ഏനത്ത കാലീന നോക്കിഞ്ചേ
കൈമന..... തന്തേ....
നോക്കിയോ, ആയ്ച്ചോ,
കൂട്ടിയോ, ഉടിച്ചേ

**ഉറക്കപ്പാട്ട്**

അമ്മ പണിക്കുപോകുമ്പോൾ കൊച്ചുങ്ങളെ നോക്കുന്നത് മൂത്ത പെൺകുട്ടിയോ, അമ്മൂമ്മയോ ആണ്. അപ്പോൾ കുഞ്ഞുങ്ങളെ ഉറക്കാനായി പാടുന്ന പാട്ടാണിത്.

നിന്നമ്മയും അപ്പനും പണിക്ക് പോയുള
നീ ഉറങ്ങിയേ കോത്തമാ മാളൂട്ടി





അപ്പനുമമ്മയും അന്തിയായിച്ചക്ക
പണികേറി വരൂമോളേ.

**അനുഷ്ഠാനപാട്ട്**

അനുഷ്ഠാനബദ്ധമായ ഒരു ജീവിതമാണ് പണിയർക്കുള്ളത്. ജനനം മുതൽ മരണം വരെയുള്ള ജീവിതചടങ്ങുകളിലെ ആചാരാനുഷ്ഠാനങ്ങൾക്ക് പാട്ടും നൃത്തവും വളരെ പ്രധാനപ്പെട്ട ഘടകമാണ്.

**പണിയരുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള പാട്ട്**

കിണാതി പടച്ചവനെ കീ കിനാത്തി
നാല് മലൈ ഈച്ചരൻമാരെ
നാട്ടിലെ ഉത്തപ്പാലകരെ
ബൂട്ടിലെ തെയ്യന്മാരെ
പന്തീരാണ്ട് അപ്പന്മാരെ
ഇപ്പിമലൈ തോനപ്പെട്ടു
അത്തി, ഇത്തി, ആലു ചന്ദനം കൂവളം, പന്തം

**കഥച്ചൊല്ല്**

കല്ല്യാണത്തിന്റെ ആഘോഷ വേളകളിൽ മുത്തശ്ശിമാർ വധുവിന്ന് കൊടുക്കുന്ന സാരോപദേശങ്ങളാണ് കഥപ്പാട്ടിലെ പ്രമേയം

കൊങ്കീരേ കൊങ്കീരേ
കൊങ്കീരേ കൊങ്കീരേ
അണ്ണലാമ വന്തുള കൊങ്കീരേ
അപ്പനപായുളട്ടു കൊടുത്തുള്ള കൊങ്കീരേ
അപ്പനപായു ഇളക്കപ്പോതെ അമ്മായ
അമ്മനപ്പായു ഉട്ടു കൊടുത്തുള്ള കൊങ്കീരേ
അച്ചിന ഊമന, മാമന എമ്പന
കൊങ്കീരെ പായു ഉട്ടുകൊടുത്തുവാ കൊങ്കീരെ
കൊങ്കീരെ പായുമേ ഇളുക്കുപോതെ അമ്മായ

അധ്യായം – ആറ്

## ആദിവാസി സൗഹൃദ വിദ്യാലയം

വിദ്യാലയങ്ങളും ക്ലാസ്സ് മുറികളും ശിശുസൗഹൃദപൂർണ്ണമായിരിക്കണമെന്നത് ഒരു നല്ല പഠന ക്രിയക്ക് പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. ഉത്സാഹമുള്ളതും സമാധാന പൂർണവുമായ മാനസികാന്തരീക്ഷം വിദ്യാർത്ഥികളിൽ സൃഷ്ടിക്കപ്പെടുമ്പോഴെ അറിവിന്റെ വെളിച്ചവും തിരിച്ചറിവിന്റെ തെളിച്ചവും അവരിൽ പരക്കുകയുള്ളു. ദൈനംദിന ജീവിതത്തിലെ നിരവധി പ്രശ്നങ്ങൾ കൊണ്ട് വീർപ്പുമുട്ടി ക്ലാസ്സിലിരിക്കുന്ന ഒരു വിദ്യാർത്ഥിക്ക് എന്തു ശേഷിയാണ് ആർജിച്ചെടുക്കുവാൻ കഴിയുക.?

നമ്മുടെ വിദ്യാലയങ്ങൾ ഒരു പരിധിവരെ ശിശുസൗഹൃദ പൂർണമാക്കുവാൻ പുതിയ പാഠ്യ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇത് ഒരു യാഥാർത്ഥ്യമാണെന്നിരിക്കെ ആദിവാസി വിദ്യാർത്ഥികൾക്ക് സൗഹൃദപൂർണമാവാൻ എത്രമാത്രം ക്ലാസ്സ് മുറികൾക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് പുനഃപരിശോധിക്കപ്പെടേണ്ട ഒന്നാണ്. നമ്മുടെ പാഠപുസ്തകങ്ങളോ, പഠനപ്രവർത്തനങ്ങളോ, വിദ്യാലയങ്ങളിലെ കലാ-കായിക പ്രവർത്തനങ്ങളോ ഒന്നും ആദിവാസി വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സൗഹൃദപരമല്ല എന്നതും അവർ പ്രൈമറി സ്ക്കൂൾ കാലഘട്ടത്തിൽതന്നെ വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞു പോകുന്നുവെന്നതും പരമമായ യാഥാർത്ഥ്യമാണ്.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.? ആദിവാസി സമൂഹത്തെക്കുറിച്ചും അവരുടെ വ്യത്യസ്തമായ ജീവിത രീതിയെക്കുറിച്ചും അവ്യക്തവും വികലവുമായ ധാരണകളാണ് വിദ്യാഭ്യാസരംഗത്തുള്ള ഭൂരിപക്ഷം പേർക്കുമുള്ളത്. വിദ്യാലയങ്ങൾ ആദിവാസി സൗഹൃദമുള്ളതായി മാറാൻ ഈ മനോഭാവത്തിന് മാറ്റം വരേണ്ടത് അനിവാര്യ ഘടകമാണ്. പൊതു സമൂഹത്തിലെ ഒരു വിദ്യാർത്ഥിയെ സമീപിക്കുന്ന മാനദണ്ഡമുപയോഗിച്ചല്ല ആദിവാസി വിദ്യാർത്ഥിയെ അളക്കേണ്ടത്. ആദിവാസി കുട്ടികൾക്ക് ക്ലാസ്സിൽ വരാൻ ഭയങ്കര മടിയാണ്. വന്നാൽ തന്നെ അവസാന ബഞ്ചിലേ ഇരിക്കു. ക്ലാസ്സിൽ പറയുന്നതൊന്നും അവർക്ക് മനസ്സിലാകില്ല, വൃത്തിയില്ലാതെയാണ് ക്ലാസ്സിൽ വരുന്നത്, ആരോടും കൂട്ടുകൂടാറില്ല, ഭാഷ മനസ്സിലാകില്ല, ആദിവാസി കുട്ടികളുടെ രക്ഷിതാക്കൾക്ക് ഒട്ടും ഉത്തരവാദിത്വബോധമില്ല. തുടങ്ങിയ കാരണങ്ങളൊക്കെയാണ് ആദിവാസി വിദ്യാഭ്യാസ പ്രശ്നത്തെ കുറിച്ച് അധ്യാപകർക്ക് പൊതുവെ പറയുവാനുള്ളത്. ഇതെല്ലാം ഒരു യാഥാർത്ഥ്യമാണെങ്കിൽ എന്തുകൊണ്ടാണ് ആദിവാസി വിദ്യാർത്ഥികൾ മാത്രം ഇപ്രകാരം പെരുമാറുന്നുവെന്നത് അന്വേഷണത്തിന് വിധേയമാക്കേണ്ടതല്ലേ. ആദിവാസി വിദ്യാർത്ഥികളുടെ ജീവിത സാഹചര്യങ്ങൾ പൊതു സമൂഹത്തിലുള്ള വിദ്യാർത്ഥികളുടേതിൽനിന്ന് തികച്ചും വ്യത്യസ്തവും സങ്കീർണവുമാണ്. നൂറ്റാണ്ടുകളുടെ അടിമത്വത്തിന്റെയും ജാതി വിവേചനങ്ങളുടേയും പാരമ്പര്യം ആദിവാസി ജനതയ്ക്കുണ്ട്. സ്വന്തമായി ഭൂമിയോ സ്ഥിരവരുമാന മാർഗ്ഗങ്ങളോ ഇല്ലാത്ത ആദിവാസി വിഭാഗങ്ങൾ കൂലിപ്പണിയെ മാത്രം ആശ്രയിച്ചാണ് ദൈനംദിന ജീവിതം തള്ളിനീക്കുന്നത്. പ്രാഥമിക സൗകര്യങ്ങളുടെ അഭാവംമൂലം വീർപ്പുമുട്ടുന്ന കോളനികളിലാണ് ഇവർ കൂട്ടമായി താമസിക്കുന്നത്. ചോർന്നൊലിക്കുന്ന വീടുകളും കൂരകളുമാണ് ഭൂരിപക്ഷം പേർക്കുമുള്ളത്. കൂലിപ്പണിക്കാരായ മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികൾക്ക് നല്ല പുസ്തകങ്ങളും ബാഗും കുടയും ഒന്നും വാങ്ങികൊടുക്കാൻ പലപ്പോഴും കഴിയാറില്ല. നിരക്ഷരരും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെകുറിച്ച് അറിവില്ലാത്തവരുമായ രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാനോ സഹായിക്കുവാനോ കഴിയാറില്ല. ആദിവാസി കുട്ടികളുടെ അടുത്തിരിക്കുവാനും ഒപ്പം കളിക്കുവാനും കൂട്ട് കൂടുവാനുമൊക്കെ മറ്റ് കുട്ടികൾ മടികാണിക്കാറുമുണ്ട്. ഈ വസ്തുതകളെല്ലാം ആദിവാസി വിദ്യാർത്ഥികൾ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ് എന്ന

യാഥാർത്ഥ്യത്തിലേക്കല്ലേ വിരൽ ചൂണ്ടുന്നത്. ഇത്തരമൊരു തിരിച്ചറിവും അവബോധവും അധ്യാപകർക്ക് ഉണ്ടാവുകയും ആദിവാസി വിദ്യാർത്ഥികൾക്കൊപ്പം ധാർമികമായി ഇടപെടുകയും ചെയ്യുമ്പോൾ മാത്രമേ വിദ്യാലയങ്ങൾ ആദിവാസി സൗഹൃദപരമായി പരിഗണിക്കുവാൻ കഴിയുകയുള്ളു.

അഞ്ച് വയസ്സിന് ശേഷം സ്ക്കൂളിലെത്തുന്ന ഒരു ആദിവാസി വിദ്യാർത്ഥിയുടെ അതുവരെയുള്ള ജീവിതത്തെ കുറിച്ച് സ്വാഭാവികമായും അധ്യാപകർക്ക് അറിവുണ്ടാകണമെന്നില്ല. സ്ക്കൂളിലെത്തുന്നതിന് മുൻപുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ജീവിതം സ്വാതന്ത്ര്യത്തിന്റെ ഉത്സവം തന്നെയാണ്. കുടുംബത്തിലും കൂട്ടായ്മയിലും പരിപൂർണ ശിശുസൗഹൃദമാണുള്ളത്. ആണിനും പെണ്ണിനും തുല്യപരിഗണന നൽകുന്നു. കുടുംബത്തിൽ കുഞ്ഞുങ്ങളുടെ ഏതൊരാഗ്രഹവും സാധിച്ചുകൊടുക്കാൻ രക്ഷിതാക്കൾ തയ്യാറാകുന്നു. പുതുതലമുറയോട് അത്രമാത്രം സ്നേഹമാണ് മുതിർന്നവർക്കുള്ളത്. പാടത്തും പറമ്പിലും ഓടിനടക്കുകയും തോട്ടിൽ മീൻ പിടിക്കുകയും, ഞണ്ട് പിടിക്കുകയും നാനാതരം കളികളിലേർപ്പെട്ട് സ്വതന്ത്രരായി വിഹരിക്കുകയും ചെയ്യുന്ന കുട്ടികൾ ക്ലാസ്സ് മുറിയിലെ നിയന്ത്രിതവും തങ്ങളുടെ ഇതുവരെയുള്ള ജീവിതത്തിൽനിന്നും തികച്ചും വ്യത്യസ്തവുമായ സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ കഴിയാതെ നിശബ്ദരാകുന്നു. ആദിവാസി വിദ്യാർത്ഥികൾക്ക് പൊരുത്തപ്പെടുവാൻ ബുദ്ധിമുട്ടുള്ള സ്കൂൾ അന്തരീക്ഷത്തെ സൗഹൃദപൂർണ്ണമാക്കുവാൻ എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാ മെന്ന ആലോചനകൾ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

ആദിവാസി വിദ്യാർത്ഥികൾക്ക് സ്കൂൾ അപരിചിത സ്ഥലമായി അനുഭവപ്പെടുന്നതിന് മറ്റൊരു കാരണം കൂടിയുണ്ട്. മറ്റ് സമുദായങ്ങളിൽപ്പെടുന്ന കുട്ടികൾക്കും മിക്കവാറും പ്രീപ്രൈമറിയുടെ തുടർച്ചയാണ് സ്കൂൾ എന്നതിനാൽ





അസ്വസ്ത തയോ അപരിചിതത്വമോ തോന്നാനിടയില്ല. അതുപോലെ വിദ്യാസമ്പന്നരായ മാതാപിതാക്കൾ ഇവരുടെ പഠനത്തിൽ ക്രിയാത്മകമായി സഹായിക്കുകയും ചെയ്യുന്നു. പ്രീപ്രൈമറിയിൽ പോകാതെ സ്കൂളിലെത്തുന്ന ആദിവാസി വിദ്യാർത്ഥികൾക്ക് തങ്ങളിൽനിന്നും തീർത്തും അകന്നുനിൽക്കുന്ന ഇടമായി സ്കൂൾ അനുഭവപ്പെടുന്നു. പ്രീപ്രൈമറിക്ക് ശേഷം ക്ലാസ്സിലെത്തുന്ന മറ്റ് വിദ്യാർത്ഥികളുമായി താരതമ്യം ചെയ്യുമ്പോൾ ആദിവാസി കുട്ടികൾ മോശപ്പെട്ടവരായി കാണപ്പെടുവാനും സാധ്യതയുണ്ട്. ഇത്തരം ഒരു അകൽച്ച ഇല്ലാതാക്കുവാൻ ഫലപ്രദമായ ഇടപെടൽ അധ്യാപകരുടെ ഭാഗത്ത്നിന്ന് ഉണ്ടാവേണ്ടതുണ്ട്.

ആദിവാസി വിഭാഗങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ മറ്റ് സമൂഹങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമാണ്. മണിക്കൂറുകളും ദിവസങ്ങളും ആഴ്ചകളും നീണ്ടുനിൽക്കുന്ന ചടങ്ങുകൾ ആദിവാസികൾക്കുണ്ട്. പണിയരുടെ വിവാഹ ചടങ്ങിന്റെ ഭാഗമായി മുഖ്യ കാർമികൻ (ചെമ്മി) ദൈവം കാണൽ ചടങ്ങിന് 36 മണിക്കൂർവരെ തുടർച്ചയായി ഇരിക്കും ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ചടങ്ങിൽ വിദ്യാർത്ഥികളായ കുട്ടികളും പങ്കെടുക്കേണ്ടിവരും. കുടുംബത്തിന് വളരെ പ്രാധാന്യം കൽപിക്കുന്ന ഇവർ അത്തരം ദിവസങ്ങളിൽ സ്കൂളിൽ വരാത്തത് മടികാരണമാണെന്ന് അധ്യാപകർ തെറ്റിദ്ധരിക്കാറുണ്ട്. അതുപോലെ ഋതുമതികളായ പെൺകുട്ടികൾക്ക് ആ സമയത്ത് സവിശേഷ ആചാരങ്ങൾ അനുഷ്ഠിക്കാനുള്ളതുകൊണ്ട് അത്തരം ദിവസങ്ങളിലും സ്കൂളിൽ വന്നെന്നിരിക്കില്ല. ആദിവാസി ജീവിതത്തേയും സംസ്കാരത്തേയും അടുത്തറിയുന്നതിലൂടെ കുറ്റപ്പെടുത്തലുകൾക്കും ശകാരിക്കലിനും പകരം സവിശേഷമായ പരിഗണന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കൊടുക്കുവാൻ കഴിയും. ശ്രദ്ധയും മാനസികമായ പിന്തുണയും ആദിവാസി വിദ്യാർത്ഥികളോട് കാണിക്കുവാനുള്ള സന്മനസ്സ് അധ്യാപകരിൽ ഉണ്ടാവേണ്ടതുണ്ട്. ആദിവാസി വിദ്യാർത്ഥികളെകുറിച്ച് മോശപ്പെട്ട രീതിയിലുള്ള മുൻധാരണകൾവെച്ച് പുലർത്തുന്നതും അവഗണന

യോടെ സമീപിക്കുകയും ചെയ്യുന്ന രീതി തീർത്തും അവസാനിപ്പി ക്കേണ്ട ഒന്നാണ്. റെമഡിയൽ ടീച്ചിങ്ങിന്റെ പേരിൽ ആദിവാസി വിദ്യാർത്ഥികളെ വേറെ ക്ലാസ്സിലാക്കുക, ഇംഗ്ലീഷ് മീഡിയം വേറെയാക്കി ആദിവാസി വിദ്യാർത്ഥികളെ ചേർത്ത് മലയാള മീഡിയം വേർതിരിച്ച് ട്രൈബൽ ഡിവിഷനാക്കുക. സ്കൂളിന്റെ പഠനനിലവാരം കുറഞ്ഞതിന് കാരണം ആദിവാസി വിദ്യാർത്ഥി കളാണെന്ന് കുറ്റപ്പെടുത്തുക, വിജയശതമാനം നഷ്ടപ്പെടു മെന്നോർത്ത് ആദിവാസി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കാതിരിക്കുക. തുടങ്ങിയ ആദിവാസി വിരുദ്ധവും മനുഷ്യത്വവിരുദ്ധവുമായ നടപടികളും സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടാവാറുണ്ട്. ഇത്തരം വിഭാഗീയവും വംശീയവുമായ മുൻവിധി പുരോഗമനം ആഗ്രഹിക്കുന്ന ഏത് വിദ്യാഭ്യാസ പ്രവർത്തകരും പാടേ ഉപേക്ഷിക്കേണ്ടതുണ്ട്.

ഒറ്റനോട്ടത്തിൽതന്നെ ക്ലാസിലെ മറ്റു വിദ്യാർത്ഥികളിൽനിന്ന് രൂപംകൊണ്ടും പ്രകൃതംകൊണ്ടും തിരിച്ചറിയാൻ കഴിയുന്ന ആദിവാസികുട്ടികളെ ഒന്നിച്ചിരുത്തുവാനും, കളിക്കുവാനും , കൂട്ടുകൂടുവാനും പൊതുസമൂഹത്തിലെ വിദ്യാർത്ഥികൾ മടികാണിക്കാറുണ്ട്. പഠനപ്രക്രിയകളുടേയും മറ്റും ഭാഗമായി അടുത്തിടപഴകേണ്ടിവരുമ്പോഴും കൈകൾ പിടിക്കേണ്ടിവരി കയുമൊക്കെ വരുമ്പോൾ “പണിയന്റെ -പണിച്ചിയുടെ കൈ ഞാൻ പിടിക്കില്ല” “പണിയനോടൊന്നിച്ച് ഞാൻ ഇരിക്കില്ല” എന്നൊക്കെ പൊതുസമൂഹത്തിലെ വിദ്യാർത്ഥികൾ പറയുമ്പോൾ നിസ്സഹായരായി നിൽക്കേണ്ട ഗതികേട് പലപ്പോഴും അധ്യാപകർക്കുണ്ടാകാറുണ്ട്. വിദ്യാലയങ്ങൾ ആദിവാസി സൗഹൃദപരമാക്കി മാറ്റുന്നതിന് രക്ഷിതാക്കളുടെ പങ്കാളിത്തവും അനിവാര്യമാണ് എന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. ജാതിയുടേയും, നിറത്തിന്റെയും, സംസ്കാരത്തിന്റെയും പേരിലുള്ള വിവേചനത്തിന്റെ വിഷവിത്തുകൾ കുട്ടികളുടെ നിഷ്കളങ്കമായ മനസ്സിൽ പാകരുതെന്ന് പൊതുസമൂഹത്തിലെ രക്ഷകർത്താക്കളെ ബോദ്ധ്യപ്പെടുത്തേണ്ട ധാർമ്മികമായ ഉത്തരവാദിത്വം അധ്യാപകർക്കുണ്ട്. ആദിവാസി വിദ്യാർത്ഥി





കളുടെ രക്ഷകർത്താക്കളുമായി ആരോഗ്യകരമായ ബന്ധം സ്ഥാപിക്കേണ്ടതും വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെകുറിച്ച് അവരെ ബോധ്യപ്പെടുത്തേണ്ടതും അത്യാവശ്യം തന്നെ. പി.ടി.എ. മീറ്റിങ്ങുകളും മറ്റും ഇതിന് കാര്യക്ഷമമായി ഉപയോഗിക്കാ വുന്നതല്ലേ? ആദിവാസി സൗഹൃദ വിദ്യാലയമെന്ന മഹത്തായ ആശയം ഇത്തരത്തിലുള്ള ഒട്ടനവധി പ്രശ്നങ്ങളെ കാര്യക്ഷമമായി തരണം ചെയ്യുവാൻ കഴിയുമ്പോൾ മാത്രമേ പൂർണ്ണത കൈവരിക്കു കയുള്ളൂ. പ്രായോഗികതലത്തിൽ ഒരു പരിധിവരെ വളരെ സങ്കീർണ്ണമായ ഒന്നാണിത്. നൂറ്റാണ്ടുകളായി അസമത്വം പേറുകയും വിവേചനങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന ഒരു ജനതയെന്ന നിലയിൽ ഏറ്റവും പരിഗണനയും അംഗീകാരവും ലഭിക്കേണ്ടവരാണ് ആദിവാസി വിഭാഗങ്ങൾ. തീർത്തും നിസ്സഹായരായ ജനതയോട് അവരുടെ പുനരുദ്ധാരണത്തിന് അതുവഴി നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടിയാണ് താൻ ഇടപെട്ടുകൊണ്ടിരിക്കുന്നതെന്ന ഉത്തമ ബോദ്ധ്യം അധ്യാപകരിൽ സംജാതമാകേണ്ടതുണ്ട്. ഒരു മാതൃകാ സമൂഹം കെട്ടിപ്പടുക്കുന്നതിന് അധ്യാപകരെന്ന നിലയിലുള്ള കടമകൂടിയാണിത്.

### വിവേചനം

ഒരു പ്രൈമറി സ്കൂളിലെ അറിയപ്പെടുന്ന കായികതാരവും സ്കൂളിലെ ഏറ്റവും മികച്ച വിദ്യാർത്ഥിയുമായിരുന്നു പണിയ വിഭാഗത്തിലെ ശശി. അവന്റെ കഴിവുകൾ കണ്ടെത്താനും പരമാവധി പ്രോത്സാഹിപ്പിക്കാനും ആ വിദ്യാലയത്തിലെ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുകയും സമയം കണ്ടെത്തുകയും ചെയ്തിരുന്നു. ‘‘സ്കൂളുകളിൽ സാധാരണ സംഭവിക്കുന്ന അപകടങ്ങൾ’’ എന്ന പ്രോജക്ട് വിജ്ഞാനോത്സവത്തിന്റെ ഭാഗമായി അവതരിപ്പിച്ചപ്പോൾ അതിന് നേതൃത്വം നൽകിയത് ശശിയായിരുന്നു. അകമഴിഞ്ഞ പ്രോത്സാഹനവും അംഗീകാരവും നൽകിയതല്ലാതെ അവനെ കണ്ടെത്താൻ ടീച്ചർക്ക് പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടിവന്നിട്ടില്ല. ചെറിയ വിദ്യാലയത്തിന്റെ വലിയ

മുറ്റത്ത് ഓടിത്തിമിർത്ത് കളിക്കുന്ന കുട്ടികളിൽനിന്നും തികച്ചും വേറിട്ട പ്രകടനം കാഴ്ചവെച്ച ശശി എന്ന കറുത്തമുത്തിനെ മിനുക്കിയെടുക്കാൻ ടീച്ചറുടെ പ്രത്യേക ശ്രദ്ധയും മറ്റു അധ്യാപകരുടെ സഹകരണവും ഉണ്ടായിരുന്നു. തുടർന്ന് കായിക മേളയിൽ അവൻ നേട്ടങ്ങൾ കൊയ്തു. നാലാം ക്ലാസ്കഴിഞ്ഞ് ടി.സി വാങ്ങിപ്പോകുമ്പോൾ മികവിന്റെ പടികൾ ചവിട്ടിക്കയറാൻ വെമ്പുന്ന അവന്റെ തോളിൽതട്ടി ടീച്ചർ ആശംസിച്ചു. " ശശി, നീ മിടുക്കനാകും" അപ്പോൾ അവന്റെ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കമുണ്ടായിരുന്നു.

അടുത്ത അധ്യയന വർഷത്തിൽ ശശിയുടെ സ്കൂളിലേക്ക് സ്ഥലമാറ്റം ലഭിച്ചുവന്ന അവന്റെ പഴയ ടീച്ചർ താൽപര്യത്തോടെ തന്റെ പൂർവ്വ വിദ്യാർത്ഥിയെക്കുറിച്ച് അന്വേഷിച്ചു. അവന്റെ കഴിവുകളെകുറിച്ചും മികവുകളെക്കുറിച്ചും വാ തോരാതെ പറഞ്ഞുകൊണ്ടിരുന്ന ടീച്ചർക്കും ഒരു സഹപ്രവർത്തകന്റെ മറുപടി" ഓ ഇപ്പോൾ ട്രൈബൽ സ്കൂളിൽനിന്നും വന്ന കുട്ടിയല്ലേ" അവിടെ ടീച്ചറുടെ പ്രതീക്ഷകൾ അസ്തമിക്കുകയായിരുന്നു. ശശിയെ ഇവിടെ ആരും കണ്ടിട്ടുമില്ല. അറിഞ്ഞിട്ടുമില്ല. അവഗണിക്കപ്പെട്ടവരുടെ പിൻനിരയിലേക്ക് ശശി എന്നോ തള്ളപ്പെട്ടുകഴിഞ്ഞിരുന്നു.

ഇതേ വിദ്യാലയത്തിലെ എൽ.പിയിൽനിന്നും യു.പിയിലേക്ക് എത്തിയ ലേഖയുടെ സ്ഥിതിയും മറ്റൊന്നല്ല. എൽ.പി. ക്ലാസ്സുകളിൽ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ താരമായിരുന്നു ലേഖ. പണിയവിഭാഗത്തിലെ കുട്ടി ആയതുകൊണ്ട് മാത്രം അവഗണിക്ക പ്പെടുകയായിരുന്നു. എല്ലാ ക്ലാസ്സുകളിലും എ ഗ്രേഡ് വാങ്ങിയിരുന്ന അവൾക്ക് യു.പി. ക്ലാസ്സിൽ ലഭിച്ച അംഗീകാരം ഇതായിരുന്നു. "പണിയകുട്ടിയല്ലേ കിടക്കട്ടെ ഡി".

മനുഷ്യത്വരഹിതമായ ഇത്തരം സമീപനങ്ങളോട് നിരുത്തരവാദപരമായി വിട്ടുനിൽക്കാൻ നമുക്കാകുമോ? ക്ലാസ്സിലേക്ക് പുതിയതായി വരുന്ന കുട്ടിയെ പൂർണ്ണമായി അറിയാൻ നമുക്കെന്തു ചെയ്യാനാകും. നമ്മുടെ ചെറിയ





അശ്രദ്ധകൾപോലും ഒരു കുട്ടിയുടെ ഭാവി നശിപ്പിക്കും. സഹപ്രവർത്തകരിൽനിന്ന് ഇത്തരമൊരു പ്രതികരണം ഉണ്ടാവാൻ എന്തെല്ലാമായിരിക്കും കാരണങ്ങൾ?

ടീച്ചറുടെ പ്രതീക്ഷയും സഹപ്രവർത്തകരുടെ പ്രതികരണവും തമ്മിലുള്ള പൊരുത്തക്കേടുകൾക്ക് കാരണങ്ങൾ എന്തെല്ലാമായിരിക്കും?

**അംഗീകാരം**

പാറയ്ക്കൽ ജി.എൽ.പി യിലെ ഷിനോജ് എപ്പോഴെങ്കിലു മൊക്കെയേ സ്ക്കൂളിൽ വരൂ. വന്നാൽ തന്നെ അവന് സ്ലേറ്റില്ല, ബുക്കില്ല, പെൻസിലില്ല, പഠനോപകരണങ്ങൾ ഒന്നുമില്ല. ' കഞ്ഞികുടിക്കാൻ വലിയൊരു കിണ്ണോം കൊണ്ടുവന്നോളും. ഇതിലും വലിയ പാത്രങ്ങളൊന്നും കിട്ടിയില്ലേ' പുതുതായി വന്ന അധ്യാപിക കയർത്തു. പരിഹാസത്തിന്റെ മുള്ളുകൾ തിരിച്ചറിയാൻ കഴിയാതിരുന്ന ആ ബാലൻ നിഷ്കളങ്കമായി ഒന്നു ചിരിക്കുകമാത്രമേ ചെയ്തുള്ളു. അവിടത്തെ കുട്ടികളെ തിരിച്ചറിയുന്ന അവരുടെ സാഹചര്യങ്ങൾ നന്നായി മനസ്സിലാക്കിയ സുമതി ടീച്ചർ ഇടപ്പെട്ടു.

സ്ക്കൂളിനു തൊട്ടു താഴെയുള്ള കോളനിയിലാണ് ഷിനോജിന്റെ താമസം. അച്ഛനും അമ്മയും ജീവിച്ചിരിക്കെ അനാഥത്വത്തിന്റെ ഏകാന്തതയുംപേറി ഒരു പാവം... അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത മാതൃവാത്സല്യം. അമ്മ ആരുടെയോ കൂടെപോയി. അച്ഛൻ വേറെ കല്ല്യാണം കഴിച്ചു. വല്ല്യച്ഛന്റെ കൂടെ കഴിയുന്ന അവനെ കാണാൻ എപ്പോഴെങ്കിലുമൊക്കെ അച്ഛൻ വരും. അന്നവന് ആഘോഷമാണ്. അച്ഛന്റെ മടിയിലിരുന്ന് അവൻ കഥകൾ പറയും. അമ്മാവനും അമ്മായിയുമൊക്കെ കാണാൻ വരും. അമ്മയുടെ വീട്ടിലേക്ക് സ്നേഹപൂർവ്വം കൂട്ടി കൊണ്ടുപോകും. പിന്നെ കുറച്ചു ദിവസം അമ്മയോടൊപ്പം. കാവിലെ ഉത്സവത്തിനു പോലും കാണാൻ കഴിയാത്ത കമ്പിത്തിരിയും മത്താപ്പും അവന്റെ കണ്ണുകളിൽ... പഠന

പ്രവർത്തനങ്ങളും നിരീക്ഷണവും അപഗ്രഥനവും. ഇതിനൊക്കെ ഷിനോജ് എപ്പോഴാണ് സമയം കണ്ടെത്തേണ്ടത്? അച്ഛനുമമ്മക്കുമൊപ്പം മാറി മാറി വിരുന്നു പാർക്കുന്ന അവന് സ്ക്കൂളിലും ഒരു വിരുന്നുകാരനായി അവനാൽ കഴിയുന്നത് ചെയ്യട്ടെ എന്നു കരുതുകയല്ലേ ടീച്ചർ യഥാർത്ഥത്തിൽ ചെയ്യേണ്ടത്. ശാരീരിക ശിക്ഷയെക്കാൾ ഭീകരമാണ് ഓരോ കുട്ടിക്കും മാനസിക പീഡനം. നാം ഉപയോഗിക്കുന്ന ഓരോ വാക്കും കുട്ടിയെ വേദനിപ്പിക്കാതെ പോകേണ്ടതല്ലേ. മാനസിക പീഡനം ചിലർ വളരെ ലാഘവത്തോടെയാണ് കാണുന്നത്. ഇത് ശരിയാണോ.

കുട്ടിയെ അറിയണം, കഥകൾ, പാട്ടുകൾ, അവന്റെ ഭാഷയിൽ പറയാൻ കഴിയണം. കുട്ടിയുടെ ഭാഷ അധ്യാപികയ്ക്ക് പരിചിതമാണെന്ന് കുട്ടിക്ക് ബോധ്യപ്പെടുന്ന രീതിയിൽ സംവദിക്കാൻ കഴിയണം.

പ്രവേശനോത്സവം 10 ദിവസം ആഘോഷത്തോടെ കൊണ്ടാടുന്നു. ബലൂണും, മിഠായിയും, പൂക്കളും കൊച്ചുകുരുന്നുകളുടെ പാട്ടും കഥയും മേളവും. ആകെ ഒരുത്സവഛായ. ഒരാൾ മാത്രം യാതൊന്നിലും പങ്കെടുക്കാതെ വല്ലാതെ അസ്വസ്ഥയായി കാണപ്പെട്ടു. " മോൾക്കെന്താ പാട്ടറിയില്ലേ, അല്ലെങ്കിൽ ഒരു കഥ പറഞ്ഞു കൂടെ" ടീച്ചറുടെ കുശലാന്വേഷണങ്ങൾക്ക് മറുപടിയായി അവൾ ഉരുവിട്ടു"അമ്മളത്തു പോണു" ടീച്ചർ-" അമ്പലത്തിൽ പോണോ" ഇപ്പോഴോ അയ്യോ അതു പറ്റില്ല. അവിടിരിക്കൂ. മോളുടെ അമ്മ പുറത്ത് നിൽപ്പുണ്ട് അവരുടെ കൂടെ വീട്ടിൽ പോകുമ്പോൾ അമ്പലത്തിൽ കയറിയാൽ മതി" കരച്ചിലിനു ശബ്ദം കൂടിയതല്ലാതെ ടീച്ചറിന്റെ ഉപദേശവും പെരുമാറ്റവും കുട്ടിയിൽ മാറ്റം വരുത്തിയില്ല. അതവൾക്കു മനസ്സിലായിട്ടു വീണ്ടും ചോദിച്ചു "അമ്മാളത്തുപോണം" ദേഷ്യം വന്ന ടീച്ചർ തന്റെ ചിലപഴയ തന്ത്രങ്ങൾ പുറത്തെടുത്തു. കുട്ടി പേടിച്ച് വിറച്ച് കണ്ണിൽനിന്നും അടർന്നു വീണ കണ്ണീർ ഒരു ചാലായൊഴുകി. സ്ക്കൂൾ വിടുന്നതും കാത്തു പുറത്ത് നിന്ന അമ്മയുടെ കെയ്യിൽ





പിടിച്ച് തുളളിച്ചാടി വീട്ടിലെത്തിയ സീത പിന്നീടൊരിക്കലും സ്ക്കൂളിന്റെ പടി കയറിയിട്ടില്ല.

കുട്ടിയുടെ ഭാഷ ടീച്ചർക്ക് അറിയാതിരുന്നതായിരുന്നു ഇവിടെ പ്രശ്നം. ഭാഷ അറിയുന്നതുകൊണ്ടു മാത്രം ഒരു കുട്ടിയുടെ വലിയ പ്രശ്നം പരിഹരിച്ച സംഭവവും ഇവിടെ ഒരു ടീച്ചർ ഓർക്കുന്നു.

സുഗന്ധഗിരി സ്ക്കൂളിലെ രണ്ടാം ക്ലാസ്സുകാരൻ മണി. ഉച്ചക്കഞ്ഞി സന്തോഷത്തോടെ കുടിക്കാറുണ്ടായിരുന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം അവൻ കഞ്ഞി കുടിക്കാതായി. പാത്രവുമായി കുട്ടികൾ വരിനിൽക്കുന്നത് കൊതിയോടെ നോക്കി ദൂരെയവൻ മാറിനിന്നു. "എന്താ മണി കഞ്ഞികുടിക്കുന്നില്ലേ. വിശക്കൂല്ലെ" അധ്യാപകർ എല്ലാവരും മാറി മാറി ചോദിച്ചു. അവൻ ഒന്നും മിണ്ടാതെ നിരാഹാരം തുടർന്നു. സുമടീച്ചർ അവനെ സ്നേഹത്തോടെ സ്റ്റാഫ്റൂമിൽ കൂട്ടികൊണ്ടു വന്നു. " കുട്ടാ നീ ഏനാങ്കത്തു കഞ്ഞികുടിക്കാത്തെ" അവൻ ടീച്ചറെ വല്ലാതെ പകച്ചുനോക്കി. ഉറക്കെകരഞ്ഞു. അവനെ കളിയാക്കിയതല്ലെന്നു ടീച്ചറും അവരിൽ ഒരാളാണെന്നും തിരിച്ചറിഞ്ഞപ്പോൾ അവൻ മെല്ലെ പറഞ്ഞു. " എന്നെ അവരു കൊതിയ എഞ്ചു വുളിച്ചെരു" 'സാരമില്ല' ടീച്ചർ അവനെ ആശ്വസിപ്പിച്ചു. മറ്റു കുട്ടികൾക്കൊപ്പം ക്ലാസ്സിൽ കൂട്ടികൊണ്ടുപോയി. മണിയെ കളിയാക്കരുതെന്നും, അവരുടെ കൂടെ അവനെ കൂട്ടണമെന്നും കുട്ടികളോടു പറഞ്ഞു. തുടർന്നുളള ദിവസങ്ങളിൽ മണിയുടെ കാര്യത്തിൽ എല്ലാവരും ഒരു പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

" നിങ്ങളുടെ ഭാഷ എനിക്കു മനസ്സിലാകുന്നില്ലെങ്കിൽ എനിക്കു മനസ്സിലാകുന്ന ഭാഷയിൽ നിങ്ങൾക്ക് എന്നെ പഠിപ്പിച്ചു കൂടെ"? എന്ന് ഓരോ കുട്ടിയുടെയും ചോദ്യം എത്ര പ്രസക്തമാണ്. നമ്മളും കുട്ടിയുടെ ഭാഷ മനസ്സിലാക്കണ്ടേ? അവന് മനസ്സിലാകേണ്ടതില്ലേ? അല്ലെങ്കിൽ എങ്ങനെ പഠന പ്രക്രിയ സുഖകരമാകും.

**അധ്യാപകന്റെ കുട്ടിയോടുള്ള സമീപനം**

ബാലൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ പണിയ വിഭാഗത്തിൽ അവൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു ദിവസം പ്യൂൺ ക്ലാസ്സിലേക്ക് ഒരു നോട്ടീസുമായി വന്നു. ക്ലാസ്സിലുണ്ടായിരുന്ന അധ്യാപകൻ പറഞ്ഞു. " ST കുട്ടികൾക്ക് ഗ്രാന്റ് വന്നിട്ടുണ്ട്. നാളെ രക്ഷിതാവിനെ കൂട്ടി വന്ന് വാങ്ങിക്കണം. ഈ ക്ലാസ്സിലെ ST കുട്ടികളൊക്കെ എഴുന്നേറ്റ് നിന്നേ" ഇതു കേട്ടപ്പോൾ ബാലന് ആകെ വിഷമമായി. എഴുന്നേൽക്കണോ വേണ്ടയോ എന്ന ചിന്തയായി. " ആരുമില്ലേ" എന്ന അധ്യാപകന്റെ ചോദ്യത്തിന് ബാലൻ അറിയാതെ എഴുന്നേറ്റുപോയി. അന്നും അതിനു ശേഷവും ബാലൻ മറ്റു കുട്ടികളോട് കൂട്ടുകൂടാനോ സംസാരിക്കാനോ പോയില്ല. എനിക്കെന്തിനാ പൈസ തരുന്നത്? ഞാനാണോ ക്ലാസ്സിലെ ഏറ്റവും ദരിദ്രനായ കുട്ടി. ഞാനാണോ ക്ലാസ്സിലെ ഏറ്റവും മോശം കുട്ടി? ചിതറിയ ചിന്തകളുമായി രണ്ടു ദിവസം അവൻ തന്റെ കൂരയ്ക്കുള്ളിൽ ചടഞ്ഞിരുന്നു. മൂന്നാം ദിവസം അച്ഛൻ വിളിച്ചുകൊണ്ടുപോയി സ്ക്കൂളിലാക്കി. ഗ്രാന്റ് വാങ്ങിച്ചു.

ഒരു നോട്ടീസുമായി അന്നും പ്യൂൺ ക്ലാസ്സിൽ വന്നു. "യൂണിഫോം ഇല്ലാത്തവർക്ക് യൂണിഫോം കൊടുക്കുന്നുണ്ട്. ഇല്ലാത്തവർ എഴുന്നേറ്റ് നിൽക്കുക.' കുറച്ച് കുട്ടികൾ എഴുന്നേറ്റു കൂടെ ബാലനും. അപ്പോൾ അധ്യാപകൻ അവനെ നോക്കിപ്പറഞ്ഞു. " നീ അവിടെയിരിക്ക് നിനക്കിന്ന് ഗ്രാന്റ് കിട്ടിയതല്ലേ, അച്ഛന് കള്ളുകുടിക്കാനല്ല യൂണിഫോം വാങ്ങാനൊക്കെയാണ് ഗ്രാന്റ് തരുന്നത്.'' കലിയടങ്ങാതെ അധ്യാപകൻ പറഞ്ഞുകൊണ്ടേയിരുന്നു. " എവിടെ സൗജന്യം കിട്ടുന്നുണ്ടോ അതൊക്കെ വാങ്ങിക്കാനായി ഓരോന്നു പോന്നോളും ". ഈ വാക്കുകൾ അവനെ വല്ലാതെ വിഷമിപ്പിച്ചു. അതിനു ശേഷം ബാലൻ സ്കൂളിൽ പോയിട്ടില്ല. ഇപ്പോൾ കോളനിയിലെ മുതിർന്നവരുടെ കൂടെ കൂലിപ്പണിക്കുപോകുന്നു.

മറ്റുകുട്ടികൾ ഒറ്റപ്പെടുത്താത്ത രീതിയിൽ അവരോടൊത്ത്





കളിക്കാനും കൂട്ടുകൂടാനും അവസരം ഒരുക്കി കൊടുക്കേണ്ട അധ്യാപകന്റെ ഈ പെരുമാറ്റത്തെ ന്യായീകരിക്കുവാനാകുമോ? ആദിവാസിയെ മനസ്സുകൊണ്ട് ശത്രുപക്ഷത്ത് കാണുന്ന ഈ അധ്യാപകനോടൊപ്പമാണോ നമ്മളും! പിന്നാക്കവിഭാഗങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളും സ്റ്റൈപന്റുകളും മറ്റും ആരുടേയും സൗജന്യമല്ല മുൻതലമുറയും, സമകാലീന സമൂഹവും അവരോട് ചെയ്ത അനീതികൾക്കും, ചെയ്തുകൊണ്ടിരിക്കുന്ന ദുർപ്രവർത്തികൾക്കുമുള്ള പരിഹാരക്രിയ തന്നെയല്ലേ?

**ക്ലാസിലെ അംഗീകാരം ലീഡർ സ്ഥാനം**

ഞാൻ നാലാം ക്ലാസിൽ പഠിക്കുന്നു. എ.ഇ.ഒ വന്ന ദിവസം ഇംഗ്ലീഷിന്റെ പിരിയഡ് ടീച്ചർ ക്ലാസ്സ് ലീഡറോട് ഇംഗ്ലീഷിൽ ചില ചോദ്യങ്ങൾ ചോദിച്ചു. അവന് ഉത്തരം പറയാൻ കഴിഞ്ഞില്ല. തുടർന്ന് എന്നോടാണ് ചോദിച്ചത്. ഞാൻ ഉത്തരം പറഞ്ഞു. അപ്പോൾ തന്നെ ടീച്ചർ ലീഡർ ഇരുന്ന സ്ഥാനത്ത് എന്നെയിരുത്തി. അതെനിക്ക് വലിയ ഒരനുഭവമായിരുന്നു. അന്നാണ് ഞാൻ എന്റെ കഴിവുകൾ തിരിച്ചറിയുന്നത്. പിന്നീട് പത്താം ക്ലാസ്സ് വരെയും ഞാൻ തന്നെയായിരുന്നു എന്റെ ക്ലാസ്സിൽ ലീഡർ. ഈയൊരു പ്രചോദനമാണ് എന്നെ ഉയരങ്ങളിൽ എത്തിച്ചതും നയിച്ചതും. ഇന്ന് അധ്യാപന വൃത്തിചെയ്യുന്ന എന്നെ എന്റെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച എത്രയോ അധ്യാപകർ അവരെ ഇന്നും ഞാനോർക്കുന്നു. പ്രത്യേകിച്ചും ഏഴാം ക്ലാസ്സിൽ പഠിപ്പിച്ച അമ്മിണി ടീച്ചറെ.

പണിയ വിഭാഗത്തിൽ നിന്ന് അധ്യാപകനായ ഒരാളുടെ അനുഭവക്കുറിപ്പാണിത്.

നേതൃത്വ ഗുണമുള്ള ഒരു പണിയകുട്ടിയെ കിട്ടണ്ടേ. എന്നു കൈമലർത്തുമ്പോൾ സമഗ്രമായ വികസനമാണ് വിദ്യാഭ്യാസം എന്നുറക്കെ പ്രഖ്യാപിക്കുന്നവർ, നമ്മുടെ കൈകളിലൂടെയാണ് ഇവൻ നേതാവാകേണ്ടതും ഇവന് വികാസം കൈവരേണ്ടതും എന്നു ചിന്തിച്ചിട്ടുണ്ടോ? സ്ഥിരമായി ഒരു ലീഡർ എന്നതിനു പകരം

ലീഡർമാർ മാറിവരുന്ന രീതിയിൽ ക്ലാസ്സുമുറികൾ ക്രമീകരിച്ചു കൂടെ!

**ബോധവത്ക്കരണവും സാമൂഹിക അംഗീകാരവും**

പണിയ വിഭാഗത്തിലെ കുട്ടികൾക്കു മാത്രമല്ല; രക്ഷിതാക്കൾക്കും പലപ്പോഴും അവഗണന തന്നെയാണ് സമൂഹത്തിൽ നിന്നും ലഭിക്കുന്നത്. സ്ക്കൂളിൽ ഗ്രാന്റു വാങ്ങാനെത്തിയ ഒരു രക്ഷിതാവിനോട് അധ്യാപകൻ പറഞ്ഞതിങ്ങനെ " ഇതു വാങ്ങിയാൽ നേരെ കള്ളുഷാപ്പിലേക്കാ".

സ്ക്കൂളിലെ പൊതുചടങ്ങുകളിലും സി.പി.ടി.എ കളിലും ഇവർ എത്തിയില്ലെങ്കിൽ അത് അവരുടെ അറിവില്ലായ്മ കൊണ്ടാണോ? പൊതുസമൂഹത്തിൽ നിന്നും അവരെ അകറ്റി നിർത്തേണ്ടത് നമ്മുടെ ആവശ്യമാണെന്ന സ്വാർത്ഥത കൊണ്ടു മാത്രമല്ലേ? സമൂഹത്തിലെ മറ്റു മേഖലയിൽ നടക്കുന്നതുപോലെ. നിയമവശങ്ങളെ മറികടക്കാൻ മാത്രമല്ലേ PTA കളിൽ ഇവരുടെ പങ്കാളിത്തം? കോളനികളിലെ പ്രശ്നങ്ങളിൽ ഇടപെടാനും കുട്ടികളെ സ്ക്കൂളിലാക്കാനുമുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ പ്രാപ്തിയുള്ള ഒരാളെ തന്നെ അംഗമാക്കാനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടേ?

SSG കളിൽ അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ പങ്കെടുത്തിട്ടു കൂടിയില്ലാത്ത ഏതെങ്കിലുമൊരു രാമനും ചന്ദ്രനും ഒക്കെയല്ലേ അംഗങ്ങൾ. ഈ വിഭാഗത്തിൽ തന്നെ അഭ്യസ്തവിദ്യരായ ധാരാളം വ്യക്തികൾ നമുക്കു ചുറ്റുമുണ്ട്. അവരിൽനിന്നും SSG അംഗങ്ങളെ കണ്ടെത്താൻ ഒരു ശ്രമമെങ്കിലും അധ്യാപകരായ നമ്മുടെ ഭാഗത്തിൽനിന്നും വേണ്ടിയിരുന്നില്ലേ? കുറ്റബോധത്തോടെയല്ലാതെ കഴിഞ്ഞുപോയ അധ്യയന വർഷങ്ങളെ തിരിഞ്ഞുനോക്കാൻ നമുക്കാവുമോ? ഇനിയും അതേ വഴി പിൻതുടരുകയാണോ നമ്മൾ? നാം സ്വയം മാറേണ്ടേ, മാറ്റേണ്ടകാലം കഴിഞ്ഞില്ലേ?





സ്കൂളിലെത്തുന്ന കുട്ടിയെ ആകർഷിക്കുന്നതാണ് അധ്യാപികയും അധ്യാപനവുമെങ്കിൽ കുട്ടി സ്വാഭാവികമായും സ്കൂളിലെത്തിയിരിക്കും. എന്നാൽ ഇവിടെയാണ് കുട്ടിയുടെ വീട്ടിലെ അന്തരീക്ഷംകൂടി മനസ്സിലാക്കി ടീച്ചർ ഇടപെടേണ്ടത്. ആഘോഷങ്ങൾ, ഉത്സവങ്ങൾ, കൊയ്ത്ത്, നാട്ടി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുകയും കുട്ടിയുടെ താത്പര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുകയും ചെയ്യുന്ന സൗഹൃദപൂർണമായ ഒരന്തരീക്ഷത്തിൽ കുട്ടിയെ സ്കൂളിൽ അയയ്ക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കികൊടുക്കാൻ രക്ഷിതാക്കളെ തന്നെയാണ് ബോധവാന്മാരാക്കേണ്ടത്. ഇവിടെയാണ് അധ്യാപിക ഉണർന്നു പ്രവർത്തിക്കേണ്ടത്. രക്ഷിതാവ് സ്കൂളിൽ വരണമെന്ന് ശാഠ്യം പിടിക്കാതെ കുട്ടിയുടെ സമൂഹത്തിലേക്കും കുടുംബത്തിലേക്കും ഇറങ്ങിചെല്ലാൻ ശ്രമിക്കണം. തന്റെ ക്ലാസ്സിൽ എത്തിയ ഒരു കുട്ടിയുടെ രക്ഷിതാവിനെയെങ്കിലും ബോധവാനാകാൻ സഹായിച്ചുവെങ്കിൽ അത് അധ്യാപികയുടെ വിജയം തന്നെയാണ്.

**ഒരു വിജയഗാഥ**

1980-81 കാലഘട്ടത്തിലാണ് ഞാൻ സുഗന്ധഗിരി എൽ. പി സ്കൂളിൽ വിദ്യാർത്ഥിയായി ചേരുന്നത്. അവിടെ നാല്പ്പതോളം കുട്ടികൾ പഠിച്ചിരുന്നു. ഞാൻ അടക്കമുള്ള (പണിയ വിഭാഗം) എല്ലാ കുട്ടികളും ആദിവാസികളായിരുന്നു. കോട്ടയം ജില്ലയിൽ നിന്നും വന്ന ജമീല ടീച്ചർ ആയിരുന്നു എന്റെ ആദ്യ അധ്യാപിക. ടീച്ചർ ഞങ്ങളെയെല്ലാം സ്വന്തം കുട്ടികളായാണ് കണ്ടിരുന്നത്. എന്റെ ഓർമ്മയിൽ അവർ ഒരിക്കലും വടി എടുത്തിരുന്നില്ല. ഞങ്ങളുടെ എല്ലാ കഴിവുകളും അവർ പ്രോത്സാഹിപ്പിച്ചിരുന്നു. എല്ലാ വെള്ളിയാഴ്ച്ചയും ഉച്ചകഴിഞ്ഞ് ഞങ്ങളുടെ കലാപരിപാടികൾ നടത്തിയിരുന്നു. വെള്ളിയാഴ്ച്ചയാവാൻ കാത്തിരിക്കും. കാരണം കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യമായിട്ടുള്ള കലകൾ അവിടെ അരങ്ങേറിയിരുന്നു.

നല്ല ശീലങ്ങൾ (ശുചിത്വശീലങ്ങൾ) പഠിപ്പിച്ചിരുന്നു. അതിനു വേണ്ടി പ്രത്യേകം ക്ലാസ്സൊന്നും എടുത്തിരുന്നില്ല. ഇന്ന് രാവിലെ

എഴുന്നേറ്റ് ടീച്ചർ ചെയ്ത കാര്യങ്ങൾ പറയുകയും ഞങ്ങൾ ചെയ്ത കാര്യങ്ങൾ പറയിപ്പിക്കുകയും ചെയ്യാത്ത കാര്യം (കുളിച്ചില്ല) എന്നാണു പറയുന്നതെങ്കിൽ എന്തുകൊണ്ട് കുളിച്ചില്ല എന്നാകും ചോദ്യം. പിന്നെ കുളിക്കേണ്ടതിന്റെ ആവശ്യകത പറഞ്ഞു തരികയും ചെയ്യും. അങ്ങനെ ഞങ്ങൾ അറിയാതെ തന്നെ ശുചിത്വശീലങ്ങൾ പഠിക്കുന്നു. ഒന്നാം ക്ലാസ്സിൽ ജമീല ടീച്ചർ രണ്ടാം ക്ലാസ്സിൽ മേരി ടീച്ചർ മൂന്നാം ക്ലാസ്സിൽ സതീദേവി ടീച്ചർ, നാലാം ക്ലാസ്സിൽ അൽഫോൺസ ടീച്ചർ എന്നിവരായിരുന്നു.

തുടർന്ന് 84-85 വർഷത്തിൽ ഞാൻ എ.യു.പി സ്കൂൾ ചീരാൽ ആണ് 5-ാം ക്ലാസ്സിൽ പഠിക്കാൻ എത്തിയത്. അവിടെയും എനിക്ക് നല്ല അധ്യാപകരെയാണ് കിട്ടിയത്. അവിടെ എനിക്ക് സങ്കടകരമായ അവസ്ഥ ഉണ്ടായത് ഹോസ്റ്റലിൽ നിന്നു മാത്രമാണ്. പ്രതിഷേധിക്കാൻ പഠിച്ചത് ഹോസ്റ്റൽ ജീവിതത്തിൽ നിന്നായിരുന്നു. അന്നും ഇന്നും അത് തുടരുന്നുണ്ട്. അന്യായം കണ്ടാൽ ചിലപ്പോൾ അറിയാതെ ഒച്ച ഉയർന്നുപൊങ്ങും. ഏഴാം ക്ലാസ്സിലെ പഠനത്തിനുശേഷം ഞാൻ എട്ടാം ക്ലാസ്സിൽ ജി.എം.എച്ച്.എസ് ചീരാലിൽ ആണ് പഠിച്ചത്. വീണ്ടും ഒരു കൂട്ടം നല്ല അധ്യാപകരുടെ ഇടയിലാണ് ഞാൻ എത്തിയത്. നല്ലതെന്നു തന്നെ ഞാൻ ആണയിട്ടു പറയുക. കാരണം ഞാൻ ഞാനായി തീർന്നത് എന്റെ അധ്യാപകർക്ക് (ഹോസ്റ്റൽ കുട്ടികളോട്) ഞങ്ങളോട് വളരെ നല്ല സമീപനമായിരുന്നു. ഞങ്ങളുടെ എല്ലാ കഴിവുകളും (കലാപരവും കായികപരവുമായ) പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. പഠനകാര്യത്തിലും അവരുടെ ശ്രദ്ധയുണ്ടായിരുന്നു.

ഞങ്ങൾ നന്നാവണം, ഉയർന്നുവരണം എന്നു തന്നെയായിരുന്നു എന്റെ അധ്യാപകർ ആഗ്രഹിച്ചിട്ടുണ്ടാവുക. പത്താം ക്ലാസ്സ് കഴിഞ്ഞതിനുശേഷം ടൈപ്പ്റൈറ്റിംഗും കഴിഞ്ഞ് ഞാൻ ടി.ടി.സിക്ക് പോയി. (അതൊരു നിമിത്തമാകാം). എന്റെ മൂത്ത എട്ടന്റെ കൂട്ടുകാരന്റെ ഭാര്യ ഞാൻ എന്തുചെയ്യുന്നു എന്ന് ചോദിക്കുകയും അവളോട് ടി.ടി.സിക്ക് അപേക്ഷിക്കാൻ പറയണമെന്ന്





പറയുകയും ഫോം വാങ്ങിപൂരിപ്പിച്ച് എന്നെക്കൊണ്ട് അപേക്ഷ അയപ്പിക്കുകയും ചെയ്തതും സുധചേച്ചിയാണ്.

അധ്യാപികയായി ജോലി കിട്ടിയ ശേഷം ഞാൻ ആദ്യം പോയിക്കണ്ടത് എന്നെ പഠിപ്പിച്ച സാറിനെയായിരുന്നു. ഞാൻ സാറിന്റെ അടുത്ത് ചെന്നപ്പോൾ എനിക്ക് ജോലി കിട്ടി എന്നും ഞാൻ ടീച്ചറാണ് എന്നും പറഞ്ഞപ്പോൾ സാറിന് സന്തോഷമായി കാണും. അധ്യാപികയായി ജോലി ചെയ്യുമ്പോഴും എനിക്ക് മാതൃകയാവുന്നത് എന്റെ പ്രിയപ്പെട്ട അധ്യാപകർ തന്നെയാണ്.

ഞങ്ങൾ 5 മക്കളായിരുന്നു എന്റെ അച്ഛനും അമ്മയ്ക്കും. ഞങ്ങൾക്ക് എഴുതാനും വായിക്കാനും അറിയണം, പത്താം ക്ലാസ്സ് വരെയെങ്കിലും പഠിച്ചിരിക്കണം. എന്ന് നിർബന്ധമായിരുന്നു. അതിൽ രണ്ടുപേർ മാത്രം എത്താത്തത് (ചേച്ചിയും അനുജനും) അവരെ പഠിപ്പിക്കാൻ കഴിയാത്ത സങ്കടം ഇപ്പോഴും അച്ഛനുണ്ട്.

എവിടെയോ കരിന്തിരികത്തയണഞ്ഞുപോകുമായിരുന്ന എന്റെ ജീവിതം പ്രകാശപൂർണമായത് എന്നെ പഠിപ്പിച്ച അധ്യാപകരുടേയും എന്റെ കുടുംബാംഗങ്ങളുടേയും ടി.ടി.ഐ യിലെ എന്റെ കൂട്ടുകാരുടേയും സ്നേഹം കൊണ്ട് മാത്രമാണ്. പിന്തിരിഞ്ഞ് നോക്കുമ്പോൾ എനിക്ക് അഹങ്കാരം തോന്നും. കാരണം ഹോസ്റ്റൽ ജീവിതം പ്രതിസന്ധി നിറഞ്ഞതായിരുന്നു. അണയാതെ ജ്വലിപ്പിച്ച അഗ്നിനാളം പോലെ ഒരു കൂട്ടം നല്ല അധ്യാപകർ എന്റെ വഴിതെളിച്ചുവിടാൻ അന്നുണ്ടായിരുന്നു. ഇന്നത്തെ ഈ തിരക്കുപിടിച്ച യാന്ത്രിക ജീവിതത്തിൽ എത്ര അധ്യാപകർ കാണും എന്റെ അധ്യാപകരെപ്പോലെ. (ഒരു ടീച്ചറുടെ ഓർമ്മക്കുറിപ്പ്)

## ആദിവാസി ശിശുസൗഹൃദ വിദ്യാലയം എന്ത്, എങ്ങനെ?

മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് എല്ലാ സമൂഹങ്ങളിലും പ്രമുഖസ്ഥാനം കുട്ടിക്കാണ്. കുട്ടികളുടെ ആവശ്യങ്ങൾ സാധിക്കാൻ വേണ്ടി രക്ഷിതാക്കൾ പാടുപെടുന്നു. എന്നാൽ ഇതിനേക്കാളേറെ ശിശുസൗഹൃദ പൂർണമായ അന്തരീക്ഷത്തിൽ

നിന്നുമാണ് ഒരു കാട്ടുനായ്ക്ക വിഭാഗത്തിൽനിന്നു വരുന്ന കുട്ടി സ്കൂളിൽ എത്തുന്നത്. രക്ഷിതാക്കൾ കുട്ടികളുടെ ആവശ്യങ്ങൾ തങ്ങളാൽ കഴിയുന്നത് നിറവേറ്റിക്കൊടുക്കുന്നു. യാതൊരു കാര്യത്തിനും നിർബന്ധിക്കുകയോ അധികം ശാസിക്കുകയോ ചെയ്യുന്നില്ല. പാടത്തും പറമ്പിലും കളിച്ചുനടക്കുന്നതിനും തോട്ടിൽപോയി കുളിച്ചുവരുന്നതിനും അവനു സ്വാതന്ത്ര്യമുണ്ട്. മറ്റുകുട്ടികൾക്കൊപ്പം അല്ലെങ്കിൽ അതിനേക്കാൾ കൂടുതലായി അവന്റെ കഴിവുകൾ പരിഗണിക്കേണ്ടതില്ലേ? അവന്റെ കൊച്ചു കൊച്ചു മിടുക്കുകളിൽ നന്നായി എന്ന് തോളിൽതട്ടി അഭിനന്ദിക്കാൻ നമ്മളിൽ ആരാണ് മുതിർന്നിട്ടുള്ളത്? ടീച്ചറുടെ അംഗീകാരവും അഭിനന്ദനവുമാണ് അവനുള്ള ഏറ്റവും വലിയ സമ്മാനം എന്ന തിരിച്ചറിവ് നമ്മളിൽ എത്രപേർക്കുണ്ട്? ഇത്തരം തിരിച്ചറിവുകളുടെ തെളിച്ചമില്ലാത്ത നമ്മുടെ അധ്യാപനവൃത്തി ശിശുസൗഹൃദ പൂർണവും നിലവാരമുള്ളതുമാണോ എന്നു ചിന്തിക്കേണ്ട സമയമായില്ലേ?

**അധ്യായം 7**

## ആദിവാസി കുട്ടികളുടെ അവകാശങ്ങൾ

ഒരു ജനാധിപത്യ സമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് ഒരു പൗരന് തന്റെ അവകാശങ്ങളേയും കടമകളേയും പറ്റിയുള്ള അവബോധം. ഈ അവബോധത്തിന്റെ അഭാവം ആണ് വ്യക്തികളുടേയും സമൂഹത്തിന്റെയും അപചയം. തദ്ദേശീയ ജനതകളുടെ (ആദിവാസികൾ) വിദ്യാഭ്യാസപരമായ അവകാശങ്ങളെക്കുറിച്ച് (ആദിവാസികളുടെ അവകാശങ്ങളെപ്പറ്റി) ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപനവും ദേശീയ ആദിവാസി നയവും വളരെ പ്രസക്തമാണ്.

### ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപനം

വകുപ്പ് : 14, 15, 31 എന്നിവയാണ് ആദിവാസി കുഞ്ഞുങ്ങളുടെ അവകാശങ്ങളെപ്പറ്റി വ്യക്തമായി പ്രഖ്യാപിക്കുന്നത്. ഈ





വകുപ്പുകൾ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം എങ്ങനെ ആയിരിക്കണമെന്നും, സർക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങളും എടുക്കേണ്ട നടപടികൾ എന്തായിരിക്കണമെന്നും പറഞ്ഞിരിക്കുന്നു.

**വകുപ്പ് : 14:1.**

ആദിവാസികൾക്ക് തങ്ങളുടെ സംസ്കാരത്തിലും ബോധനരീതിയിലും ഊന്നി മാതൃഭാഷയിൽ വിദ്യാഭ്യാസം നേടുന്നതിന് അനുയോജ്യമായ സംവിധാനങ്ങളും സ്ഥാപനങ്ങളും തുടങ്ങുവാനും അവ നിയന്ത്രിക്കുവാനും ഉള്ള അവകാശം ഉണ്ട്.

**വകുപ്പ് :14:2**

നമ്മുടെ രാജ്യത്ത് ലഭ്യമായ എല്ലാ തരത്തിലും തലത്തിലും ഉള്ള വിദ്യാഭ്യാസ പരിശീലനങ്ങൾ വിവേചനരഹിതമായി നേടുവാൻ ആദിവാസി ജനതയ്ക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് അവകാശം ഉണ്ട്.

**വകുപ്പ് :14:3**

സ്വന്തമായ ഭാഷയിലും, സംസ്കാരത്തിലും ഊന്നിയ വിദ്യാഭ്യാസ പരിപാടി ആദിവാസികൾക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് (പുറത്തു കഴിയുന്നവർ ഉൾപ്പെടെ) ലഭ്യമാക്കുവാൻ രാഷ്ട്രം ആദിവാസികളോട് ചേർന്ന് കാര്യക്ഷമമായ നടപടികൾ എടുത്തിരിക്കണം.

**വകുപ്പ് :15**

തദ്ദേശീയ ജനതകൾക്ക് തങ്ങളുടെ സംസ്കാരത്തിന്റെ മഹത്വം, വൈവിധ്യങ്ങൾ, പാരമ്പര്യം, ചരിത്രം, അഭിലാഷങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്ന വിദ്യാഭ്യാസത്തിനും, പൊതു അറിയിപ്പുകൾക്കും ഉള്ള അവകാശം ഉണ്ടായിരിക്കും.

**വകുപ്പ്:31**

തദ്ദേശീയ ജനങ്ങൾക്ക്, തങ്ങളുടെ സംസ്കാരിക പാരമ്പര്യം, പരമ്പരാഗത വിജ്ഞാനം, പരമ്പരാഗതമായ സാംസ്കാരിക ആവിഷ്ക്കരണങ്ങൾ എന്നിവ നിലനിർത്തുവാനും നിയന്ത്രിക്കുവാനും പരിപോഷിപ്പിക്കുവാനും ഉള്ള അവകാശം

ഉണ്ട്. ആദിവാസികൾക്ക് അവരുടെ ശാസ്ത്രം, സാങ്കേതികവിദ്യ, സംസ്കാരം, മാനുഷികവും ജൈവികവുമായ വിഭവങ്ങൾ, വിത്തുകൾ, ഔഷധങ്ങൾ എന്നിവ സംരക്ഷിക്കുവാനും, പരിപോഷിപ്പിക്കുവാനും ഉള്ള അവകാശം ഉണ്ട്. ആദിവാസി കളുടെ സസ്യജാലത്തെ കുറിച്ചുള്ള അറിവ്, വാമൊഴി വഴക്കങ്ങൾ, സാഹിത്യം, രൂപകല്പനകൾ എന്നിവ സംരക്ഷിക്കുവാനും, പരിപോഷിപ്പിക്കുവാനുമുള്ള അവകാശം അവർക്കുണ്ട്. അവരുടെ തനതായ കായിക വിനോദങ്ങളും, ദൃശ്യ പ്രകടനകലകളും ആവിഷ്കരിക്കാനുള്ള അവകാശം ഉണ്ട്. അവരുടെ സാംസ്കാരിക പാരമ്പര്യം പരമ്പരാഗത വിജ്ഞാനം. സാംസ്കാരിക ആവിഷ്കര ണങ്ങൾ എന്നിവയുടെ മേലുള്ള ബൗദ്ധിക സ്വത്തവകാശം നിലനിർത്തുന്നതിനും, നിയന്ത്രിക്കുന്നതിനും, പരിപോഷിപ്പി ക്കുന്നതിനുമുള്ള അവകാശം ഉണ്ട്.

സർക്കാരുകൾ ആദിവാസി ജനതയുമായി സഹകരിച്ച് മേൽപ്പറഞ്ഞ അവകാശങ്ങൾ അംഗീകരിച്ച് സംരക്ഷിക്കുന്നതിന് ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കണം.

### ദേശീയ ആദിവാസി നയവും ആദിവാസി വിദ്യാർത്ഥികളുടെ അവകാശങ്ങളും.

2006-ൽ അവതരിപ്പിച്ച ദേശീയ ആദിവാസി നയത്തിലും ആദിവാസികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും, നടപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ട്. അനുഛേദം 9ൽ ആണ് ഇവ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**9:2**

ഒരു സമൂഹത്തിന്റെ സുസ്ഥിര വികസനത്തിന് വിദ്യാഭ്യാസം ഒരു പ്രധാനപ്പെട്ട ഘടകമാണ്. 2001- ലെ ആദിവാസികളുടെ സാക്ഷരതാനിരക്ക് (47.1) ദേശീയ സാക്ഷരതാ നിലവാരത്തിൽ നിന്ന് (64.8) വളരെ പിന്നിലാണ്.

**9:4**

ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഭീതി





ജനകമാണ്. വിവിധ സംസ്ഥാന സർക്കാരുകൾ ഈ കൊഴിഞ്ഞുപോക്ക് തടയുന്നതിന് എടുത്ത നടപടികൾ ചില സ്വാധീനങ്ങൾ ചെലുത്തിയിട്ടുണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രദമായിട്ടില്ല. (പുസ്തകങ്ങൾ, പഠനസാമഗ്രികൾ എന്നിവയുടെ സൗജന്യ വിതരണം, ഉച്ചഭക്ഷണം, സ്കോളർഷിപ്പ് മുതലായവ)

ആദിവാസി ഹോസ്റ്റൽ സൗകര്യങ്ങൾ പരിമിതവും നിലവാരം പുലർത്തുന്നതും അല്ല എന്ന് ദേശീയ നയത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

**9.5 (a) :** ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ സംസ്ഥാന, ജില്ലാ, തലങ്ങളിൽ പ്രത്യേക നടപടികൾ എടുക്കണമെന്നും ദേശീയ ആദിവാസി നയം അനുശാസിക്കുന്നു.

**9;5 (b) :** ആദിവാസി മേഖലകളിലെ സ്കൂളുകളിലെ അധ്യാപകരിൽ ഭൂരിഭാഗവും ആദിവാസികൾ അല്ലാത്തവരാണ്. ഇവർ ആദിവാസി ഭാഷയേയും, സംസ്കാരത്തേയും, സാമൂഹ്യ ആചാരങ്ങളേയും വളരെ മോശമായി കാണുകയും ചിത്രീകരിക്കുകയും ചെയ്യുന്നു.

അദ്ധ്യാപകരുടെ ഈ മനോഭാവം ആദിവാസി കുട്ടികളെ മാനസികമായി തളർത്തുകയും അവരെ നിഷേധാത്മകമായി സ്വാധീനിക്കുകയും ചെയ്യുന്നു. ഇതും കുട്ടികളുടെ കൊഴിഞ്ഞു പോക്കിന് ഒരു പ്രധാന കാരണമായി ഈ നയം കാണുന്നുണ്ട്.

ഈ പ്രശ്നത്തിന് പരിഹാരമായി ദേശീയ നയം നിർദ്ദേശിക്കുന്നത്/ ആദിവാസികളോടുള്ള മനോഭാവത്തിലും , ബോധന രീതിയിലും മാറ്റമുണ്ടാകണമെന്നാണ് .

അധ്യാപകൻ പഠിപ്പിക്കുന്ന പാഠങ്ങൾ ശരിക്കും മനസിലാക്കി ഉൾക്കൊള്ളാൻ ആദിവാസികളെ അവരുടെ മാതൃഭാഷയിൽ പഠിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഈ ബോധനരീതി കുറഞ്ഞ പക്ഷം ഒന്നാം ക്ലാസ്സ് തൊട്ട് മൂന്നാം ക്ലാസ്സ് വരെയെങ്കിലും നടപ്പിലാക്കണം.

ഇതിന് സഹായകരമാകുന്ന പാഠപുസ്തകങ്ങൾ ആദിവാസി

ഭാഷയിൽ തയ്യാറാക്കണമെന്നും അതിൽ ആദിവാസി നേതാക്കളെയും, ജനതകളേയും അവരുടെ സ്വാതന്ത്ര്യസമര ങ്ങളേയും, മറ്റുമേഖലകളിലുള്ള അവരുടെ സംഭാവനകളേയും ഉൾപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്. 11-ാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ ഇത് നടപ്പാക്കിയിരിക്കണം എന്നാണ് ദേശീയ ആദിവാസി നയത്തിൽ പറഞ്ഞിരിക്കുന്നത്.

ഗ്രൂപ്പ് ചർച്ചയ്ക്ക്

1. ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപനത്തിന്റെയും ദേശീയ ആദിവാസി നയത്തിന്റെയും പശ്ചാത്തലത്തിൽ നമ്മുടെ സ്കൂൾ വാർഷികങ്ങളിലും യുവജനോത്സവ പരിപാടികളിലും ആദിവാസി ഭാഷ, സാഹിത്യം, കലാരൂപങ്ങൾ ഉൾപ്പെടുത്താറുണ്ടോ എന്ന് പരിശോധിക്കുക. ഇല്ലെങ്കിൽ ആദിവാസികളുടെ അവകാശ നിഷേധമല്ലേ ഇവിടെ സംഭവിക്കുന്നത്.

2. നമ്മുടെ സ്കൂളുകളിൽ ആദിവാസി വിദ്യാർത്ഥികൾക്ക് അധ്യാപകരിൽ നിന്നും മറ്റു വിദ്യാർത്ഥികളിൽ നിന്നും അവർ അർഹിക്കുന്ന വൈകാരിക പിന്തുണ ലഭിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ആദിവാസി സൗഹൃദ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുവാൻ നിലവിലുള്ള സ്കൂൾ സംവിധാനങ്ങൾക്ക് എന്ത് ചെയ്യുവാൻ സാധിക്കും?

3. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആദിവാസികുട്ടികൾക്ക് അവരുടെ കലാ-കായിക, ബൗദ്ധിക, കഴിവുകൾ വികസിപ്പിക്കുവാൻ മതിയായ അവസരം ലഭ്യമാകുന്നുണ്ടോ?





## ശിൽപശാലയിൽ പങ്കെടുത്തവർ

1. **ശ്രീ. പി. സുരേഷ്** (സീനിയർ ലക്ചറർ, ഡയറ്റ് വയനാട്)
2. **ശ്രീമതി ബീന പി.** (വി.എൽ.പി. സ്കൂൾ, പുതുശ്ശേരിക്കടവ്)
3. **ശ്രീമതി സുമ വി. എസ്.** (ഗവ. ഹൈസ്കൂൾ, മീനങ്ങാടി)
4. **ശ്രീ. കെ. പത്മനാഭൻ** (എൻ.പി.എ.എൽ.പി.എസ്., വടക്കനാട്)
5. **ശ്രീ. നാരായണൻ സി.** (പുതുവീട് കോളനി, വള്ളുവാടി)
6. **ശ്രീ. രാധാകൃഷ്ണൻ എസ്.** (ഗവ.എൽ.പി.എസ്. ചെട്ടിയാലത്തൂർ)
7. **ശ്രീ. പ്രേംകുമാർ എം. കെ.** (മണൽക്കുഴി വീട്, മഞ്ഞൂറ)
8. **ഫാ. ബേബിചാലിൽ എസ്.ജെ.** (തുടി, ഏച്ചോം)
9. **ശ്രീ. റോബിൻ വർഗീസ്** (തുരുത്തേൽ വീട്, കമ്പളക്കാട്)
10. **ശ്രീ. അപ്പു ടി. എൻ.** (നെല്ലിക്കൽ, ഏച്ചോം)
11. **ശ്രീ. മധു. ടി.** (നെല്ലിക്കൽ, ഏച്ചോം)
12. **ശ്രീ. ഷിജു എൻ.** (നെല്ലിക്കൽ, ഏച്ചോം)
13. **ശ്രീമതി സിന്ധു എം.** (മലങ്കര കോളനി, ഏച്ചോം)
14. **ശ്രീ. ഷിജു എൻ.** (നെല്ലിക്കൽ, ഏച്ചോം)
15. **ശ്രീ. സന്തോഷ് എം. എം.** (കനവ് നടവയൽ)
16. **ശ്രീമതി മിനി എം. ആർ.** (കനവ് നടവയൽ)
17. **ശ്രീ. മംഗ്ളു ശ്രീധർ** (കനവ് നടവയൽ)
18. **ശ്രീ. സുരേഷ് ബൊമ്മൻ** (കനവ് നടവയൽ)
19. **ശ്രീ. കൃഷ്ണൻ എം. ആർ.** (ജി.എൽ.പി.എസ്. നെടുമ്പാല)
20. **ശ്രീ. ജോൺ മാത്യു കെ.** (ജി.എച്ച്.എസ്. മാനന്തവാടി)
21. **ശ്രീ. കെ. കെ. നാരായണൻകുട്ടി** (സെന്റ്. ജോർജ്ജ് യു.പി.എസ്., പുൽപ്പള്ളി)